# ജില്ലാ പഞ്ചായത്ത്
# എറണാകുളം

ISO 9001:2015 അംഗീകൃത കാര്യാലയം

# പൗരാവകാശ രേഖ 2022

## ജില്ലാ പഞ്ചായത്തുകളുടെ അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും

1. പഞ്ചായത്ത് രാജ് ആക്റ്റിലെ അഞ്ചാം പട്ടികയിൽ ഇനം തിരിച്ചു തിരിച്ചു പറഞ്ഞിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് ജില്ലാ പഞ്ചായത്ത് പ്രദേശത്തിന്റെ ആവശ്യങ്ങൾ നിറവേറ്റേണ്ടത് ജില്ലാ പഞ്ചായത്തിന്റെ കർത്തവ്യമായിരിക്കുന്നതാണ്.
2. ആക്റ്റിലെ മറ്റു വ്യവസ്ഥകൾക്കും സർക്കാരിന്റെ നിർദ്ദേശങ്ങൾക്കും വിധേയമായി, അഞ്ചാം പട്ടികയിൽ ഇനം തിരിച്ചു പറഞ്ഞിരിക്കുന്ന കാര്യങ്ങൾ പരിപാലനത്തിനും അതിൽ പറയുന്ന വിഷയങ്ങളെ സംബന്ധിച്ച് സാമ്പത്തിക വികസനത്തിനും സാമൂഹ്യ നീതിക്കും വേണ്ടിയുള്ള പദ്ധതികൾ തയ്യാറാക്കുന്നതനും നടപ്പാക്കുന്നതിനും ജില്ലാ പഞ്ചായത്തുകൾക്ക് പരിപൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.
3. സർക്കാർ, വിഭവങ്ങളും ലഭ്യതയ്ക്കു വിധേയമായി, ജില്ലാ പഞ്ചായത്തുകൾക്ക് അവരുടെ ചുമതലകൾ നിർവഹിക്കുവാൻ പ്രാപ്തമാക്കുന്നതിന് ആവശ്യമായ സാമ്പത്തികവും സാങ്കേതികവും മറ്റു തരത്തിലുള്ളതുമായ സഹായം നല്കേണ്ടതാണ്.
4. അഞ്ചാം പട്ടികയിൽ ഇനം തിരിച്ചു പറഞ്ഞിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് സർക്കാർ അനുവദിച്ചിട്ടുള്ള എല്ലാ സഹായക ഗ്രാന്റുകളും ബന്ധപ്പെട്ട ജില്ലാ പഞ്ചായത്തുകൾ വഴി വിതരണം ചെയ്യേണ്ടതാണ്.
5. സർക്കാർ, ആക്റ്റിന്റെ പ്രാരംഭത്തിനു ശേഷം കഴിയുന്നതും വേഗം, അഞ്ചാം പട്ടികയിൽ പരാമർശിച്ചിരിക്കുന്ന കാര്യങ്ങളുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ, പദ്ധതികൾ, കെട്ടിടങ്ങൾ മറ്റു വസ്തുവകകളും സ്വത്തുകളും ബാദ്ധ്യതകളും എല്ലാ തന്നെ ജില്ലാ പഞ്ചായത്തുകളിലേയ്ക്ക് കൈമാറ്റം ചെയ്യേണ്ടതും അപ്രകാരം കൈമാറുന്ന ഓരോ സ്ഥാപനവും ആ പഞ്ചായത്തിന്റെ പേരിലുള്ള സ്ഥാപനമായിരിക്കുന്നതും ആ പേരിനാൽ അത് അറിയപ്പെടുന്നതുമാണ്.
6. ജില്ലാ പഞ്ചായത്ത്, അതിനു കൈമാറുന്ന സ്ഥാപനങ്ങളും പദ്ധതികളും സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കും സാങ്കേതിക സഹായങ്ങൾക്കും വിധേയമായും സംസ്ഥാന ദേശീയ നയങ്ങൾക്കനുസരണമായും ഭരണം നടത്തേണ്ടതാണ്.
7. ജില്ലാ പഞ്ചായത്തിന് കൈമാറുന്ന വസ്തുവകകൾ വിൽക്കാനോ കൈമാറ്റം ചെയ്യാനോ അന്യാധീനപ്പെടുത്താനോ കടപ്പെടുത്താനോ അതിന് അധികാരമുണ്ടായിരിക്കുന്നതല്ല.

# കേരളപഞ്ചായത്ത് രാജ് ആക്റ്റ് 1994

## ജില്ലാ പഞ്ചായത്തുകളുടെ ചുമതലകൾ

**എ) പൊതുവായ ചുമതലകൾ**

1. സർക്കാർ –സർക്കാരിതര സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമാകുന്ന സാങ്കേതിക വൈദഗ്ദ്ധ്യം സമാഹരിക്കുക.

2. ബ്ളോക്ക് പഞ്ചായത്തുകൾക്കും ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും സാങ്കേതിക സഹായം നൽകുക.

ആവർത്തനം ഒഴിവാക്കുന്നതിനായി ഗ്രാമപഞ്ചായത്തുകളുടേയും ബ്ളോക്ക് പഞ്ചായത്തുകളുടേയും പദ്ധതികൾ കണക്കിലെടുത്ത ശേഷം പദ്ധതികൾ തയ്യാറാക്കുകയും ഫൊർവേഡ് ലിങ്കേജ് നൽകുകയും ചെയ്യുക.

**ബി) മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ**

### I. കൃഷി

1. മേഖലാ കൃഷിയിടങ്ങളും ഗവേഷണ കേന്ദ്രങ്ങളും ഒഴികെയുള്ള കൃഷിയിടങ്ങൾ നടത്തുക.
2. ഒന്നിലധികം ബ്ളോക്ക് പഞ്ചായത്ത് പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന നീർമറികളിൽ സംയോജിത നീർമറികൾ നടത്തുക
3. കാർഷിക നിർദ്ദേശങ്ങൾക്ക് വ്യവസ്ഥ ചെയ്യുക.
4. മണ്ണ് പരിശോധിക്കുക
5. കീടങ്ങളെ നിയന്ത്രിക്കുക
6. കാർഷികോല്പന്നങ്ങളുടെ വിപണനം നടത്തുക
7. അലങ്കാര ചെടികൾ കൃഷി ചെയ്യുക
8. കാർഷിക സഹകരണം വളർത്തുക
9. വാണിജ്യ വികളെ വികസിപ്പിക്കുക
10. ബയോടെക്നോളജി പ്രയോഗിക്കുക
11. പുതുമയുള്ള ഫീൽഡ് ട്രയലുകളും പൈലറ്റ് പ്രോജക്റ്റുകളും പ്രചരിപ്പിക്കുക
12. തദ്ദേശീയമായി ആവശ്യമായ ഗവേഷണവും വികസനവും നടത്തുക

### II. മൃഗസംരക്ഷണവും ക്ഷീരോൽപാദനവും

1. ജില്ലാതല മൃഗാശുപത്രികളും പരീക്ഷണശാലകളും നടത്തുക
2. ക്ഷീരവികസന യൂണിറ്റുകൾ നടത്തുക
3. ക്ഷീരോല്പാദക സഹകരണ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുക.
4. റീജിയണൽ ഫാമുകളല്ലാത്ത ഫാമുകളും ബ്രീഡിങ്ങ് ഫാമുകളും ഗവേഷണ കേന്ദ്രങ്ങളും നടത്തുക

5. ജില്ലാതല പരിശീലനം നടപ്പാക്കുക.
6. രോഗ പ്രതിരോധ പരിപാടികൾ നടപ്പാക്കുക.
7. ഫീൽഡ് ട്രയലുകളുടേയും പൈലറ്റ് പദ്ധതികളുടേയും നൂതന മാർഗ്ഗങ്ങൾ പ്രചരിപ്പിക്കുക.
8. പ്രാദേശിക പ്രസക്തിയുള്ള ഗവേഷണവും വികസനവും

## III. ചെറുകിട ജലസേചനം

1. ഭൂഗർഭ ജലസ്രോതസ്സുകൾ വികസിപ്പിക്കുക
2. ഒന്നിലധികം ബ്ളോക്ക് പഞ്ചായത്തുകളെ ഉൾപ്പെടുത്തിയുള്ള ചെറുകിട ജലശേചന പദ്ധതികൾ നിർമ്മിക്കുകയും സംരക്ഷിക്കുകയും ചെയ്യുക.
3. കമാന്റ് ഏരിയ വികസിപ്പിക്കുക.

## IV. മത്സ്യബന്ധനം

1. മത്സ്യവിപണനത്തിനുള്ള സംവിധാനങ്ങൾ ഉണ്ടാക്കുക
2. മത്സ്യകൃഷി വികസന ഏജൻസികൾ നിയന്ത്രിക്കുക
3. ജില്ലാതല മീൻവളർത്തൽ കേന്ദ്രങ്ങൾ വല നിർമ്മാണ യൂണിറ്റുകൾ, മത്സ്യ വിപണന കേന്ദ്രങ്ങൾ, തീറ്റമില്ലുകൾ, ഐസ് പ്ളാന്റുകൾ, ശീതീകരണികൾ ഇവ നിയന്ത്രിക്കുക.
4. ഫിഷറീസ് സ്കൂളുകൾ നിയന്ത്രിക്കുക
5. നൂതന സാങ്കേതിക വിദ്യകൾ ഏർപ്പെടുത്തുക
6. മത്സ്യത്തൊഴിലാളികൾക്കാവശ്യമായ സാമഗ്രികൾ നൽകുക
7. മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ പ്രോത്സാഹിപ്പിക്കുക

## V. ചെറുകിട വ്യവസായങ്ങൾ

1. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ നിയന്ത്രിക്കുക
2. ചെറുകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക
3. ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുക
4. ഉൽപന്നങ്ങൾ വിറ്റഴിക്കുവാനായി പ്രദർശനങ്ങൾ സംഘടിപ്പിക്കുക
5. വ്യവസായ സംരംഭ വികസന പരിപാടികൾ നടത്തുക
6. ഉൽപ്പന്നങ്ങളുടെ വിപണനം നടത്തുക
7. പരിശീലനം നൽകുക
8. ഇൻപുട്ട് സർവീസ് കോമൺ ഫെസിലിറ്റി സെന്ററുകളും ഉണ്ടാക്കുക
9. വ്യവസായ വികസന വായ്പാ പദ്ധതികൾ നടപ്പാക്കുക

## VI. ഭവന നിർമ്മാണം

1. കെട്ടിട സമുച്ചയവും അടിസ്ഥാന സൗകര്യ വികസനവും നടപ്പാക്കുക

2. ഭവന നിർമ്മാണത്തിനുള്ള പണം സ്വരൂപിക്കുക

## VII. ജലവിതരണം

1. ഒന്നിലധികം ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ ജലവിതരണ പദ്ധതികൾ നടപ്പാക്കുക
2. ഒന്നിലധികം ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടുന്ന പ്രദേശങ്ങളിലെ ജലവിതരണ പദ്ധതികൾ ഏറ്റെടുക്കുക

## VIII. വിദ്യുച്ഛക്തിയും ഊർജ്ജവും

1. മൈക്രോ – ഹൈഡൽ പദ്ധതികൾ ഏറ്റെടുക്കുക
2. വിദ്യുച്ഛക്തി വികസനത്തിനായി മുൻഗണന നൽകേണ്ട സ്ഥലങ്ങൾ തീരുമാനിക്കുക

## IX. വിദ്യാഭ്യാസം

1. സർക്കാർ ഹൈസ്കൂളുകളുടെ നടത്തിപ്പ് (ഹൈസ്കൂളുകളോടൊപ്പമുള്ള ലോവർ പ്രൈമറി, അപ്പർ പ്രൈമറി വിഭാഗങ്ങൾ ഉൾപ്പെടെ)
2. സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളുടെ നടത്തിപ്പ്
3. സർക്കാർ സാങ്കേതിക സ്കൂളുകളുടെ നടത്തിപ്പ്
4. സർക്കാർ തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങളുടേയും പോളി ടെക്നിക്കുകളുടേയും നടത്തിപ്പ്
5. സർക്കാർ തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി സ്കൂളുകളുടെ നടത്തിപ്പ്
6. വിദ്യാഭ്യാസത്തിനും പരിശീലനത്തിനുമുള്ള ജില്ലാ ഇൻസ്റ്റിറ്റ്യൂട്ടുകളുടെ നടത്തിപ്പ്
7. വിദ്യാഭ്യാസം സംബന്ധിച്ച കേന്ദ്ര–സംസ്ഥാന സ്പോൺസേർഡ് പരിപാടികളെ ഏകോപിപ്പിക്കുക

## X. പൊതുമരാമത്ത്

1. മേജർ ജില്ലാ റോഡുകൾ ഒഴികെയുള്ള ജില്ലാ പഞ്ചായത്തിൽ നിക്ഷിപ്തമായ എല്ലാ റോഡുകളും നിർമ്മിക്കുകയും സംരക്ഷിക്കുകയും ചെയ്യുക
2. കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങൾക്കായി കെട്ടിടങ്ങൾ നിർമ്മിക്കുക.

## XI. പൊതുജനാരോഗ്യവും ശുചീകരണവും

1. എല്ലാ ചികിത്സാ സമ്പ്രദായങ്ങളിലുമുള്ള ജില്ലാ ആശുപത്രികൾ നിയന്ത്രിക്കുക
2. പ്രത്യേക വിഭാഗത്തിൽപ്പെട്ട വികലാംഗരുടേയും മാനസിക രോഗികളുടേയും സംരക്ഷണത്തിനായി കേന്ദ്രങ്ങൾ സ്ഥാപിക്കുക
3. കേന്ദ്ര–സംസ്ഥാന സ്പോൺസേർഡ് പരിപാടികളെ ജില്ലാതലത്തിൽ ഏകോപിപ്പിക്കുക

## XII. സാമൂഹ്യ ക്ഷേമം

1. അനാഥാലയങ്ങൾക്ക് ഗ്രാന്റുകൾ നൽകുക

2. വികലാംഗർ, അഗതികൾ മുതലായവർക്കായി ക്ഷേമകേന്ദ്രങ്ങൾ സ്ഥാപിക്കുക.

### XIII. ദാരിദ്ര്യ നിർമ്മാർജ്ജനം

1. സ്വയംതൊഴിൽ പരിപാടികൾക്കായി അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക

### XIV. പട്ടികജാതി–പട്ടികവർഗ്ഗ വികസനം

1. പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ നടത്തിപ്പ്
2. പട്ടികജാതി–പട്ടികവർഗ്ഗങ്ങൾക്കായുള്ള തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങളുടെ നിയന്ത്രണം

### XV. കായിക വിനോദവും സാസ്കാരിക കാര്യങ്ങളും

1. സ്റ്റേഡിയങ്ങൾ നിർമ്മിക്കുക

### XVI. സഹകരണം

1. ജില്ലാ പഞ്ചായത്തതിർത്തിക്കുള്ളിൽ സഹകരണ സംഘങ്ങൾ സംഘടിപ്പിക്കുക
2. സഹകരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക

## പൊതുവിവരങ്ങൾ

എറണാകുളം ജില്ലയിൽ കാക്കനാട് സിവിൽസ്റ്റേഷന് എതിർവശത്തായി സ്ഥിതി ചെയ്യുന്ന മഹാബലി ചക്രവർത്തിയുടെ രാജധാനി എന്നറിയപ്പെടുന്ന മൂന്നു നില കെട്ടിടത്തിൽ ജില്ലാ പഞ്ചായത്ത് പ്രവർത്തിക്കുന്നു. താഴത്തെ നിലയിൽ ഓഫീസ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ഫിനാൻസ് ഓഫീസർ എന്നിവരുടെ മുറികളും പ്രവർത്തിക്കുന്നു. രണ്ടാം നിലയിൽ ലീഡേഴ്സ് ചേമ്പറും വിവിധ സ്ഥിരംസമിതി ചെയർമാൻമാർ എന്നിവരുടെ മുറികളും കൗൺസിൽ ഹാളും റെക്കോർഡ് റൂമും പ്രവർത്തിക്കുന്നു. മൂന്നാമത്തെ നിലയിൽ എൽഎസ്ജിഡി ഡിവിഷൻ എക്സി.എഞ്ചിനീയറുടെ ഓഫീസും ലോക്കൽ ഫണ്ട് ഓഡിറ്റ് ഓഫീസും ശീതീകരിച്ച ഇഎംഎസ് ഹാളും പ്രവർത്തിക്കുന്നു. നാലാമത്തെ നിലയിൽ കെ.കരുണാകരൻ മെമ്മോറിയൽ പൊളിറ്റിക്കൽ റിസർച്ച് സ്റ്റഡി സെന്റർ ആന്റ് ലൈബ്രറി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുന്നു. കൂടാതെ ജില്ലാ പഞ്ചായത്ത് അങ്കണത്തിൽ തന്നെ 300 പേർക്ക് ഇരിക്കാവുന്ന ജില്ലാ പഞ്ചായത്ത് പ്രിയദർശിനി ഹാൾ പ്രവർത്തിക്കുന്നു. ഹാളിനോട് ചേർന്ന് തന്നെ ജില്ലാ പഞ്ചായത്ത് ജീവനക്കാർക്കും മെമ്പർമാർക്കും പൊതുജനങ്ങൾക്കും മിതമായ നിരക്കിൽ ഭക്ഷണം ലഭ്യമാകുന്ന പേൾ സ്പോട്ട് എന്ന പേരിൽ കാന്റീനും പ്രവർത്തിക്കുന്നു.

### ആഫീസ് സംവിധാനം

| | | |
|---|---|---|
| സെക്രട്ടറി | – | 1 |
| ഫിനാൻസ് ആഫീസർ | – | 1 |
| സീനിയർ സൂപ്രണ്ട് | – | 1 |
| സീനിയർ സൂപ്രണ്ട് (പുനർവിന്യാസം) | – | 1 |
| ജൂനിയർ സൂപ്രണ്ട് | – | 2 |
| ഹെഡ് ക്ളാർക്ക് | – | 1 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | – | 1 |
| സീനിയർ ക്ളാർക്ക് | – | 7 |
| സീനിയർ ക്ളാർക്ക്(പുനർവിന്യാസം) | – | 6 |
| ടൈപ്പിസ്റ്റ് | – | 2 |
| ഓഫീസ് അറ്റന്റന്റ് | – | 2 |
| ഓഫീസ് അറ്റന്റന്റ് (പുനർവിന്യാസം) | – | 1 |
| ഡ്രൈവർ | – | 4 |
| ഡ്രൈവർ പുനർവിന്യാസം | – | 1 |
| പാർട്ട് ടൈം സ്വീപ്പർ | – | 1 |

# മറ്റ് അനുബന്ധ ആഫീസുകൾ

## പൊതുമരാമത്ത് എൽ എസ് ജിഡി വിഭാഗം ആഫീസ്

എറണാകുളം ജില്ലാ പഞ്ചായത്തിനു കിഴിൽ വരുന്ന 14 ബ്ളോക്ക് പഞ്ചായത്തുകളുടേയും ഗ്രാമപഞ്ചായത്തുകളുടേയും എഞ്ചിനീയറിങ്ങ് സംബന്ധമായ ജോലികൾ നിർവഹിക്കുന്ന ഉദ്യോഗസ്ഥരുടെ പൂർണ്ണ മേലധികാരിയാണ് ജില്ലാ പഞ്ചായത്ത് ഡിവിഷൻ ഓഫീസിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ.

എക്സി.എഞ്ചിനീയറുടെ ഓഫീസിൽ നിന്നാണ് ജില്ലാ പഞ്ചായത്തിൽ പൊതുമരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട നിർവഹണം നടത്തുന്നത്. ജില്ലാ പഞ്ചായത്ത് പ്രവൃത്തികൾ കൂടാതെ MLA ADS, MP. NABARD – RIDF 15 ലക്ഷത്തിനു മുകളിൽ എസ്റ്റിമേറ്റ് തുക വരുന്ന ഗ്രാമബ്ളോക്ക് പഞ്ചായത്തിലെ പദ്ധതികൾക്കും സാങ്കേതികാനുമതി ഈ ഓഫീസിൽ നിന്നാണ് നൽകുന്നത്. ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കി നൽകുന്ന ജില്ലാ പഞ്ചായത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് വിശദമായ പരിശോധനയ്ക്കു ശേഷം സാങ്കേതികാനുമതി നൽകുകയും ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് ബിൽ തുക കരാറുകാരന് നൽകുന്നതുൾപ്പെടെയുള്ള നടപടിക്രമങ്ങൾ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസുമായി ബന്ധപ്പെട്ടതാണ്.

പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് പൊതുജനങ്ങളുടെ പരാതികൾ, വിവരാവകാശങ്ങൾ ഉൾപ്പെടെയുള്ള കത്തിടപാടുകൾ എന്നിവയും ജില്ലാ പഞ്ചായത്തിന് കീഴിൽ വരുന്ന സ്കൂളുകൾ, ആശുപത്രികൾ തുടങ്ങിയ സ്ഥാപനങ്ങളുടെ മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് ഈ ഓഫീസിൽ നിന്നാണ്.

.......................................

## ജില്ലാ ആശുപത്രി ആലുവ

എറണാകുളം ജില്ലാ പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന ജില്ലാ ആശുപത്രി ആലുവ നഗരഭാഗത്ത് റെയിൽവേസ്റ്റേഷന്റെയും കെ എസ് ആർ ടി സി ബസ്സ്റ്റാന്റിന്റെയും തൊട്ടടുത്തായി ദേശീയ പാത എൻ എച്ച് 47 നു സമീപത്തായി 6 ഏക്കർ 75 സെന്റ് ഭൂമിയിൽ ഏകദേശം 50000 സ്ക്വയർഫീറ്റിൽ പ്രധാന ബ്ലോക്കുകളും 8 ചെറിയ കെട്ടിടങ്ങളളോടും കൂടി സ്ഥിതി ചെയ്യുന്നു.

കാഷ്വാലിറ്റി പ്രവർത്തിക്കുന്ന സെന്റിനറി ബ്ളോക്ക് (ശതാബ്ദി കെട്ടിടം) ആണ് ആശുപത്രിയിലെ പ്രധാന കെട്ടിടം. ഈ കെട്ടിടത്തിൽ കാഷ്വാലിറ്റി, സൂപ്രണ്ട് ഓഫീസ്, നഴ്സിംഗ് സൂപ്രണ്ട്, ആർ എം ഒ, ഇ സി ജി, ഒബ്സർവേഷൻ റൂം, സാന്ത്വന പരിചരണ വിഭാഗം തുടങ്ങിയ താഴത്തെ നിലയിലും ഹീമോഫീലിയ സെന്റർ, ചൈൽഡ് ഡവലപ്പ്മെന്റ് ക്ളിനിക്ക്, സ്പോർട്സ് മെഡിസിൻ വിഭാഗം, തുടങ്ങിയവ മുകളിലെ നിലയിലും പ്രവർത്തിക്കുന്നു. ഇതിന്റെ മൂന്നാം നിലയിലായി 4 ഓപ്പറേഷൻ തീയറ്ററുകളുള്ള ഓപ്പറേഷൻ തീയറ്റർ കോംപ്ലക്സും ശസ്ത്രക്രിയാനന്തര ഐസിയു–വും പ്രവർത്തിക്കുന്നു. തൊട്ടുപുറകിലുള്ള ബ്ലോക്ക് കോവിഡ് ചികിത്സയ്ക്കായി മാത്രം മാറ്റി വച്ചിരിക്കുന്നു. ഈ ബ്ലോക്കിന്റെ താഴത്തെ നിലയിൽ 5 ഇന്റൻസീവ് കെയർ യൂണിറ്റുകൾ, കോവിഡ് പോസിറ്റീവ് രോഗികൾക്ക് ഡയാലിസിസ് ചെയ്യാനായി ഒരു ഡയാലിസിസ് യൂണിറ്റ് എന്നിവ പ്രവർത്തി ക്കുന്നു. മുകളിലത്തെ നിലയിൽ 50 ഓക്സിജൻ ബെഡുകൾ, കോവിഡ് പോസിറ്റീവ് രോഗികൾക്ക് അടിയന്തിര ശസ്ത്രക്രിയ ചെയ്യുന്നതിനായി ഒരു മേജർ ഓപ്പറേഷൻ തീയറ്റർ, ഒരു മൈനർ ഓപ്പറേഷൻ തീയറ്റർ, ലേബർറൂം എന്നി വയും സജ്ജീകരിച്ചിട്ടുണ്ട്. എറണാകുളം ജില്ലാ യിലെ ജില്ലാ കോവിഡ് ട്രീറ്റ്മെന്റ് സെന്റർ ഇവിടെ പ്രവർത്തിച്ചു വരുന്നു. പുതുതായി നിർമ്മിച്ച ഒ പി കെട്ടിടത്തിൽ എല്ലാ ഒപി വിഭാഗങ്ങളും, ലാബ്, ഫാർമസി, രജിസ്ട്രേഷൻ എന്നിവയും പ്രവർത്തിക്കുന്നു.

**<u>ലഭിക്കുന്ന സേവനങ്ങൾ</u>**

1. കാഷ്വാലിറ്റി
2. അഡ്മിറ്റ് ചെയ്തുള്ള ചികിത്സ( ഐ പി)
3. പുറംരോഗികൾക്കുള്ള ചികിത്സ (ഒ പി)
4. പാരാമെഡിക്കൽ സർവ്വീസ് (എക്സറേ–റേ, മാമോഗ്രാഫി, സി.ടി സ്കാൻ, ലാബ്, ബ്ലഡ്ബാങ്ക്, ഫാർമസി, പ്രതിരോധ കുത്തിവയ്പ്പ്
5. കോവിഡ് പരിശോധനയും ചികിത്സയും

## പ്രത്യേക സേവനങ്ങൾ

ദേശീയ ആരോഗ്യപരിപാടികളായ പ്രസവാനന്തരസേവനം(പി.പി യൂണിറ്റ്),പ്രതിരോധ കുത്തിവയ്പുകൾ,ക്ഷയരോഗനിയന്ത്രണ പരിപാടി(ആർ.എൻ.ടി.സി.പി),കുഷ്ഠരോഗ നിവാരണ പരിപാടി (എൻ.എൽ.ഇ.പി) തിമിര ശസ്ത്രക്രിയ വിഭാഗം എയ്ഡ്സ് രോഗ നിയന്ത്രണ പരിപാടികളായ ഐ.സി.ടി.സി മുതലായവ ദേശീയ ആരോഗ്യദൗത്യത്തിന്റെ (നാഷണൽ ഹെൽത്ത് മിഷൻ) പദ്ധതികളായ ജനനി സുരക്ഷ കാര്യക്രമം, നവജാത ശിശു സുരക്ഷ കാര്യക്രമം രാഷ്ട്രീയ ബാല സ്വാസ്ഥ്യകാര്യക്രമം, ജനനി സുരക്ഷ യോജന ജീവിത ശൈലി രോഗനിയന്ത്രണ പരിപാടി, ,സ്കൂൾ ഹെൽത്ത് പദ്ധതി, വാർഡ് തല ശുചിത്വസമിതികളുടെ പ്രവർത്തനം തുടങ്ങിയ പദ്ധതികളും നടന്നുവരുന്നു. ഗവൺമെൻറ് മേഖലയിൽ ദേശീയ അംഗീകാരമായ എൻ എബി എച്ച് അംഗീകാരം നേടിയ ആദ്യത്തെ ബ്ളഡ് ബാങ്ക് ആശുപത്രിയിൽ പ്രവർത്തിച്ചു വരുന്നു. ഗവൺമെൻറ് മേഖലയിൽ ആദ്യമായി പ്രവർത്തനം ആരംഭിച്ച ഡയാലിസിസ് സെന്ററും ഈ ആശുപത്രിയിൽ വിജയകരമായി പ്രവർത്തിച്ചുവരുന്നു. എറണാകുളം ജില്ലാ പഞ്ചായത്തിന്റെയും ദേശീയ ആരോഗ്യദൗത്യത്തിന്റെയും സംയുക്താടിസ്ഥാനത്തിൽ സംസ്ഥാനത്തെ ആദ്യത്തെ ഹീമോഫീലിയ സെന്ററും ഇവിടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

## അത്യാഹിത വിഭാഗം(കാഷ്വാലിറ്റി)

### 24 മണിക്കൂർ സേവനം

എല്ലാവിധ അത്യാഹിതങ്ങളും അടിയന്തിര രോഗഘട്ടങ്ങളും കൈകാര്യം ചെയ്യുന്നു. മുഴുവൻ സമയവും കാഷ്വാലിറ്റി മെഡിക്കൽ ഓഫീസറുടെയും ഡ്യൂട്ടി മെഡിക്കൽ ഓഫീസറുടെയും സേവനം ലഭ്യമാണ്. 24 മണിക്കൂറും പ്രവർത്തിക്കുന്ന ഇ.സി.ജി മെഷീൻ സൗകര്യം ലഭ്യമാണ്. ലേബർ റൂമിനോട് ചേർന്ന് ഒരു എമർജൻസി ഓപ്പറേഷൻ തീയറ്ററും നിർമ്മിച്ചിട്ടുണ്ട്.

## ഔട്ട്പേഷ്യന്റ് വിഭാഗം

പ്രവർത്തന സമയം : ജനറൽ ഒ പി – രാവിലെ 8മണി മുതൽ 1 മണി വരെ

ജനറൽ

മെഡിക്കൽ/ സർജിക്കൽ

ഗൈനക്കോളജി

ഓർതോപീഡിക് ( എല്ല് രോഗ ചികിത്സ)

ഇ എൻടി

ഡെന്റൽ (ദന്തരോഗ വിഭാഗം)

പീഡിയാട്രിക് (ശിശു രോഗ ചികിത്സ)

ഒഫ്താൽമോളജി (നേത്ര രോഗ ചികിത്സ)

ഡെർമറ്റോളജി (ത്വക്ക് രോഗ ചികിത്സ)

സൈക്യാട്രി (മാനസിക രോഗ ചികിത്സ)

ക്ളീനിംഗ് ആന്റ് ഡ്രസ്സിംഗ്, ഇൻജക്ഷൻ, പ്ലാസ്റ്ററിംഗ് എന്നിവയ്ക്ക് പ്രത്യേകം റൂമുകൾ സജ്ജമാണ്.

ഇൻപേഷ്യന്റ് വിഭാഗം (ഐ പി)

| വാർഡുകൾ | കിടക്കകളുടെ എണ്ണം |
|---|---|
| മെയിൽ & ഫീമെയിൽ മെഡിക്കൽ വാർഡ് | 16 |
| മെയിൽ & ഫീമെയിൽ സർജിക്കൽ വാർഡ് | 16 |
| ചിൽഡ്രൻ വാർഡ് &എൻബി എസ് യു | 14 |
| സ്പെഷൽ വാർഡ്/ജനറൽ വാർഡ് | 8 |
| പ്രസവ വാർഡ് | 25 |
| കുടുംബാസൂത്രണ വാർഡ് | 19 |
| പേ വാർഡ് കെഎച്ച്ആർഡ ബ്ല്യൂ എസ് | 9 |
| എച്ച്എംസി പേ വാർഡ് | 10 |

| | |
|---|---|
| പോസ്റ്റ് സർജിക്കൽ ഐസിയു | 6 |
| ഐസൊലേഷൻ വാർഡ് | 4 |
| കോവിഡ് ബ്ലോക്ക് (ഡി സി ടി സി) | 100 |
| ആകെ | 227 |

പാരാ മെഡിക്കൽ സർവ്വീസ്

ഡിജിറ്റൽ എക്സറേ

പ്രവർത്തന സമയം – രാവിലെ 8 മണി മുതൽ വൈകുന്നേരം 4 മണി വരെ

ബ്ളഡ് ബാങ്ക് – പ്രവർത്തന സമയം 24 മണിക്കൂർ

ആർ എൻ ടി സി പി – ടിബി രോഗികളെ കണ്ടെത്തി അവർക്ക് ചികിത്സയും മരുന്നും സൗജന്യമായി നൽകുന്നു.രോഗം മാറുന്നതു വരെ നേരിട്ടുള്ള മേൽനോട്ടം അവർക്കു ലഭിക്കുന്നു.

ഐസിടിസി(ഇന്റഗ്രേറ്റഡ് കൗൺസലിംഗ് ആന്റ് ടെസ്റ്റിംഗ് സെന്റർ)

എച്ച് ഐ വി ബാധിതരെന്ന് സംശയിക്കുന്നവർക്കായി സ്വകാര്യത കാത്തു സൂക്ഷിക്കുന്ന രക്ത പരിശോധന സൗകര്യവും കൗൺസിലിംഗും നടത്തുന്നു.

ഒ എസ് ടി സെന്റർ (ഓറൽ സബ്സ്റ്റിറ്റ്യൂഷൻ തെറാപ്പി)

വിവിധ തരം ആസക്തികൾക്കെതിരായുള്ള കൗൺസിലിംഗ്

മനോനില ഉയർത്താനുള്ള കൗൺസിലിംഗ്

**പി പി യൂണിറ്റ്**

<u>ജില്ലാ ആശുപത്രിയിലെ പി പി യൂണിറ്റിൽ നിന്നു ലഭിക്കുന്ന സേവനങ്ങൾ</u>

1. രോഗികൾക്കുള്ള പ്രതിരോധകുത്തിവയ്പുകൾ എല്ലാ ബുധൻ/ശനി ദിവസങ്ങളിൽ
2. ജീവിതശൈലി രോഗനിർണ്ണയക്ളിനിക്കുകൾ എല്ലാ വ്യാഴാഴ്ചകളിലും.
3. ഗർഭിണികൾക്കുള്ള ക്ളിനിക്കുകൾ ( അയൺ ഫോളിക് ആസിഡ് ഗുളിക ആസിഡ്ഗുളിക വിതരണം, ടി ടി ഇഞ്ചക്ഷൻ എന്നിവ ) എല്ലാ തിങ്കളാഴ്ചകളിലും
4. കൗമാരപ്രായക്കാർക്കുള്ള ബോധവൽക്കരണ ക്ലാസും കൗൺസലിംഗും

5. ആരോഗ്യ ബോധവൽക്കരണ പരിപാടികൾ
6. നഗരസഭയുമായി സംയോജിച്ച് കൊതുകു നശീകരണ പ്രവർത്തനങ്ങളും പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളും നടത്തുന്നു.
7. കുടുംബാസൂത്രണമാർഗ്ഗങ്ങളായ ട്യൂബക്ടമി ( സ്ത്രീവന്ധ്യംകരണമാർഗ്ഗം) പ്രസവാനന്തര കോപ്പർടി നിക്ഷേപം താൽക്കാലിക മാർഗ്ഗം കോപ്പർ–ടി, ഓറൽ പിൽസ്, നിരോധ് തുടങ്ങിയ സേവനങ്ങൾ
8. പ്രത്യേക സന്ദർഭങ്ങളിൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കൽ
9. സ്ക്കൂൾ വിദ്യാഭ്യാസ പരിപാടികൾ ( കുട്ടികൾക്കുള്ള ബോധവൽക്കരണക്ലാസ്സുകൾ, സെമിനാറുകൾ, കുട്ടികൾക്കുള്ള രോഗപരിശോധന, ടിടി പ്രതിരോധകുത്തിവയ്പ്, ആഴ്ചയിൽ ഒരിക്കൽ കഴിക്കേണ്ട അയൺ ഗുളികയുടെ വിതരണം, റുബെല്ലാ വാക്സിനേഷൻ.
10. അംഗൻവാടികളിലൂടെ കുട്ടികൾക്ക് പ്രതിരോധ കുത്തിവയ്പുകൾ നൽകൽ, അംഗവൈകല്യം വന്നവർക്ക് ഫിസിയോതെറാപ്പി ചെയ്യുന്നതിനുള്ള ഉപദേശങ്ങൾ നൽകുന്നു.

ആരോഗ്യവിദ്യാഭ്യാസ ക്ലാസ്സുകൾ, ഗ്രൂപ്പ് ടോക്ക്, സെമിനാർ, പോസ്റ്റർ, ബാനർ, നോട്ടീസ്, ലഘുരേഖകൾ, മത്സരങ്ങൾ തുടങ്ങിയവയിലൂടെ സമൂഹത്തിൽ കുഷ്ഠരോഗത്തെക്കുറിച്ചുള്ള അജ്ഞതയും രോഗികളോടുള്ള അവജ്ഞയും മാറ്റിയെടുക്കുന്നു.

ആശുപത്രിയിൽ എല്ലാ വ്യാഴാഴ്ചകളിലും പരിശോധനാ ക്ലിനിക്ക് ഉണ്ടായിരിക്കുന്നതാണ്. ശരീരത്തിലെ സ്പർശന ശേഷി ഇല്ലാത്ത നിറങ്ങൾ കൈ കാൽ തരിപ്പ് മരവിപ്പ് എന്നിവ പരിശോധിക്കുന്നു.

| **മറ്റ് പൊതു വിവരങ്ങൾ** | **ഫോൺ നമ്പർ** |
|---|---|
| **കാഷ്വാലിറ്റി** | **0484–2624040** |
| **ഓഫീസ്** | **0484–2629242** |

സന്ദർശന സമയം :

രാവിലെ – 8.30 മുതൽ 11.30 വരെ സന്ദർശന സമയമല്ല.

11.30 മുതൽ ഉച്ചയ്ക്ക് 2 മണി വരെ സന്ദർശനസമയം പാസ് മൂലം.

ഉച്ചയ്ക്ക് – 2 മുതൽ 4 വരെ സന്ദർശന സമയമല്ല.

4 മുതൽ6 വരെ സൗജന്യ സന്ദർശനസമയം.

വൈകിട്ട് – 6 മുതൽ 8 മണി വരെ സന്ദർശനസമയം പാസ് മൂലം

മെഡിക്കൽ ബോർഡ്

എല്ലാ മാസവും ആദ്യത്തെ ചൊവ്വാഴ്ച മെഡിക്കൽ ബോർഡ് നടത്തുന്നതാണ്. വികലാംഗർക്കുള്ള വിവിധ സർട്ടിഫിക്കറ്റുകൾ ഈ ബോർഡ് നൽകുന്നു.

**ആശുപത്രിയിലെ പ്രധാനപ്പെട്ട വിവിധ സേവനങ്ങളുടെ നിരക്കുകൾ**

ഒ.പി. ടിക്കറ്റ് 5 രൂപ

കാഷ്വാലിറ്റി ടിക്കറ്റ് – 10 രൂപ

അഡ്മിഷൻ – 5 രൂപ

**<u>പാർക്കിംഗ് ചാർജ്ജ്</u>**

ഫോർവീലർ – 15 രൂപ

ത്രീവീ ലർ – 10 രൂപ

റ്റു വീലർ – 5 രൂപ

പല്ല് പറിക്കൽ – 20 രൂപ

രക്തം (റൂട്ടീൻ) – 50 രൂപ

യൂറിൻ( റൂട്ടീൻ) – 40 രൂപ

എക്സറേ – 100 രൂപ, സ്പൈൻ–150/–,

ചെസ്റ്റ് എക്സ്റേ–100/–,

എക്സ്ട്രി മിറ്റീസ് 3 എണ്ണം–150/–

(ബി പി എൽ–20/–)

ബ്ളഡ് ട്രൻസ്ഫ്യൂഷൻ – 250 രൂപ ( ബിപിഎൽ ഫ്രീ)

ഇ സി ജി – 50 രൂപ

സ്കാനിംഗ് – യുഎസ്ജി–450 രൂപ

ഡോപ്ലർ–800/–(2 കാലും–1600/–)

ഷോൾഡർ –1000/–

മേൽ പറഞ്ഞ നിരക്കുകളും പരിശോധനയ്ക്കുള്ള ചാർജ്ജുകളും സർക്കാർ ഉത്തരവ് ജി ഒ (പി) 27/94/എച്ച്ക്& ഫിൻ/തീയതി 08.02.94 പ്രകാരവും എച്ച് എം സി നിശ്ചയിച്ച പ്രകാരവും ഉള്ളതാകുന്നു.

ബിപിഎൽ റേഷൻകാർഡുള്ളവർക്ക് ചില പരിശോധനകൾ സൗജന്യമായും നിരക്കിളവിലും ചെയ്തു കൊടുക്കുന്നു.

രോഗികൾക്ക് കഞ്ഞി, പയർ, ബ്രഡ്, ബിസ്ക്കറ്റ് (കുട്ടികൾക്ക്) മുതലായവ നൽകി വരുന്നു. കൂടാതെ മെഡിക്കൽ റെക്കോഡ് ലൈബ്രറി, അനസ്തേഷ്യാ വിഭാഗം എന്നിവ കൂടി പ്രവർത്തിക്കുന്നു.

നിരക്കുകൾ സർക്കാർ ഉത്തരവിനും എച്ച് എം സി തീരുമാനത്തിനും അനുസരിച്ച് മാറ്റത്തിന് വിധേയമാണ്.

.........................................

## <u>ജില്ലാ ആയുർവേദ ആശുപത്രി എറണാകുളം</u>

കച്ചേരിപ്പടിയിലുള്ള ജില്ലാ ആയുർവേദ ആശുപത്രിയിൽ 8 ഡോക്ടർമാരും 6 നഴ്സുമാരും ഉൾപ്പെടെ 29 ജീവനക്കാർ ഉണ്ട്.

| | |
|---|---|
| ഡോക്ടർമാർ : ചീഫ് മെഡിക്കൽ ഓഫീസർ | 1 |
| സീനിയർ മെഡിക്കൽ ഓഫീസർ (ജനറൽ) | 1 |
| മെഡിക്കൽ ഓഫീസർ(ജനറൽ) | 2 |
| മെഡിക്കൽ ഓഫീസർ (മർമ്മ) | 1 |
| മെഡിക്കൽ ഓഫീസർ (പഞ്ചകർമ്മ) | 1 |
| മെഡിക്കൽ ഓഫീസർ (നേത്ര) | 1 |
| മെഡിക്കൽ ഓഫീസർ (സിദ്ധ) | 1 |

ഒ.പി.വിഭാഗം : എല്ലാ ദിവസവും രാവിലെ 9 മണി മുതൽ 2 മണി വരെ പ്രവർത്തിക്കും. 10 ദിവസത്തേയ്ക്കുള്ള മരുന്നാണ് ഒ.പി.യിൽ നിന്ന് രോഗികൾക്ക് നൽകുന്നത്.

കാഷ്വാലിറ്റി : എല്ലാ ദിവസവും 2 പി.എം. മുതൽ 8 പി.എം. വരെയും പ്രവർത്തിക്കുന്നു. ഒരു ഡോക്ടർ, ഒരു നഴ്സ്, നഴ്സിംഗ് അസിസ്റ്റന്റ് എന്നിവർ ഡ്യൂട്ടിയിലുണ്ട്.

നൈറ്റ് ഡ്യൂട്ടി : എല്ലാ ദിവസവും നൈറ്റ് ഡ്യൂട്ടിക്ക് ഒരു ഡോക്ടറും നേഴ്സും നേഴ്സിങ്ങ് അസിസ്റ്റന്റും ഉണ്ട്.

ക്ളിനിക്കൽ ലാബ് : സ്ഥാപനത്തിൽ ഒരു ക്ളിനിക്കൽ ലാബ് പ്രവർത്തിക്കുന്നു. രാവിലെ 8 മണി മുതൽ 2 മണി വരെ.

സ്പെഷ്യലിസ്റ്റ് വിഭാഗം : നേത്രചികിത്സ, മർമ്മ ചികിത്സ, പഞ്ചകർമ്മ, – തൃപ്തികരമായി പ്രവർത്തിക്കുന്നു. കൂടാതെ സ്പോർട്ട്സ് താരങ്ങളുടെ ചികിത്സയ്ക്കായി സ്പോർട്ട്സ് മെഡിസിൻ വിഭാഗവും ഉണ്ട്.

സ്പെഷ്യൽ പ്രോജക്റ്റുകൾ : പ്രമേഹരോഗികളുടെ ചികിത്സയ്ക്കായി ജീവനി പ്രോജക്റ്റ് വിജയകരമായി നടപ്പിലാക്കിവരുന്നു.

സ്കൂൾ കുട്ടികളിലെ നേത്രവൈകല്യ ചികിത്സയ്ക്കായി ദൃഷ്ടി പ്രോജക്റ്റ് (Refractive Errors) നടപ്പിലാക്കി വരുന്നു.

മരുന്ന് : ഒരു വർഷത്തേയ്ക്ക് 3 ലക്ഷം രൂപയുടെ മരുന്നാണ് ഡിപ്പാർട്ട്മെന്റ് തലത്തിൽ ലഭിക്കുന്നത്. കൂടാതെ ജില്ലാ പഞ്ചായത്തിൽ നിന്നും മരുന്നിനുള്ള ഫണ്ട് എല്ലാ വർഷവും അനുവദിക്കുന്നുണ്ട്. പ്രതിദിനം 700 ലേറെ രോഗികൾ എത്തുന്നുണ്ട്. 50 കിടപ്പുരോഗികളുണ്ട്.

ഭക്ഷണം : രാവിലെ പാൽ, ഉപ്പുമാവ്, പുട്ട്, ഓട്സ്, റവ കാച്ചിയത്, ഗോതമ്പ് കഞ്ഞി, പയർകറി, ഉച്ചയ്ക്ക് കഞ്ഞിയും പയറുകറിയും, രാത്രി കഞ്ഞിയും പയറുകറിയും എന്നിങ്ങനെയാണ് കിടപ്പു രോഗികൾക്ക് നൽകുന്നത്. ആഴ്ചയിൽ 1 ദിവസം

സത്യസായി സേവാ സമിതി സ്പോൺസർ ചെയ്യുന്ന പ്രാതൽ വിതരണം കോവിഡ് സാഹചര്യത്തിൽ തത്ക്കാലം നിർത്തി വെച്ചിരിക്കുകയാണ്.

ഫീസ് : മാസവരുമാനം 1500/- ൽ കൂടുതൽ ഉള്ള കിടപ്പു രോഗികളിൽ നിന്നും ഭക്ഷണം, താമസം, മരുന്ന് എന്നിവയ്ക്കായി പ്രതിദിനം 10/- രൂപ ഈടാക്കുന്നുണ്ട്. കൂടാതെ ആശുപത്രിയിൽ ചെയ്യുന്ന ചികിത്സകൾക്ക് താഴെ പറയുന്ന നിരക്കിൽ ലെവി ചാർജ്ജ് ഈടാക്കുന്നുണ്ട്. വരുമാനം കുറഞ്ഞവർക്ക് ചികിത്സ തികച്ചും സൗജന്യമാണ്.

| ചികിത്സ | മരുന്ന് | സർവീസ് ചാർജ്ജ് | ആകെ |
|---|---|---|---|
| 1) പിഴിച്ചിൽ (സർവാംഗം) (7 ദിവസം) | 750 | 310 | 1060 |
| 2) ഞവരക്കിഴി (7 ദിവസം) | 600 | 310 | 910 |
| 3) സ്നേഹപാനം (7 ദിവസം) | 350 | 80 | 430 |
| 4) ഇലക്കിഴി (7 ദിവസം) | 210 | 80 | 290 |
| 5) ജംബീര പിണ്ഡസ്വേദം (നാരങ്ങാക്കിഴി) (7 ദിവസം) | 210 | 80 | 290 |
| 6) ചൂർണ്ണ സ്വേദം (7 ദിവസം) | 210 | 80 | 290 |
| 7) ഊഷ്മ സ്വേദം (7 ദിവസം) | 140 | 80 | 220 |
| 8) ക്ഷീരധൂമം (7 ദിവസം) | 140 | 80 | 220 |
| 9) ശിരോധാര(7 ദിവസം) | 260 | 160 | 420 |
| 10) ശിരോവസ്തി(7 ദിവസം) | 260 | 160 | 420 |
| 11) ക്ഷീരധാര (7 ദിവസം) | 210 | 160 | 370 |
| 12) തക്രധാര (7 ദിവസം) | 260 | 160 | 420 |
| 13) മുട്ടക്കിഴി (7 ദിവസം) | 175 | 80 | 255 |
| 14) നസ്യം (7 ദിവസം) | 35 | 45 | 80 |
| 15) തലപൊതിച്ചിൽ (7 ദിവസം) | 75 | 35 | 110 |
| 16) തർപ്പണം (7 ദിവസം) | 70 | 80 | 150 |
| 17) പുടപാകം (1 ദിവസം) | 20 | 30 | 50 |
| 18) മാത്രാവസ്തി (1 ദിവസം) | 10 | 20 | 30 |
| 19) സ്നേഹവസ്തി (1 ദിവസം) | 50 | 20 | 70 |
| 20) കഷായവസ്തി (1 ദിവസം) | 100 | 60 | 160 |
| 21) വൈതരണ വസ്തി (7 ദിവസം) | 75 | 35 | 110 |
| 22) കടീവസ്തി (7 ദിവസം) | 120 | 115 | 235 |
| 23) വമനം (1 ദിവസം) | 50 | 60 | 110 |
| 24) അവഗാഹസ്വേദം (7 ദിവസം) | 70 | 80 | 150 |
| 25) ക്ഷീരവസ്തി (1 ദിവസം) | 10 | 20 | 30 |
| 26) ധാന്യാമ്ളധാര (7 ദിവസം) | - | 310 | 310 |

കിഴി, പിഴിച്ചിൽ, ഞവരക്കിഴി, വസ്തി, തക്രധാര, ക്ഷീരധാര, എന്നിവയ്ക്കുള്ള മരുന്ന് ആശുപത്രിയിൽ നിന്ന് നൽകാൻ സാധ്യമല്ലാത്തതിനാൽ സർവീസ് ചാർജ്ജ് മാത്രം ഈടാക്കുന്നു.ഒ.പി.ടിക്കറ്റിന് 5രൂപ ഈടാക്കുന്നുണ്ട്. ഗവൺമെന്റ് ജീവനക്കാർക്ക് 10/- രൂപ ഈടാക്കുന്നു.കിടപ്പു രോഗികൾ ഡിസ്ചാർജ്ജ് ആകുമ്പോൾ

ആവശ്യമെങ്കിൽ ഡിസ്ചാർജ്ജ് സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ് ഇവ നൽകാറുണ്ട്.

കോവിഡ്–19 രോഗവ്യാപനത്തെ തുടർന്ന് ഭാരതീയ ചികിത്സാ വകുപ്പ് നടപ്പാക്കി വരുന്ന പ്രോജക്റ്റുകളായ സ്വാസ്ഥ്യം, സുഖായുഷ്യം, അമൃതം, പുനർജനി, ഭേഷജം എന്നിവ നല്ല രീതിയിൽ നടപ്പാക്കി വരുന്നു. പുനർജനി പദ്ധതിയുടെ ഭാഗമായി കോവിഡാനന്തര വൈഷമ്യങ്ങൾക്ക് കിടത്തി ചികിത്സയും ആരംഭിച്ചിട്ടുണ്ട്.

..........................................

# ജില്ലാ ഹോമിയോ ആശുപത്രി, എറണാകുളം

**I. പൊതുവിവരങ്ങൾ:**

1. **വിലാസം:** സർക്കാർ ജില്ലാ ഹോമിയോ ആശുപത്രി, എറണാകുളം, പുല്ലേപ്പടി, കലൂർ പി. ഒ., കൊച്ചി- 682017
2. **ഫോൺ:** 0484 - 2401016 & 2402016
3. **ഇ–മെയിൽ:** ghhernakulam@kerala.gov.in
4. **സ്ഥാനം:** കതൃക്കടവ്പുല്ലേപ്പടി റോഡിൽ, പുല്ലേപ്പടി റെയിൽവേ മേൽപ്പാലത്തിന്റെ ടോൾബൂത്തിനു സമീപമാണ് ആശുപത്രി സ്ഥിതി ചെയ്യുന്നത്. കടവന്ത്ര–കലൂർ റോഡിൽ കതൃക്കടവ്പാലം ഇറങ്ങിയാലുടൻ ഇടതു ഭാഗത്തേക്ക്കാണുന്ന റോഡിൽ 300 മീറ്ററോളം വരുമ്പോഴുള്ള ടോൾബൂത്തിനു സമീപമാണ് ആശുപത്രി.

**II. പ്രവർത്തനസമയങ്ങൾ:**

1. **ഔട്ട്പേഷ്യന്റ് (ഒ.പി.) വിഭാഗം:** എല്ലാ ദിവസവും രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 2 മണി വരെ പ്രവർത്തിക്കുന്നു.
2. **ക്ലിനിക്കൽ ലബോറട്ടറി:** ശനിയാഴ്ച്ചരാവിലെ 8 മണിമുതൽഉച്ചയ്ക്ക് 1 മണിവരെ . ബാക്കിദിവസങ്ങളിൽ - ഞായർമുതൽവെള്ളിവരെ 8 മണിമുതൽ 2 മണിവരെപ്രവർത്തിക്കുന്നു .
3. **കിടത്തി ചികിത്സാ (ഐ.പി.) വിഭാഗം:** എല്ലാ ദിവസവും 24 മണിക്കൂറും പ്രവർത്തിക്കുന്നു. രോഗികളെ സന്ദർശിക്കാനുള്ള സമയം രാവിലെ 7 മണി മുതൽ 8 മണി വരെയും ഉച്ചയ്ക്ക് 1 മണി മുതൽ 2 മണി വരെയും വൈകിട്ട് 4 മണി മുതൽ 6 മണി വരെയും മാത്രമായിരിക്കും. **( നിലവിൽപണിനടന്ന്കൊണ്ടിരിക്കുന്നു )**
4. **യോഗാപരിശീലനം:** എല്ലാ ദിവസവും രാവിലെ 7 മണി മുതൽ 10 മണി വരെ.
5. **ആശുപത്രി ഓഫീസ്:** ഞായർ ഉൾപ്പെടെയുള്ള പൊതു അവധി ദിനങ്ങൾ ഒഴികെ എല്ലാ ദിവസവും രാവിലെ 10 മണി മുതൽ വൈകിട്ട് 5 മണി വരെ പ്രവർത്തിക്കുന്നു.

**III. ആശുപത്രിയിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ**

**A. കിടത്തി ചികിത്സാ (ഐ. പി.) വിഭാഗം: ( നിലവിൽപണിനടന്ന്കൊണ്ടിരിക്കുന്നു)**

ജില്ലയിലെ വിവിധ ഡിസ്പെൻസറികളിൽ നിന്ന്റഫർ ചെയ്തു വരുന്ന വരും ഈ ആശുപത്രിയിലെ ഒ.പി. വിഭാഗത്തിൽ ചികിത്സ തേടുന്ന വരുമായ രോഗികൾക്ക് 25 കിടക്കകളോടു കൂടിയ ഈ ആശുപത്രിയിൽ നിന്ന് 24 മണിക്കൂറും കിടത്തി ചികിത്സാസേവനം ലഭിക്കുന്നതാണ്. രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 2 മണി വരെ മെഡിക്കൽ ഓഫീസറുടെയും 2 മണി മുതൽ 6 മണി വരെ റസിഡന്റ്മെഡിക്കൽഓഫീസറുടെയും വൈകിട്ട് 6 മണി മുതൽ അടുത്ത ദിവസം രാവിലെ 9 മണിവരെ ഓൺകോൾ ആയി ആർ.എം.ഒ.യുടെയും സേവനം ലഭ്യമാണ്. രോഗികൾക്കാവശ്യമായ ഭക്ഷണവും സൗജന്യമായി ലഭിക്കുന്നതാണ്.

**B. ജനറൽ ഔട്ട്പേഷ്യന്റ് (ഒ. പി.) വിഭാഗം:**

പേര്രജിസ്റ്റർചെയ്യുന്ന മുൻഗണനാ ക്രമത്തിൽ എല്ലാവർക്കും ഒ. പി. വിഭാഗത്തിൽ നിന്നും സൗജന്യ ഔഷധവിതരണം ഉൾപ്പെടെ, ഹോമിയോപ്പതി ചികിത്സ ലഭിക്കുന്നതാണ്. പകർച്ച വ്യാധികൾക്കെതിരേയുള്ള പ്രതിരോധമരുന്നുകളും ഇവിടെനിന്നുംലഭിക്കുന്നതാണ്. എല്ലാ ദിവസവും രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 2 മണിവരെ ഒ. പി. വിഭാഗത്തിൽ ഡോക്ടർമാരുടെ സേവനം ലഭിക്കുന്നതാണ്.

**C. സ്പെഷ്യൽ ഔട്ട്പേഷ്യന്റ് (ഒ. പി.) വിഭാഗങ്ങൾ :**

1. **ആയുഷ്മാൻഭവ സ്പെഷ്യൽ ഒ. പി. വിഭാഗം:**

എല്ലാ ദിവസവും രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 2 മണി വരെ പ്രവർത്തിക്കുന്ന ഈ സ്പെഷ്യൽ ഒ.പി. വിഭാഗത്തിൽ, പേരുജിസ്റ്റർചെയ്യുന്ന മുൻഗണനാക്രമത്തിൽ എല്ലാവർക്കും ജീവിതശൈലീരോഗ നിയന്ത്രണത്തിനും പ്രതിരോധത്തിനും ചികിത്സയ്ക്കുമായി ഹോമിയോപ്പതി ഡോക്ടർ, നാച്ചുറോപ്പതി (പ്രകൃതിചികിത്സാ) ഡോക്ടർ, യോഗാപരിശീലക എന്നിവരുടെ സേവനവും ഹോമിയോപ്പതി ഔഷധങ്ങളും സൗജന്യമായി ലഭിക്കുന്നതാണ്. ഈ സ്പെഷ്യൽ ഒ.പി. വിഭാഗത്തിൽ ചികിത്സതേടുന്നവർക്ക്ഡോക്ടറുടെ നിർദ്ദേശാനുസരണം, എല്ലാ ദിവസവും രാവിലെ 7 മണി മുതൽ 10 മണി വരെ വിവിധ ബാച്ചുകളിലായി യോഗപരിശീലനവും നൽകുന്നതാണ്.

2. **സാന്ത്വന (പെയിൻ &പാലിയേറ്റീവ്) പരിചരണ വിഭാഗം:**

എല്ലാ വ്യാഴാഴ്ചകളിലും രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 2 മണി വരെ പെയിൻ &പാലിയേറ്റീവ്കെയർയൂണിറ്റിന്റെ ഒ.പി. വിഭാഗം പ്രവർത്തിക്കുന്നതാണ്. പാലിയേറ്റീവ്പരിചരണത്തിൽപ്രത്യേക പരിശീലനം ലഭിച്ച ഡോക്ടർമാരുടെയും നഴ്സ്മാരുടെയും സേവനവും മരുന്നുകളും, പേരുജിസ്റ്റർചെയ്യുന്ന മുൻഗണനാ ക്രമത്തിൽ ഇവിടെനിന്ന്രോഗികൾക്ക്ലഭിക്കുന്നതാണ്. ആശുപത്രിയിൽ കിടത്തി ചികിത്സ ആവശ്യമുള്ള പാലിയേറ്റീവ്രോഗികളെഏതുസമയവും പ്രവേശിപ്പിക്കാനായി ഇവിടെ 5 കിടക്കകളും നീക്കി വച്ചിട്ടുണ്ട്.

കൂടാതെ പ്രത്യേക പരിശീലനം ലഭിച്ച ഡോക്ടർമാരും നഴ്സ്മാരും അടങ്ങുന്ന സംഘം കിടപ്പ്രോഗികൾക്ക്, പേരുജിസ്റ്റർചെയ്യുന്ന മുൻഗണനാക്രമത്തിൽ, അവരുടെ വീടുകളിലെത്തി ആവശ്യമായ പരിചരണങ്ങൾ നൽകുന്നതാണ്. യൂറിനറി കത്തീറ്ററൈസേഷൻ, ശയ്യാവ്രണപരിചരണം, റൈൽസ്ട്യൂബ് ഇടൽ, വീൽ ചെയർ, എയർബെഡ്,വാട്ടർബെഡ് തുടങ്ങിയസേവനങ്ങൾ സൗജന്യമായി കിടപ്പ്രോഗികൾക്ക്ലഭിക്കുന്നതാണ്.

3. **സദ്ഗമയ (കുട്ടികളിലെ സ്വഭാവ-പഠന വൈകല്യ പരിഹാര ക്ലിനിക്ക്):**

എല്ലാ ചൊവ്വാഴ്ചകളിലും രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 2 മണി വരെ കുട്ടികളിലെ സ്വഭാവ-പഠന വൈകല്യങ്ങൾ പരിഹരിക്കുന്നതിനുള്ള സദ്ഗമയ എന്ന സ്പെഷ്യൽ ഒ. പി. വിഭാഗം പ്രവർത്തിക്കുന്നതാണ്. ഇവിടെ നിന്നും സൗജന്യമായി മരുന്നുകളും കൗൺസിലിങ്ങും ഹോമിയോപ്പതി ഡോക്ടർ, ക്ലിനിക്കൽ സൈക്കൊളോജിസ്റ്റ്, സ്പെഷ്യൽ എജ്യൂക്കേറ്റർ എന്നിവരുടെ സേവനങ്ങളും ലഭ്യമാണ്.

4. **ജനനി:**

എല്ലാ ദിവസവും രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 2 മണി വരെ പ്രവർത്തിക്കുന്ന ഈ സ്പെഷ്യൽ ഒ.പി. വിഭാഗത്തിൽ, പേരുജിസ്റ്റർചെയ്യുന്ന മുൻഗണനാക്രമത്തിൽ എല്ലാവർക്കുംവന്ധ്യതാചികിത്സക്കുള്ളസേവനംലഭ്യമാക്കുന്നു.

എല്ലാആധുനികപരിശോധനകളുംഅവലംബിച്ചുള്ളരോഗനിർണ്ണയത്തിലൂടെവന്ധ്യതയുടെകാരണ ങ്ങൾകണ്ടെത്തിയുള്ളഹോമിയോപ്പതിചികിത്സയിലൂടെസാധാരണഗർഭധാരണംസാധ്യമാക്കുന്നു .

ജനനിനമ്പർ : 9446270340

5. **ആസ്തമഅലർജിക്ലിനിക്ക് :**

എല്ലാതിങ്കൾ , ബുധൻ , വെള്ളിദിവസങ്ങളിൽരാവിലെ 9 മണിമുതൽ 2 മണിവരെപ്രവർത്തിക്കുന്നു . വിവിധതരംഅലർജി , തുടർച്ചയായുള്ളതുമ്മൽ , ശ്വാസതടസ്സം , പൊടിഅലർജി , ത്വക്കിൽഉണ്ടാകുന്നഅലർജി , ചൊറിച്ചിൽ , തടിപ്പ്എന്നിവയ്ക്കുള്ളസ്പെഷ്യൽഒ. പി .

6. **പോസ്റ്റ്കോവിഡ്ഹോമിയോപ്പതിറെഫറൽസെന്റർ :**

എല്ലാദിവസവുംരാവിലെ 9 മണിമുതൽഉച്ചയ്ക്ക് 1 മണിവരെകോവിഡാനന്തരബുദ്ധിമുട്ടുകളായക്ഷീണം , ഉറക്കക്കുറവ് , ശ്വാസതടസ്സം , മറവി , മാനസികപ്രശ്നങ്ങൾ , കിതപ്പ് , ചുമ , തുമ്മൽ , ശരീരവേദന , തലവേദന , ഉദരസംബന്ധമായപ്രശ്നങ്ങൾതുടങ്ങിയവക്കുള്ളപ്രത്യേകഒ. പി . പ്രവർത്തിക്കുന്നതാണ് .

7. **ഹോമിയോപ്പതിടെലികൺസൽട്ടേഷൻ**

കോവിഡ്വ്യാപനംവർധിച്ചുവരുന്നസാഹചര്യത്തിൽലോക്ക്ഡൗൺമൂലംആശുപത്രിയിൽഎത്താൻക ഴിയാത്തവർക്കുവേണ്ടിതടസരഹിതചികിത്സയുംഡോക്ടർമാരുടെവൈദ്യോപദേശവുംസമീപഡി സ്പെൻസറികളിൽനിന്നുംമരുന്നുലഭിക്കുന്നതിന്ഹോമിയോപ്പതിടെലികൺസൽട്ടേഷൻസേവനംലഭ്യ മാണ് .

ടെലികൺസൽട്ടേഷൻനമ്പർ : 9496528045 , സമയം: രാവിലെ 9 മുതൽഉച്ചയ്ക്ക് 2 മണിവരെ

**D. ക്ലിനിക്കൽ ലബോറട്ടറി:**

ഈ ആശുപത്രിയിലെയും മറ്റ് ആശുപത്രികളിലെയും ഡോക്ടർമാരുടെ കുറിപ്പുമായി വരുന്നവർക്ക് കുറഞ്ഞ നിരക്കിൽ കൃത്യമായ പരിശോധനാ ഫലങ്ങൾ വേഗത്തിൽ നൽകുന്നതിനായി അത്യന്താധുനിക വിദേശ നിർമ്മിത അനലൈസറുകളോടു കൂടിയ ക്ലിനിക്കൽ ലബോറട്ടറിയുടെ സേവനം എല്ലാ ദിവസവും രാവിലെ 8 മണി മുതൽ ഉച്ചയ്ക്ക് 2 മണി വരെ ലഭ്യമാണ്.(ശനിയാഴ്ച്ചമാത്രം 1 മണിവരെ ). നൂതനസാങ്കേതിക വിദ്യയിൽ പ്രവർത്തിക്കുന്ന ഇ. സി. ജി. മെഷീനും ഇവിടെ ലഭ്യമാണ്. ദാരിദ്ര്യ രേഖയ്ക്ക്താഴെയുള്ളവർക്ക്കൂടുതൽസൗജന്യ നിരക്കിൽ പരിശോധനകൾ നടത്തുന്നതിനുള്ള സൗകര്യവും ലഭ്യമാണ്. മുൻഗണനാ ടോക്കൺ ക്രമത്തിൽ സേവനം ലഭിക്കുന്നതാണ്.

**E .അൾട്രാസൗണ്ട്സ്കാനിങ്സെന്റർ:**

സോണോളജിസ്റ്റ് ലഭ്യമാകുന്ന മുറയ്ക്ക് മുൻകൂട്ടി ബുക്ക് ചെയ്യുന്നതനുസരിച്ച് അൾട്രാ സൗണ്ട് സ്കാനിങ് സെന്ററിന്റെ സേവനം രോഗികൾക്ക് മിതമായ നിരക്കിൽ ലഭിക്കുന്നതാണ്.

**F. സൗജന്യ മെഡിക്കൽ ക്യാമ്പുകളും ആരോഗ്യ ബോധവത്കരണ പരിപാടികളും:**

ജില്ലയിലെ ഏതെങ്കിലും പ്രദേശത്തോ പ്രത്യേക വിഭാഗങ്ങൾക്കുവേണ്ടിയോസൗജന്യ ആരോഗ്യ ബോധവത്കരണ പരിപാടികളും മെഡിക്കൽ ക്യാമ്പുകളും (ജനറൽ &സ്പെഷ്യൽ) സംഘടിപ്പിക്കുന്നതിന്താത്പര്യമുള്ള സംഘടിപ്പിക്കുന്നതിന്താല്പര്യമുള്ളഅംഗീകൃത സന്നദ്ധ സംഘടനകളും സ്ഥാപനങ്ങളും ആശുപത്രി സൂപ്രണ്ടിന് അപേക്ഷ സമർപ്പിച്ച ശേഷം, ആശുപത്രി

അധികൃതരുടെ നിർദ്ദേശാനുസരണമുള്ള സ്ഥലസൗകര്യങ്ങളും മറ്റ്ഭൗതീക സൗകര്യങ്ങളും തൃപ്തികരമായി ഏർപ്പെടുത്തുകയും, മുന്നൊരുക്കങ്ങൾ തൃപ്തികരമായി പൂർത്തീകരിക്കുകയും ചെയ്യുന്ന മുൻഗണനാക്രമത്തിൽ, പരിപാടികളുള്ള തീയതി നിശ്ചയിച്ച് നൽകുന്നതാണ്.

**G. ആശുപത്രി ഓഫീസിൽ നിന്നുംലഭിക്കുന്ന വിവിധ സാക്ഷ്യപത്രങ്ങൾ:**

1. **മെഡിക്കൽ സർട്ടിഫിക്കറ്റ്:** ഈ ആശുപത്രിയിൽ നിന്നും ചികിത്സ തേടിയിട്ടുള്ളതിന്റെ രേഖകളും (ഒ.പി. ടിക്കറ്റ്), തിരിച്ചറിയൽ രേഖകളും സഹിതം നേരിട്ട്ഹാജരായി അപേക്ഷ നൽകിയാൽ മുൻഗണനാ ക്രമത്തിൽ അന്നേ ദിവസം തന്നെ ലഭിക്കുന്നതാണ്.

2. **ഫിസിക്കൽ ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ്:** ഒറിജിനൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പും, തിരിച്ചറിയൽ രേഖകളും സഹിതം നേരിട്ട്ഹാജരായി അപേക്ഷ നൽകിയാൽ മുൻഗണനാക്രമത്തിൽ അന്നേ ദിവസം തന്നെ ലഭിക്കുന്നതാണ്.

3. **ആഹാര സാധനങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ഹെൽത്ത് സർട്ടിഫിക്കറ്റ്:** തിരിച്ചറിയൽ രേഖകളും ലബോറട്ടറി പരിശോധനാഫലങ്ങളും സഹിതം നേരിട്ട്ഹാജരായി അപേക്ഷ നൽകിയാൽ മുൻഗണനാക്രമത്തിൽ അന്നേ ദിവസം തന്നെ ലഭിക്കുന്നതാണ്.

4. **പ്രഥമ ശുശ്രൂഷാ പ്രാവീണ്യ സർട്ടിഫിക്കറ്റ്:**തിരിച്ചറിയൽ രേഖകൾ സഹിതം നേരിട്ട്ഹാജരായി അപേക്ഷ നൽകിയ ശേഷം, അപേക്ഷകന്റെ പ്രഥമ ശുശ്രൂഷാ പ്രാവീണ്യം ഡോക്ടർക്ക്ബോദ്ധ്യമായാൽ മുൻഗണനാക്രമത്തിൽ അന്നേ ദിവസം തന്നെ ലഭിക്കുന്നതാണ്.

5. **വയസ്സ്തെളിയിക്കുന്ന സർട്ടിഫിക്കറ്റ്:** തിരിച്ചറിയൽ രേഖകൾ സഹിതം നേരിട്ട്ഹാജരായി അപേക്ഷ നൽകിയാൽ മുൻഗണനാക്രമത്തിൽ അന്നേ ദിവസം തന്നെ ലഭിക്കുന്നതാണ്.

6. **ജീവിച്ചിരിപ്പുണ്ടെന്ന (ലൈഫ്) സർട്ടിഫിക്കറ്റ്:** തിരിച്ചറിയൽ രേഖകൾ സഹിതം നേരിട്ട്ഹാജരായി അപേക്ഷ നൽകിയാൽ മുൻഗണനാക്രമത്തിൽ അന്നേ ദിവസം തന്നെ ലഭിക്കുന്നതാണ്.

7. **സ്വഭാവ സർട്ടിഫിക്കറ്റ്:**സർട്ടിഫിക്കറ്റ് ഒപ്പിടുന്ന ഉദ്യോഗസ്ഥനുവ്യക്തിപരമായി പരിചയമുള്ളവർക്ക്മാത്രമേ നൽകൂ. തിരിച്ചറിയൽ രേഖകൾ സഹിതം നേരിട്ട്ഹാജരായി അപേക്ഷ നൽകിയാൽ മുൻഗണനാക്രമത്തിൽ അന്നേ ദിവസം തന്നെ ലഭിക്കുന്നതാണ്.

8. **പുനർ വിവാഹം ചെയ്യിട്ടില്ലെന്ന സർട്ടിഫിക്കറ്റ്:** സർട്ടിഫിക്കറ്റ് ഒപ്പിടുന്ന ഉദ്യോഗസ്ഥനുവ്യക്തിപരമായി പരിചയമുള്ളവർക്ക്മാത്രമേ നൽകൂ. തിരിച്ചറിയൽ രേഖകൾ സഹിതം നേരിട്ട്ഹാജരായി അപേക്ഷ നൽകിയാൽ മുൻഗണനാക്രമത്തിൽ അന്നേ ദിവസം തന്നെ ലഭിക്കുന്നതാണ്.

9. **ഫോട്ടോ സാക്ഷ്യപ്പെടുത്തൽ:** തിരിച്ചറിയൽ രേഖകൾ സഹിതം നേരിട്ട്ഹാജരായി അപേക്ഷ നൽകിയാൽ മുൻഗണനാക്രമത്തിൽ അന്നേ ദിവസം തന്നെ ലഭിക്കുന്നതാണ് .

10. **ഒപ്പ്/വിരലടയാളം സാക്ഷ്യപ്പെടുത്തൽ:** തിരിച്ചറിയൽ രേഖകൾ സഹിതം നേരിട്ട്ഹാജരായി അപേക്ഷ നൽകിയാൽ മുൻഗണനാക്രമത്തിൽ അന്നേ ദിവസം തന്നെ ലഭിക്കുന്നതാണ് .

11. **രേഖകളുടെ പകർപ്പ്സാക്ഷ്യപ്പെടുത്തൽ:** അസ്സൽ(ഒറിജിനൽ) രേഖകൾ സഹിതം ഹാജരായാൽ മുൻഗണനാക്രമത്തിൽ അന്നേ ദിവസം തന്നെ ലഭിക്കുന്നതാണ്.

12. **ഗസറ്റഡ് ഓഫീസർ നൽകുന്ന മറ്റ്സാക്ഷ്യപത്രങ്ങൾ:** തിരിച്ചറിയൽ രേഖകൾ സഹിതം നേരിട്ട്ഹാജരായി അപേക്ഷ നൽകിയാൽ , സർട്ടിഫിക്കറ്റ് ഒപ്പിടുന്ന ഉദ്യോഗസ്ഥനവ്യക്തിപരമായി ബോദ്ധ്യമുള്ള വസ്തുതകൾ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ മുൻഗണനാക്രമത്തിൽ അന്നേ ദിവസം തന്നെ ലഭിക്കുന്നതാണ്.

| **ക്രമ നമ്പർ** | **ലഭ്യമായസേവനങ്ങൾ** | **പ്രസ്തുതസേവനംലഭിക്കുന്നതിനുള്ളനടപടിക്രമങ്ങൾ** | **ആരെ/എവിടെആണ് സമീപിക്കേണ്ടത്** | **പ്രസ്തുതസേവനം എത്രദിവസത്തിനുള്ളിൽലഭിക്കും** |
|---|---|---|---|---|
| 1 | **ജനറൽഔട്ട്പേഷ്യന്റ് (ഒ. പി.) ചികിത്സ** | **ഒ. പി. കൗണ്ടറിൽപേര്രജിസ്റ്റർചെയ്യുക .** | **ഒ. പി. കൗണ്ടർ** | **മുൻഗണനാക്രമത്തിൽഅന്നേദിവസം** |
| 2 | **ആയുഷ്മാൻഭവസ്പെഷ്യൽഒ. പി. ചികിത്സ** | **ഒ. പി. കൗണ്ടറിൽ, ആയുഷ്മാൻഭവസ്പെഷ്യൽഒ. പി. വിഭാഗത്തിലേക്കെന്ന്പറഞ്ഞ്പേര്രജിസ്റ്റർചെയ്യുക.** | **ഒ. പി. കൗണ്ടർ** | **മുൻഗണനാക്രമത്തിൽഅന്നേദിവസം** |
| 3 | **യോഗപരിശീലനം** | **ഒ. പി. കൗണ്ടറിൽ, ആയുഷ്മാൻഭവസ്പെഷ്യൽഒ. പി. വിഭാഗത്തിലേക്കെന്ന്പറഞ്ഞ്പേര്രജിസ്റ്റർചെയ്യുക.ആവശ്യകതഡോക്ടർക്ക്ബോധ്യപ്പെട്ടന്നെങ്കിൽമാത്രംസേവനംലഭിക്കുന്നു.** | **ഒ. പി. കൗണ്ടർ** | **മുൻഗണനാക്രമത്തിൽഅന്നേദിവസം** |
| 4 | **നാച്ചുറോപ്പതിഡോക്ടറുടെസേവനം** | **ഒ. പി. കൗണ്ടറിൽ, ആയുഷ്മാൻഭവസ്പെഷ്യൽഒ. പി. വിഭാഗത്തിലേക്കെന്ന്പറഞ്ഞ്പേര്രജിസ്റ്റർചെയ്യുക.** | **ഒ. പി. കൗണ്ടർ** | **മുൻഗണനാക്രമത്തിൽഅന്നേദിവസം** |
| 5 | **സാന്ത്വന (പെയിൻ&പാലിയേറ്റീവ്) പരിചരണസ്പെഷ്യൽ ഒ. പി. ചികിത്സ** | **ഒ. പി. കൗണ്ടറിൽ, പെയിൻ& പാലിയേറ്റീവ്സ്പെഷ്യൽ ഒ. പി. വിഭാഗത്തിലേക്കെന്ന്പറഞ്ഞ്പേര്രജിസ്റ്റർചെയ്യുക. വ്യാഴാഴ്ച്ചകളിൽമാത്രമാണ്ഈ ഒ. പി. വിഭാഗംപ്രവർത്തിക്കുന്നത്.** | **ഒ. പി. കൗണ്ടർ** | **മുൻഗണനാക്രമത്തിൽഅന്നേദിവസം** |
| 6 | **സാന്ത്വന (പെയിൻ&പാലിയേറ്റീവ്)** | **ഒ. പി. കൗണ്ടറിൽ, പെയിൻ& പാലിയേറ്റീവ്സ്പെഷ്യൽ ഒ. പി. വിഭാഗത്തിലേക്കെന്ന്പറ** | **ഒ. പി. കൗണ്ടർ** | **മുൻഗണനാക്രമത്തിൽഅന്നേദിവസം** |

| | | | | |
|---|---|---|---|---|
| | ഗൃഹപരിചരണം (ഹോംകെയർ) | ഞ്ഞ്പേര്രജിസ്റ്റർചെയ്യുക. | | |
| 7 | സദ്ഗമയ (കുട്ടികളിലെസ്വഭാവ - പഠനവൈകല്യപരിഹാര) ഒ. പി. ചികിത്സ | ഒ. പി. കൗണ്ടറിൽ, സദ്ഗമയസ്പെഷ്യൽഒ. പി. വിഭാഗത്തിലേക്കെന്ന്പറഞ്ഞ്പേര്രജിസ്റ്റർ | ഒ. പി. കൗണ്ടർ | മുൻഗണനാക്രമത്തിൽഅന്നേദിവസം |
| 8 | സദ്ഗമയ–സ്പെഷ്യൽഎജ്യൂക്കേറ്ററുടെസേവനം | ഒ. പി. കൗണ്ടറിൽ, സദ്ഗമയസ്പെഷ്യൽഒ. പി. വിഭാഗത്തിലേക്കെന്ന്പറഞ്ഞ്പേര്രജിസ്റ്റർ. | ഒ. പി. കൗണ്ടർ | മുൻഗണനാക്രമത്തിൽഅന്നേദിവസം |
| 9 | ആസ്തമഅലർജിക്ലിനിക്ക് | ഒ. പി. കൗണ്ടറിൽ,ആസ്തമഅലർജിക്ലിനിക്ക്വിഭാഗത്തിലേക്കെന്ന്പറഞ്ഞ്പേര്രജിസ്റ്റർ. | ഒ. പി. കൗണ്ടർ | മുൻഗണനാക്രമത്തിൽഅന്നേദിവസം |
| 10 | ജനനി | ഒ. പി. കൗണ്ടറിൽ,ജനനിവിഭാഗത്തിലേക്കെന്ന്പറഞ്ഞ്പേര്രജിസ്റ്റർ. | ഒ. പി. കൗണ്ടർ | മുൻഗണനാക്രമത്തിൽഅന്നേദിവസം |
| 11 | പോസ്റ്റ്കോവിഡ്ഹോമിയോപ്പതിറെഫറൽസെന്റർ | ഒ. പി. കൗണ്ടറിൽ,പോസ്റ്റ്കോവിഡ്ഹോമിയോപ്പതിറെഫറൽസെന്റർവിഭാഗത്തിലേക്കെന്ന്പറഞ്ഞ്പേര്രജിസ്റ്റർ. | ഒ. പി. കൗണ്ടർ | മുൻഗണനാക്രമത്തിൽഅന്നേദിവസം |
| 12 | ഹോമിയോപ്പതിടെലികൺസൽട്ടേഷൻ | 9496528045നമ്പറിലേക്ക്വിളിച്ച്വിവരങ്ങൾഅറിയിക്കുക . | - | - |
| 13 | ക്ലിനിക്കൽലബോറട്ടറിസേവനം | ഈആശുപത്രിയിലെയുംമറ്റ്ആശുപത്രികളിലെയുംഡോക്ടർമാരുടെകുറിപ്പുമായിവരുക. നിശ്ചിതഫീസ്അടയ്ക്കേണ്ടതാണ്. ബി.പി.എൽ. വിഭാഗത്തിന്സൗജന്യനിരക്കുലഭിക്കുന്നതിന്റേഷൻകാർഡോവരുമാനംതെളിയിക്കുന്നമറ്റ്രേഖകളോഹാജരാക്കേണ്ടതാണ് | ഒ. പി. കൗണ്ടർ | ലാബിലേക്കുള്ളടോക്കൺഅനുസരിച്ചുള്ളമുൻഗണനാക്രമത്തിൽ അന്നേദിവസം |
| 14 | അൾട്രാസൗണ്ട്സ്കാനിങ്സെന്റർ(പ്രവർത്തനംആരംഭിക്കുന്നമുറക്ക്) | ഈആശുപത്രിയിലെയുംമറ്റ്ആശുപത്രികളിലെയുംഡോക്ടർമാരുടെകുറിപ്പുമായിവരുക. നിശ്ചിതഫീസ്അടയ്ക്കേണ്ടതാണ്. | ഒ. പി. കൗണ്ടർ | മുൻഗണനാക്രമത്തിൽബുക്കിങ് അനുസരിച്ച്. |

| | | | | |
|---|---|---|---|---|
| | | മുൻകൂട്ടിബുക്ക്ചെയ്യേണ്ടതാണ്. | | |

| | | | | |
|---|---|---|---|---|
| 14 | സൗജന്യ മെഡിക്കൽ ക്യാമ്പുകൾ | ആശുപത്രി സൂപ്രണ്ടിന് അപേക്ഷ സമർപ്പിക്കണം. | ആശുപത്രി സൂപ്രണ്ട് | ആശുപത്രി അധികൃതരുടെ നിർദ്ദേശാനുസരണമുള്ളസ്ഥല സൗകര്യങ്ങളും മറ്റ്ഭൗതീക സൗകര്യങ്ങളും തൃപ്തികരമായി ഏർപ്പെടുത്തുകയും മുന്നൊരുക്കങ്ങൾ തൃപ്തികരമായി പൂർത്തീകരിക്കുകയും ചെയ്യുന്ന മുൻഗണനാക്രമത്തിൽ തീയതി നിശ്ചയിച്ച നൽകുന്നതാണ് |
| 15 | ആരോഗ്യ ബോധവത്കരണ പരിപാടികൾ | ആശുപത്രി സൂപ്രണ്ടിന് അപേക്ഷ സമർപ്പിക്കണം. | ആശുപത്രി സൂപ്രണ്ട് | ആശുപത്രി അധികൃതരുടെ നിർദ്ദേശാനുസരണമുള്ളസ്ഥല സൗകര്യങ്ങളും മറ്റ്ഭൗതീക സൗകര്യങ്ങളും തൃപ്തികരമായി ഏർപ്പെടുത്തുകയും, മുന്നൊരുക്കങ്ങൾ തൃപ്തികരമായി പൂർത്തീകരിക്കുകയും ചെയ്യുന്ന മുൻഗണനാക്രമത്തിൽ തീയതി നിശ്ചയിച്ച നൽകുന്നതാണ് |
| 16 | മെഡിക്കൽ സർട്ടിഫിക്കറ്റ് | ഈ ആശുപത്രിയിൽനിന്നും ചികിത്സ തേടിയിട്ടുള്ളതിന്റെരേഖകളും (ഒ. പി. ടിക്കറ്റ്), തിരിച്ചറിയൽ | ആശുപത്രി ഓഫീസ് | മുൻഗണനാ ക്രമത്തിൽ അന്നേ ദിവസം |

| | | | | |
|---|---|---|---|---|
| | | രേഖകളും സഹിതം നേരിട്ട്ഹാജരാകണം | | |
| 17 | ഫിസിക്കൽ ഫിറ്റ്നസ്സർട്ടിഫിക്കറ്റ് | ഒറിജിനൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പും, തിരിച്ചറിയൽ രേഖകളും സഹിതം നേരിട്ട്ഹാജരാകണം | ആശുപത്രി ഓഫീസ് | മുൻഗണനാ ക്രമത്തിൽ അന്നേ ദിവസം |
| 18 | ആഹാര സാധനങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ഹെൽത്ത്സർട്ടിഫിക്കറ്റ് | തിരിച്ചറിയൽ രേഖകളും ലബോറട്ടറി പരിശോധനാ ഫലങ്ങളും സഹിതം നേരിട്ട്ഹാജരാകണം. | ആശുപത്രി ഓഫീസ് | മുൻഗണനാ ക്രമത്തിൽ അന്നേ ദിവസം |
| 19 | പ്രഥമ ശുശ്രൂഷാ പ്രവീണ്യ സർട്ടിഫിക്കറ്റ് | തിരിച്ചറിയൽ രേഖകൾ സഹിതം നേരിട്ട്ഹാജരാകണം. അപേക്ഷകന്റെ പ്രഥമ ശുശ്രൂഷാ പ്രാവീണ്യം ഡോക്ടർക്ക്ബോദ്ധ്യമാകണം | ആശുപത്രി ഓഫീസ് | മുൻഗണനാ ക്രമത്തിൽ അന്നേ ദിവസം |
| 20 | വയസ്സ്തെളിയിക്കുന്ന സർട്ടിഫിക്കറ്റ് | തിരിച്ചറിയൽ രേഖകൾ സഹിതം നേരിട്ട്ഹാജരാകണം. | ആശുപത്രി ഓഫീസ് | മുൻഗണനാ ക്രമത്തിൽ അന്നേ ദിവസം |
| 21 | ജീവിച്ചിരിപ്പുണ്ടെന്ന (ലൈഫ്) സർട്ടിഫിക്കറ്റ് | തിരിച്ചറിയൽ രേഖകൾ സഹിതം നേരിട്ട്ഹാജരാകണം. | ആശുപത്രി ഓഫീസ് | മുൻഗണനാ ക്രമത്തിൽ അന്നേ ദിവസം |
| 22 | സ്വഭാവ സർട്ടിഫിക്കറ്റ് | തിരിച്ചറിയൽ രേഖകൾ സഹിതം നേരിട്ട്ഹാജരാകണം. സർട്ടിഫിക്കറ്റ് ഒപ്പിടുന്ന ഉദ്യോഗസ്ഥനുവ്യക്തിപരമായി പരിചയമുള്ളവർക്ക്മാത്രമേനൽകൂ. | ആശുപത്രി ഓഫീസ് | മുൻഗണനാ ക്രമത്തിൽ അന്നേ ദിവസം |
| 23 | പുനർ വിവാഹം ചെയ്തിട്ടില്ലെന്ന സർട്ടിഫിക്കറ്റ് | തിരിച്ചറിയൽ രേഖകൾ സഹിതം നേരിട്ട്ഹാജരാകണം. സർട്ടിഫിക്കറ്റ് ഒപ്പിടുന്ന ഉദ്യോഗസ്ഥനുവ്യക്തിപരമായി പരിചയമുള്ളവർക്ക്മാത്രമേനൽകൂ. | ആശുപത്രിഓഫീസ് | മുൻഗണനാ ക്രമത്തിൽ അന്നേ ദിവസം |
| 24 | ഫോട്ടോ സക്ഷ്യപ്പെടുത്തൽ | തിരിച്ചറിയൽ രേഖകൾ സഹിതം നേരിട്ട്ഹാജരാകണം. | ആശുപത്രിഓഫീസ് | മുൻഗണനാ ക്രമത്തിൽ അന്നേ ദിവസം |
| 25 | ഒപ്പ്/വിരലടയാളംസാക്ഷ്യപ്പെടുത്തൽ | തിരിച്ചറിയൽ രേഖകൾ സഹിതം നേരിട്ട്ഹാജരാകണം. | ആശുപത്രിഓഫീസ് | മുൻഗണനാ ക്രമത്തിൽ അന്നേ ദിവസം |

| | | | | |
|---|---|---|---|---|
| 26 | രേഖകളുടെ പകർപ്പ്സാക്ഷ്യപ്പെടുത്തൽ | അസ്സൽ (ഒറിജിനൽ) രേഖകൾ സഹിതം ഹാജരാകണം | ആശുപത്രിഓ ഫീസ് | മുൻഗണനാ ക്രമത്തിൽ അന്നേ ദിവസം |
| 27 | ഗസറ്റഡ് ഓഫീസർ നൽകുന്ന മറ്റ്സാക്ഷ്യപത്രങ്ങൾ | തിരിച്ചറിയൽ രേഖകൾ സഹിതം നേരിട്ട്ഹാജരായി അപേക്ഷ നൽണം. സർട്ടിഫിക്കറ്റ് ഒപ്പിടുന്ന ഉദ്യോഗസ്ഥന്നേരിട്ട്/ വ്യക്തിപരമായി ബോദ്ധ്യമുള്ള വസ്തുതകൾ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾമാത്രമേനൽകു | ആശുപത്രിഓ ഫീസ് | മുൻഗണനാ ക്രമത്തിൽ അന്നേ ദിവസം |

.....................................

# വ്യവസായ വകുപ്പ്

| ക്ര.നം | ലഭ്യമാക്കുന്ന സേവനങ്ങളുടെ വിവരം | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | സേനവം ലഭ്യമാക്കുന്നതിന് സമയപരിധി (അപ്ഷേ കിട്ടിയതിനു ശേഷമുളള സമയം/ദിവസം) |
|---|---|---|---|
| 1 | എം.എസ്.എം.ഇ. പാർട്ട് 1 | സംരംഭങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന സംരംഭകർ വ്യവസായ വാണിജ്യ വകുപ്പിന്റെ വെബ് സൈറ്റായ www.dic.kerala.gov.inൽ | കരിയായ വിധത്തിൽ ഡാറ്റാ എൻട്രി നടത്തി സമരപ്പിച്ചിട്ടുളള അപേക്ഷയിൻമേൽ |

| | | | |
|---|---|---|---|
| | | ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. | ഇ.എം.പാർട്ട് 1 അക്നോളജ്മെന്റ് വ്യവസായ കേന്ദ്രം അതേ ദിവസം തന്നെ നൽകുന്നതായിരിക്കും. |
| 2 | ടെക്നിക്കൽ ഫീസിബിലിറ്റി റിപ്പോർട്ടുകൾ | പ്രോജക്റ്റ് റിപ്പോർട്ട്, ഇ.എം.ക്ക പാർട്ട് 1, സ്ഥലം, കെട്ടിടം, ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ, കെട്ടിടത്തിന്റെ പ്ളാൻ, എസ്റ്റിമേറ്റ്, മെഷീനറികളുടെ ക്വട്ടേഷൻ എന്നീ രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്. | പൂർണ്ണ അപേക്ഷ ലഭിച്ച് 90 ദിവസത്തിനകം |
| 3 | വ്യവസായ ഏകജാലക ക്ളിയറൻസ് ബോർഡ് | ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് വിവിധ വകുപ്പുകളിൽ നിന്ന് അനുമതി ലഭ്യമാക്കുന്നതിലേയ്ക്കായി ജില്ലാ കളക്ടർ ചെയർമാനും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറും, ബന്ധപ്പെട്ട വകുപ്പിലെ ജില്ലാ മേധാവികൾ അംഗങ്ങളായുള്ള ഏകഴാലക ക്ളിയറൻസ് ബോർഡിന് ജില്ലാ വ്യവസായ കേന്ദ്രത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. ജില്ലാ വ്യവസായ കേന്ദ്ര ജനറൽ മാനേജരുടെ പേരിൽ എടുത്ത 250 രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് സഹിതമായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്. ആയതിന്റെ കൂടെ ആവശ്യമായ രേഖകളുടെ പകർപ്പ്, അനുമതി ലഭിക്കേണ്ട വകുപ്പുകൾ നിശ്ചയിച്ചിട്ടുള്ള ഫീസിന്റെ ചെലാൻ/ഡി.ഡി. ഉം ഉണ്ടായിരിക്കണം. ബന്ധപ്പെട്ട തസ്വഭവ സ്ഥാപനങ്ങൾ , മലിനീകരണ നിയന്ത്രണ ബോർഡ്, ടൗൺ പ്ളാനിങ്ങ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, ജില്ലാ മെഡിക്കൽ ഓഫീസ്, ഫാക്ളടറീസ് & ബോയിലേഴ്സ്, ഫയർ ഫോഴ്സ്, സെയിൽസ് ടാക്സ് എന്നീ വകുപ്പുകളിലേയ്ക്കുള്ള അപേക്ഷകൾ ജില്ലാ വ്യവസായ കേന്ദ്രം മുഖേന സമർപ്പിക്കാവുന്നതാണ്. | പൂർണ്ണ അപേക്ഷ ലഭിച്ച് 60 ദിവസത്തിനകം തീരുമാനം എടുക്കുന്നതായിരിക്കും |
| 4 | എം.എസ്.എം.ഇ. പാർട്ട് 2 | വാണിജ്യ അടിസ്ഥാനത്തിൽ ഉൽപാദനം ആരംഭിച്ച ശേഷം വ്യവസായ വാണിജ്യ വകുപ്പിന്റെ വെബ് സൈറ്റായ www.dic.kerala.gov.inൽ ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. | ശരിയായ വിധത്തിൽ ഡാറ്റാ എൻട്രി നടത്തി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൻമേൽ ഇ.എം.പാർട്ട് 2 അക്നോളജ്മെന്റ് വ്യവസായ കേന്ദ്രം അതേ ദിവസം തന്നെ നൽകുന്നതായിരിക്കും |
| 5 | വികസന ഏരിയ / വികസന പ്ളോട്ട് / മിനി ഇൻഡസ്ട്രിയൽ | അപേക്ഷയോടൊപ്പം പ്രോജക്റ്റ് റിപ്പോർട്ട്, കെട്ടിടത്തിന്റെ പ്ളാൻ എന്നിവ സഹിതം വ്യവസായ കേന്ദ്രത്തിൽ സമരപ്പിക്കുക. തയ്യാറാക്കി മുൻഗണനാ ക്രമത്തിൽ സംരംഭകർക്ക് സ്ഥലം അനുവദിച്ചു നൽകുന്നു | സ്ഥലലഭ്യതയുടെ അടിസ്ഥാനത്തിൽ പ്രയോറിറ്റി രജിസ്റ്ററിലെ സീനിയോറിറ്റി പ്രകാരം ഇന്റർവ്യൂ നടത്തി റാങ്ക് ലിസ്റ്റ് എസ്റ്റേറ്റിൽ സ്ഥലം നൽകൽ |
| 6 | പി.എം.ഇ.ജി.പി. | അപേക്ഷയോടൊപ്പം പ്രോജക്റ്റ് റിപ്പോർട്ട്, ഫണ്ട് കെട്ടിടത്തിന്റെ പ്ളാൻ, മെഷിനറിയുടെ ക്വട്ടേഷൻ, റേഷൻ കാർഡിന്റെ പകർപ്പ്, ജാതി തെളിയിക്കുന്ന | ഫണ്ട് ലഭ്യതയുടേയും പ്രയോറിറ്റിയുടേയും അടിസ്ഥാനത്തിൽ |

| | | | |
|---|---|---|---|
| | | രേഖയുടെ പകർപ്പ് മുതലായവ സഹിതം വ്യവസായ കേന്ദ്രത്തിൽ നൽകുക | സംരംഭകരെ DLTFC യിൽ കൂടിക്കാഴ്ചയ്ക്ക് വിളിക്കുകയും സെലക്ഷൻ ലിസ്റ്റ് പ്രകാരത്തിൽ പി.എം.ഇ.ജി.പി. മാനദണ്ഡങ്ങൾ അനുസരിച്ച് 2 ആഴ്ചയ്ക്കുള്ളിൽ അപേക്ഷ ശുപാർശ ചെയ്ത് അയക്കുകയും ചെയ്യുന്നു. |
| 7 | സിക്ക് യൂണിറ്റ് റിവൈവൽ പ്രോഗ്രാം | അപേക്ഷയോടൊപ്പം ബാങ്ക് അംഗീകരിച്ച റിവൈവൽ റേപാജക്റ്റ് റിപ്പോർട്ട്, ഇ.എം.പാർട്ട് 2 ന്റെ കോപ്പി, കഴിഞ്ഞ 3 വർഷത്തെ ബാലൻസ് ഷീറ്റ്, മാനുഫാക്ചറിങ്ങ് ട്രേഡിങ്ങ് അക്കൗണ്ട്, പ്രോഫിറ്റ് & ലോസ് അക്കൗണ്ട്, സൺഡ്രൈ ഡെബ്റ്റേഴ്സ്, സൺഡ്രൈ ക്രഡിറ്റേഴ്സ്, സ്റ്റേറ്റ്മെന്റ് തുടങ്ങിയ രേഖകൾ സഹിതം സമർപ്പിക്കുക, | പൂർണ്ണമായ അപേക്ഷ ലഭിച്ച് ബന്ധപ്പെട്ട ധനകാര്യ സ്ഥാപനവുമായി ബന്ധപ്പെട്ട് ഒരു മാസത്തിനുള്ളിൽ അപേക്ഷയിൻമേൽ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| 8 | പ്രൊഫിഷ്യൻസി ഇന്റർഫേസ് സെൽ | വ്യവസായ സംബന്ധ കാര്യങ്ങൾക്ക് വ്യക്തമായ അപേക്ഷ സമർപ്പിക്കുക | ഈ മേഖലയുമായി ബന്ധപ്പെട്ടവരിൽ നിന്നും വിവരം ശേഖരിച്ച് 1 ആഴ്ചയ്ക്കുള്ളിൽ നൽകുന്നതായിരിക്കും |
| 9 | ഡിസ്ട്രിക്റ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കമ്മിറ്റി | ജില്ലാ കളക്ടർ ചെയർമാനും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറുമായി രൂപീകരിക്കപ്പെട്ട ഈ കമ്മിറ്റിയിൽ ജില്ലായ്ക്കകത്തുള്ള ജില്ലാതല വകുപ്പ് മേധാവികൾ അംഗങ്ങളാണ്. വ്യവസായ യൂണിറ്റുകളുമായി ബന്ധപെപ്ട്ട വിഷയങ്ങൾക്ക് ഈ കമ്മിറ്റിയെ സമീപിക്കാവുന്നതാണ്. | എല്ലാ മാസവും ചേരുന്ന കമ്മിറ്റിയിൽ ഉന്നയിക്കപ്പെട്ട വിഷയവുമായി ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി പരിഹരിക്കുവാൻ കഴിയുന്ന വിഷയങ്ങളിൽ തീരുമാനങ്ങൾ കൈക്കൊള്ളുന്നതാണ്. |
| 10 | വ്യവസായ കരകൗശല സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ | 1969ലെ കേരള വാണിജ്യ സഹകരണ നിയമത്തിലും വ്യവസായ വാണിജ്യ ഡയറക്ടർ പുറപ്പെടുവിക്കുന്ന നിബന്ധനകൾ പ്രകാരവും അപേക്ഷ സമർപ്പിക്കുക | പൂർണ്ണ അപേക്ഷ ലഭിച്ച് 90 ദിവസത്തിനകം |
| 11 | എന്റർപ്രണർ സപ്പോർട്ട് സ്കീം | അപേക്ഷയോടൊപ്പം ഉത്തരവിൽ നിർദ്ദേശിക്കുന്ന അനുബന്ധ രേഖകൾ സഹിതം താലൂക്ക് വ്യവസായ ഓഫീസ് മുഖാന്തിരം അപ്ഷേ സമർപ്പിക്കാവുന്നതാണ്. പൊതുവിഭാഗത്തിലുള്ള അപേക്ഷകർ അപേക്ഷാ ഫീസ് ആയി 1000/- രൂപയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് 500/- രൂപയുമാണ്. പൊതുവിഭാഗത്തിലുള്ള വ്യവസായ സംരംഭങ്ങൾക്ക് സ്ഥിര നിക്ഷേപത്തിന്റെ 15% പരമാവധി രൂപ 20 ലക്ഷം എന്ന കണക്കിലും പട്ടികജാതി/പട്ടികവർഗ്ഗക്കാർ, വനിതകൾ, | പൂർണ്ണ അപേക്ഷ ലഭിച്ച് മൂന്ന് മാസത്തിനകം |

| | | | |
|---|---|---|---|
| | | യുവാക്കൾ, (45 വയസിൽ താഴെ) ഇത് 20% പരാമവധി 30 ലക്ഷം രൂപയുമാണ് ധനസഹായമായി നൽകുന്നത്. കൂടാതെ ഊന്നൽ കൊടുത്തിട്ടുള്ള മേഖലയിലെ സംരംഭകർക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 30% പരമാവധി 30 ലക്ഷം രൂപ ധനസഹായമായി നൽകുന്നു. കൂടാതെ പുതുതായി ആരംഭിക്കുന്ന സംരംഭങ്ങൾക്ക് സ്റ്റാർട്ട് അപ്പ് സപ്പോർട്ട് ഇനത്തിൽ ധനസഹായം നൽകുന്നതുമാണ്. പുതിയ സാങ്കേതിക വിദ്യ സ്വായത്തമാക്കുന്ന സ്ഥാപനങ്ങൾക്കും ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. | |
| | | | |

..........................................

## എറണാകുളം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ് (മേഖല)

കേരളത്തിലെ മത്സ്യമേഖലയുടെ വളർച്ചയിൽ സുപ്രധാന പങ്കാണ് എറണാകുളം ജില്ല വഹിച്ചിട്ടുള്ളത്. മത്സ്യബന്ധന മേഖലയിൽ വിശേഷ്യ കടൽ മത്സ്യബന്ധനത്തിൽ ഉ ായിട്ടുള്ള വികാസ പരിണാമങ്ങൾക്ക് നേതൃത്വം നൽകിയിട്ടുള്ളത്. എറണാകുളം ജില്ലയിൽ കൊച്ചി കോർപ്പറേഷൻ പരിധിയിൽ കേരള ഹൈക്കോടതിക്കു സമീപം സലീം അലി റോഡിലുള്ള മത്സ്യവകുപ്പു കാര്യാലയത്തിലെ ഒന്നാം നിലയിലാണ് മത്സ്യവകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ (മേഖല), എറണാകുളം ആഫീസ് പ്രവർത്തിക്കുന്നത്. സമുദ്ര മത്സ്യബന്ധന നിയന്ത്രണം, ഉൾനാടൻ മത്സ്യ

ബന്ധന നിയന്ത്രണം, കടൽ രക്ഷാപ്രവർത്തനം, സമ്പാദ്യ സമാശ്വാസ പദ്ധതി, ഭവന നിർമ്മാണ പദ്ധതി, വീട് അറ്റ കുറ്റപണി, സാനിറ്റേഷൻ, സാമൂഹ്യ മത്സ്യകൃഷി, സീറാഞ്ചിംഗ്,കോസ്റ്റൽ അക്വാകൾച്ചർ ലൈസൻസ്, മത്സ്യബന്ധന യാനങ്ങളുടെ രജിസ്ട്രേഷൻ, ലൈസൻസ്, ജല മത്സ്യകൃഷി വികസനം,തീര സുരക്ഷ ഏകോപനം, മത്സ്യത്തൊഴി ലാളികളുടെ മറ്റു ക്ഷേമ പ്രവർത്തനങ്ങൾ എന്നിവ ഈ ആഫീസ് വഴി കാര്യക്ഷമമായി നടത്തി വരുന്നു. വിവിധ സേവനങ്ങൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടു ്.

1. **വിദ്യാഭ്യാസ ആനുകൂല്യങ്ങൾ**

   മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നഴ്സറി, ലോവർ പ്രൈമറി തലം തൊട്ട് ഉന്നത വിദ്യാഭ്യാസത്തിനുൾപ്പെടെ സാമ്പത്തിക സഹായമായ സ്റ്റൈഫന്റ് ലംസംഗ്രാന്റ്, പ്രീമെട്രി ക്, പോസ്റ്റ്മെട്രിക് സ്കോളർഷിപ്പുകൾ നൽകി വരുന്നു.

   **വിദ്യാതീരം** - മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ബാങ്ക്, സിവിൽ സർവ്വീസ്, മെഡിക്കൽ എൻട്രൻസ്, പി.എസ്. എസി തുടങ്ങിയ പരീക്ഷകൾക്ക് സൗജന്യമായി പരിശീലനം നടത്തുന്നു.

   **ദത്തെടുക്കൽ –** രക്ഷിതാക്കൾ മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസം നൽകുന്നതിനായി ദത്തെടുത്ത് ചിലവുകൾ വഹിക്കുന്നു.

**കരിയർ ഗൈഡൻസ്** – മത്സ്യത്തൊഴിലാളി വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് അടിസ്ഥാന സൗകര്യ വികസന പദ്ധതി പ്രകാരം കരിയർ ഗൈഡൻസിന് ഊന്നൽ നൽകി കൊ ് ജില്ലയിലെ വിവിധ മത്സ്യഗ്രാമങ്ങളിൽ ഏകദിന ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു വരുന്നു.

2. **ഊന്നിവല – ചീനവല ലൈസൻസ് നൽകൽ**

   ജില്ലയിലെ മത്സ്യബന്ധന ഉപകരണങ്ങളുടെ ലൈസൻസിംഗ് അതോറിറ്റി ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറാണ്. കായ ലുകളിൽ സ്ഥാപിച്ചിരിക്കുന്ന ഊന്നിവല, ചീനവല എന്നിവയുടെ കരം ഈടാക്കലും ലൈസൻസ് നൽകലും അനുവ ദിച്ചു വരുന്നു.

3. ചെമ്മീൻകെട്ട് ലൈസൻസ്

5 മാസത്തെ വേനൽകെട്ടിനും 12 മാസത്തെ വർഷകെട്ടിനുമുള്ള ലൈസൻസ് നൽകി വരുന്നു. ഫീൽഡ് ലെവൽ ഓഫീസർമാരുടെ അന്വേഷണത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് നൽകി വരുന്നത്.ലൈസൻസ് ഇല്ലാത്ത ചെമ്മീൻവാറ്റ്/ചെമ്മീൻ കൃഷി നടത്തുന്നത് കുറ്റകരവും ശിക്ഷാർഹവുമാണ്.ലൈസൻസ് കാലാവധി കഴിയുന്നതനു സരിച്ച് ലൈസൻസ് പുതുക്കേ താണ്.

**4. സമ്പാദ്യ സമാശ്വാസ പദ്ധതി**

മത്സ്യത്തൊഴിലാളികളുടെ സമ്പാദ്യ ശീലം വളർത്തുക, പഞ്ഞ മാസങ്ങളിൽ ആശ്വാസം എത്തിക്കു എന്ന ലക്ഷ്യ ത്തോടെ നടപ്പാക്കുന്ന പദ്ധതിയാണിത്. മത്സ്യത്തൊഴിലാളികളുടെ കൈയിൽ നിന്ന് മൂന്ന് ഘട്ടമായി 1500/ രൂപ ശേഖരിച്ച തിനോട് സംസ്ഥാന വിഹിതമായി 1500/ രൂപയും കേന്ദ്രവിഹിതമായ 1500/- രൂപയും ചേർത്ത് 4500/- രൂപ നൽകുന്നു.

5. **ലൈഫ്മിഷൻ**

മത്സ്യത്തൊഴിലാളികൾക്ക് നൽകിയിരുന്ന ഭവനനിർമ്മാണ പദ്ധതികളിൽ 2016 മാർച്ച് 31 വരെ എഗ്രിമെന്റിൽ ഏർപ്പെടു കയും എന്നാൽ അനുവദിച്ച ഗഡുക്കൾ മുഴുവൻ കൈപ്പറ്റാതെ ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താ ക്കളെ പ്രസ്തുത ഭവനനിർമ്മാണ പൂർത്തീകരണത്തിനായി ലൈഫ്മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുകയും അവർ കൈപ്പ റ്റിയ തുകയ്ക്ക് ആനുപാതികമായി അധിക തുക അനുവദിച്ച് ഫിഷറീസ് വകുപ്പിന്റെയും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും വിഹിതം ഉപയോഗിച്ച് പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുകയും അതു വഴി ഭവനനിർമ്മാണ പൂർത്തീകരണം എന്ന ലക്ഷ്യം കൈവരിക്കുകയും ചെയ്തു.

**6. ഭവനനിർമ്മാണ പദ്ധതി**

സ്വന്തമയി വാസയോഗ്യമായ വീടില്ലാത്ത ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മത്സ്യത്തൊഴിലാളികൾക്ക് 2 ലക്ഷം രൂപ വീതം ആകെ 3 കോടി രൂപ ധനസഹായം നൽകി വരികയും ചെയ്യുന്നു. വിവിധ കേന്ദ്ര സംസ്ഥാന പദ്ധതികളിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികൾക്ക് എല്ലാ സാമ്പത്തിക വർഷവും ഭവന നിർമാണത്തിന് സഹായങ്ങൾ നൽകി വരുന്നു. അപേക്ഷകൻ വിവാഹിതനും, കുടുംബമായി താമസിക്കുന്ന വ്യക്തിയും സ്വന്തം പേരിലോ ഭാര്യയുടെ പേരിലോ വീടില്ലാത്ത വ്യക്തി ആയിരിക്കണം. അതാത് മത്സ്യഭവൻ ഓഫീസർ മുഖേന ഫിഷറീസ് ഡെപ്യൂട്ടിസ ഡയറക്ടർക്ക് അപേക്ഷ നൽകാവുന്നതാണ്.

**7. ഭവന പുനരുദ്ധാരണ, സാനിറ്റേഷൻ**

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മത്സ്യത്തൊഴിലാളികളുടെ വീട് അറ്റകുറ്റ പണി നടത്തുന്നതിനായി 50000/- രൂപ അനുവദിക്കുന്ന പദ്ധതിയാണിത്. നിലവിൽ കക്കൂസ് ഇല്ലാത്തവർക്ക് കക്കൂസ് നിർമ്മാണത്തിനായി 17,500/ രൂപ വരെ അനുവദിക്കുന്നു. മേൽ പദ്ധതികൾക്ക് അപേക്ഷ ക്ഷണിക്കുന്നതനുസരിച്ച് അതാത് മത്സ്യഭവൻ ഓഫീസർ മുഖേന ഫിഷറീസ് ഡെപ്യൂട്ടിസ ഡയറക്ടർക്ക് അപേക്ഷ നൽകാവുന്നതാണ്.

8. **സൗജന്യറേഷൻ**

മൺസൂൺ കാലത്ത് ഏർപ്പെടുത്തുന്ന ട്രോളിങ്ങ് നിരോധനം മൂലം തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളി/അനുബന്ധത്തൊഴിലാളികൾക്ക് സൗജന്യറേഷൻ വിതരണം ചെയ്തു വരുന്നു. അതാത് മത്സ്യഭവൻ ഓഫീസർ മുഖേന ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർക്ക് അപേക്ഷ നൽകാവുന്നതാണ്.

9.**ബോധവൽക്കരണ പരിപാടി**

മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാനസൗകര്യ വികസനവും മാനവശേഷി വിസനവും ലക്ഷ്യമാക്കി ജില്ലയിലെ തീരദേശ പ്രദേശങ്ങളിലെ വിവിധ കേന്ദ്രങ്ങളിലായി 8 ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു. നടപ്പ് സാമ്പത്തിക വർഷവും ബോധവത്കരണ ക്ലാസുകൾ ജില്ലയുടെ വിവധ ഭാഗങ്ങളിൽ സംഘടിപ്പിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. വിശദവിവരങ്ങൾക്ക് അതാത് മത്സ്യഭവൻ ഓഫീസറുമായി ബന്ധപ്പെടുക.

10. **സൗജന്യ മെഡിക്കൽ ക്യാമ്പ്**

മത്സ്യത്തൊഴിലാളി മേഖലയിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലയിൽ വിവധ സ്ഥലങ്ങളിലായി 6 മത്സ്യ ഗ്രാമങ്ങളിൽ സൗജന്യ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു. ഇതിൽ ജനറൽ മെഡിസിൻ, ഗൈനക്കോളജി, ഒഫ്ത്താൽമോളജി,ദന്തരോഗം,ശിശുരോഗം,ഇ.എൻ.ടി., ജനറൽ സർജറി എന്നീ വിഭാഗങ്ങളിലായി വിദഗ്ദ്ധർ പങ്കെടുത്തു. ഈ പദ്ധതിയുടെ പിൻതുടർച്ചായായി ഈ വർഷവും ജില്ലയുടെ വിവധ ഭാഗങ്ങളിൽ സംഘടിപ്പിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. വിശദവിവരങ്ങൾക്ക് അതാത് മത്സ്യഭവൻ ഓഫീസറുമായി ബന്ധപ്പെടുക.

11. **ഭൂരഹിത ഭവന രഹിത മത്സ്യത്തൊഴിലാളികൾക്കുള്ള ധനസഹായം**

കടൽ തീരത്ത് നിന്ന് 50 മീറ്റർ ചുറ്റളവിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ പുനരധിവസിപ്പിക്കൽ ലക്ഷ്യം വച്ച് രൂപീകരിച്ച പദ്ധതിയാണിത്. ഭൂരഹിത ഭവന രഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഭൂമി വാങ്ങി ഭവനങ്ങൾ നിർമ്മിക്കുന്നതിനായി 10 ലക്ഷം രൂപ വീതം അനുവദിച്ചു വരുന്നു. നടപ്പ് സാമ്പത്തിക വർഷം ഈ പദ്ധതിയിലേക്ക് അപേക്ഷകൾ ക്ഷണിക്കുവാനുള്ള നടപടികൾ തുടർന്നു വരുന്നു. അതാത് മത്സ്യഭവൻ ഓഫീസർ മുഖേന ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർക്ക് അപേക്ഷ നൽകാവുന്നതാണ്.

12. **കായൽ പട്രോളിംഗ്, കായൽ മലിനീകരണം, അനധികൃത മത്സ്യബന്ധനം തടയൽ**

ഉൾനാടൻ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ ജീവിതം പരിപോഷിപ്പിക്കുന്നതിനും, തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുന്നതിനും തദ്വാര ആളോഹരി വരുമാനം കൂടുന്നതും ലക്ഷ്യമാക്കി അനധികൃതവും നിയമവിരുദ്ധവുമായി നടത്തുന്ന ഉൾനാടൻ മത്സ്യബന്ധനം തടയുന്നതിനായി ഫിഷറീസ് (മേഖല) ഡെപ്യൂട്ടി ഡയറക്ടറുടെ കീഴിൽ പ്രവർത്തിക്കുന്ന ഫിഷറീസ് ഇൻസ്പെക്ടർ (ബാക്ക് വാട്ടർ) എറണാകുളം, ഞാറ

ക്കൽ, പറവൂർ, എറണാകുളം സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് (ബാക്ക് വാട്ടർ) എന്നിവരുടെ മേൽനോട്ടത്തിൽ തുടർച്ചയായി കായൽ പട്രോളിംഗ് നടത്തുന്നു. ഈ മേഖലയിൽ പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളികൾ അനധികൃതവും നിയമവിരുദ്ധവുമായ മത്സ്യബന്ധന രീതികൾ ശ്രദ്ധയിൽപെട്ടാൽ ആയത് ഈ ഓഫീസുകളിൽ അടിയന്തരമായി അറിയിച്ചാൽ സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

## മത്സ്യ കർഷക വികസന ഏജൻസി,

മത്സ്യ കർഷക വികസന ഏജൻസി, എറണാകുളം ജനകീയ മത്സ്യകൃഷി II പദ്ധതി നടപ്പിലാക്കി. നടപ്പ് സാമ്പത്തിക വർഷം മത്സ്യകൃഷി വ്യാപനത്തിനായി മത്സ്യ കർഷക വികസന ഏജൻസിയുടെ നേതൃത്വത്തിൽ പ്രാരംഭ പ്രവർത്തനങ്ങൾ
നടന്നു വരുന്നു.

മത്സ്യകർഷക വികസന ഏജൻസി വഴി ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന ജനകീയ മത്സ്യകൃഷിII വഴി ശാസ്ത്രീയ കാർപ്പ് മത്സ്യകൃഷി, അന്തരീക്ഷ വായു ശ്വസിക്കുന്ന മത്സ്യങ്ങളുടെ കൃഷി, ഗിഫ്റ്റ് മത്സ്യകൃഷി, കാരചെമ്മീൻ കൃഷി, നാരൻ ചെമ്മീൻ കൃഷി, ഓരുജല മത്സ്യകൃഷി, ഓരുജല കൂട് മത്സ്യകൃഷി, ഞ ് കൃഷി, പടുതാ കുളങ്ങളിലെ മത്സ്യകൃഷി, കുളങ്ങളിലെ മത്സ്യകൃഷി, സംയോജിത മത്സ്യകൃഷി എന്നീ പദ്ധതികൾ നടപ്പിലാക്കുന്നു. പദ്ധതികളെ ക്കുറിച്ചുള്ള വിശദവിവരങ്ങൾക്കും അപേക്ഷകൾക്കും എറണാകുളം മത്സ്യ കർഷക വികസന ഏജൻസിയുമായി ബന്ധപ്പെടുക.

## ഫിഷറീസ് സ്റ്റേഷൻ, വൈപ്പിൻ വഴി നടപ്പിലാക്കുന്ന സേവനങ്ങൾ

പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ താത്പര്യങ്ങൾ സംരക്ഷിക്കുക, മത്സ്യസമ്പത്ത് സംരക്ഷിക്കുക, കടലിൽ ക്രമസമാധാനം ഉറപ്പാക്കുക, മത്സ്യബന്ധന നിയന്ത്രണ നിയമം പാലിക്കപ്പെടുന്നതിനായി കടലിൽ റോന്തു ചുറ്റുക തുടങ്ങിയവ ഫിഷറീസ് സ്റ്റേഷൻ വഴി നടപ്പിലാക്കി വരുന്നു.

**മത്സ്യബന്ധന യാന രജിസ്ട്രേഷൻ & ലൈസൻസിംഗ്** - കടൽ മത്സ്യബന്ധന നിയന്ത്രണ നിയമത്തിന്റെ ഭാഗമായി മത്സ്യബന്ധന യാനങ്ങൾ രജിസ്ട്രർ ചെയ്യുക, ലൈസൻസ് നൽകുക എന്നീ സേവനങ്ങൾ ഫിഷറീസ് സ്റ്റേഷൻ വഴി നടപ്പിലാക്കി വരുന്നു.

**ട്രോളിംഗ് നിരോധനം** - മത്സ്യസമ്പത്ത് പരിപോഷിപ്പിക്കുക, പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ താത്പര്യങ്ങൾ സംരക്ഷിക്കുക എന്നീ ലക്ഷ്യങ്ങളോടെ മൺസൂൺ ട്രോളിംഗ് നിരോധനം നടപ്പാക്കുന്നു.

കടൽ രക്ഷാപ്രവർത്തനങ്ങൾ - മൺസൂൺ കാലം ഉൾപ്പെടടെയുളള സമയങ്ങളിൽ കടലിൽ അകപ്പെടുന്നുവരെ രക്ഷപ്പെടുത്തുന്നതിനുളള പ്രവർത്തനങ്ങൾ നടത്തുന്നു.

**<u>സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വുമൺ (സാഫ്)</u>**

വനിതാ സ്വയം സഹായ സംഘങ്ങൾക്ക ് ചെറുകിട തൊഴിൽ സംരഭങ്ങൾ തുടങ്ങുന്നതിന് സാമ്പത്തിക, സാങ്കേതിക സഹായം നൽകുക എന്ന ലക്ഷ്യത്തോടെ 2005 മുതൽ ഫിഷറീസ് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നു. മത്സ്യത്തൊഴിലാളി വനിതകളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി സാഫ് വിവിധ തരം പദ്ധതികൾ നടപ്പിലാക്കി വരുന്നു.

<u>തീരമൈത്രി</u>

പന്ത്ര ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തിക്കൊ ് 159 മൈക്രോയൂണിറ്റുകളെ തിരഞ്ഞെടുത്ത് അതിലൂടെ മത്സ്യത്തൊഴിലാളി വനിതകളുടെ ജീവിത ഉപാധി എന്ന നിലയിൽ പ്രവർത്തിച്ചു വരുന്നു. ഇതിന്റെ പ്രധാന ലക്ഷ്യം എന്നത് സ്വയം പര്യാപ്തമായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾ എന്നതാണ്.

സാഫിന്റെ കീഴിൽ നടപ്പിലാക്കിയ പ്രധാന പദ്ധതികൾ

ഡെവലപ്മെന്റ് ഓഫ് മൈക്രോ എന്റർപ്രൈസസ്, കോസ്റ്റൽ ഡെവലപ്മെന്റ് ഓഫ് മൈക്രോ എന്റർപ്രൈസസ്, തീരസേവന, വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫ ്, ഷിഫ്റ്റു ടു അപ്രോപ്രിയേറ്റ് ബിസിനസ്സ്, സപ്പോർട്ട് ടു സൂപ്പർ മാർക്കറ്റ്, ആൾട്ടർനേറ്റ് ലൈവ്‌ലിഹുഡ് പ്രോജക്ട്, ഫിഷ് വെൻഡിംഗ് മെഷീൻ ടു ഫിഷർവുമൺ, ടെക്നോളജി ഇംപ്രൂവ്മെന്റ്, മെഡിക്കൽ ക്യാമ്പ്, കപ്പാസിറ്റി ബിൽഡിംഗ്, ഇൻട്രസ്റ്റ് സബ്സിഡി ടു ബാങ്ക് ലോൺ, തീര നൈപുണ്യ പ്രോജക്ട്, ബ്രാൻഡിംഗ് ആന്റ് മാർക്കറ്റിംഗ്, കാറ്റഗറി ഇന്റർവെൻഷൻ, ആക്ടിവിറ്റി ഗ്രൂപ്പ് ഫെഡറേഷൻസ്, ആന്റി ലിക്വർ പ്രോഗ്രാംസ്, തീരമാവേലി

.........................................

## ക്ഷീര വികസന വകുപ്പ്
എറണാകുളം ജില്ല

1. ക്ഷീര വികസന മേഖലയിൽ സംസ്ഥാന/തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ആവിഷ്കരിക്കുന്ന പദ്ധതികൾ നടപ്പിലാക്കുക.
2. പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങളുടെ പ്രവർത്തന മേൽ നോട്ടം നിർവ്വഹിക്കുക.

3. ക്ഷീര കർഷക ക്ഷേമനിധി ആനുകൂല്യങ്ങൾ യഥാസമയം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് ഇടനില പ്രവർത്തനം നിർവ്വഹിക്കുക.

4. വിപണിയിൽ വിറ്റഴിക്കുന്ന എല്ലാ ബ്രാൻഡ് പാലുകളുടെയും ഗുണനിലവാരം പരിശോധിച്ച് റിപ്പോർട്ട് ചെയ്യുക, ക്ഷീര സഹകരണ സംഘങ്ങളിൽ സംഭരിക്കുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുക, പൊതുജനങ്ങൾ, സ്ഥാപനങ്ങൾ കൊ ുവരുന്ന പാലിന്റെ ഗുണനിലവാരം സൗജന്യ പരിശോധന നടത്തുക.

5. ക്ഷീര സഹകരണ ശൃംഖല ശക്തവും വ്യാപകവും ആധുനികവുമാക്കുക.

**ഞങ്ങളുടെ ദൗത്യം**

1. ക്ഷീര വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളിൽ സുതാര്യതയും കാര്യക്ഷമ തയും ഉറപ്പുവരുത്തുക.

2. പൊതുജനങ്ങളുടെ അവകാശങ്ങൾ മാനിക്കുകയും അവരോട് വിനയത്തോടെ പെരുമാറുകയും ചെയ്യുക.

3. ജില്ലയിൽ പ്രവർത്തിക്കുന്ന ഓഫീസിനെയോ ഉദ്യോഗസ്ഥൻമാരെയോ സംബ ന്ധിച്ച പരാതികളിൽ ഒറ്റ മാസത്തിനകം അന്വേഷണം പൂർത്തിയാക്കി മറുപടി നൽകുക. സമയപരിധിക്കുള്ളിൽ അന്വേഷണം പൂർത്തിയാകാത്ത പക്ഷം വിഷയം കാര്യകാരണസഹിതം പരാതിക്കാരനെ അറിയിക്കുക.

4. പ്രാഥമിക സംഘം രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷകളിൽ നടപടികൾ സ്വീക രിക്കുക.

5. പ്രാഥമിക ക്ഷീര സഹകരണ സംഘം രജിസ്ട്രേഷൻ ഉൾപ്പെടെ ഈ വകുപ്പ് നട പ്പിലാക്കുന്ന എല്ലാ പരിപാടികളും സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെടുന്ന പക്ഷം പൊതുജനങ്ങൾക്ക് ലഭ്യമാക്കുക.

ഡെപ്യൂട്ടി ഡയറക്ടർ

.........................................

## കൃഷി വകുപ്പ്

## ജില്ലാ കൃഷിത്തോട്ടം നേര്യമംഗലം

**ആമുഖം**

എറണാകുളം ജില്ലയിലെ കവളങ്ങാട് പഞ്ചായത്തിൽ നേര്യമംഗലത്തു പ്രവർത്തിക്കുന്ന ജില്ലാ കൃഷിത്തോട്ടം 1965ലാണ് സ്ഥാപിതമായത്. പെരിയാറിന്റെ തിരത്ത് മൂന്നു വശവും മലകളാൽ ചുടപ്പെട്ട് വളരെ പ്രകൃതിരമണീയമായ സ്ഥലത്താണ് ജില്ലാ കൃഷിത്തോട്ടം സ്ഥിതി ചെയ്യുന്നത്. ജാതി, കുരുമുളക്, തുടങ്ങിയ സുഗന്ധ വ്യഞ്ജന വിളകൾക്ക് പ്രാധാന്യമുള്ള ഇവിടെ തെങ്ങ്, കമുക്, കശുമാവ്, വിവിധതരം ഫവലൃക്ഷങ്ങൾ, കിഴങ്ങു വർഗ്ഗങ്ങൾ, പച്ചക്കറി വിളകൾ എന്നവയും കൃഷി ചെയ്തു വരുന്നു. കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം, ഗ്രീൻ ഹൗസുകൾ, നഴ്സറി, ടിഷ്യു കൾച്ചർ തൈകൾ വളർത്തി വലുതാക്കുന്നതിനുള്ള ഹാർഡനിങ്ങ് യൂണിറ്റ് എന്നിവയെല്ലാം ഈ ഫാമിലുണ്ട്.

**ലക്ഷ്യങ്ങൾ സേവനങ്ങൾ**

**I നടീൽ വസ്തുക്കളുടെ ഉല്പാദനവും വിതരണവും**

ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉല്പാദനവും വിതരണവുമാണ് കൃഷിത്തോട്ടത്തിന്റെ പ്രധാനാ ലക്ഷ്യങ്ങവും പ്രവർത്തനവും. തെങ്ങിൻ തൈകൾ, പച്ചക്കറി വിത്തുകൾ, ഫവലൃക്ഷങ്ങൾ, സുഗന്ധ വ്യഞ്ജന വിളകൾ, അലങ്കാരച്ചെടികൾ എന്നിവയുടെ നടീൽ വസ്തുക്കൾ, കിഴങ്ങു കൾ, ടിഷ്യു കൾച്ചർ വാഴകൾ എന്നിവ ഈ കൃഷിത്തോട്ടത്തിൽ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം നടത്തി വരുന്നു. നടീൽ വസ്തുക്കളുടെ ഉല്പാദനത്തിനു വേണ്ടി പ്രധാന വിളകളുടെയെല്ലാം മാതൃ വൃക്ഷങ്ങൾ ഇവിടെ നട്ടു വളർത്തി പരിപാലിച്ചു വരുന്നു. കൊച്ചി–മൂന്നാർ ഹൈവേയുടെ അരികിൽ സ്ഥിതി ചെയ്യുന്നതിനാൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ളവർ ഈ കൃഷിത്തോട്ടത്തിൽ നിന്നും നടീൽ വസ്തുക്കൾ വാങ്ങനെത്താറുണ്ട്. പ്രകൃതി രമണീയമായ ഫാം പരിസരങ്ങളും ഫാം ടൂറിസത്തിന് വളരെ അനുയോജ്യമാണ്.

**II വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും പരിശീലനങ്ങളും**

കൃഷി വകുപ്പിന്റെ വിവിധ സ്കീമുകളുടെ കിഴിൽ കർഷകർക്കുള്ള പരിശീലന പരിപാടികൾ ജില്ലാ കൃഷിത്തോട്ടത്തിൽ സംഘടിപ്പിച്ചു വരുന്നു. ഇതിനു പുറമേ വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്കുള്ള തൊഴിൽ പരിശീലന പരിപാടികളും ഫാമിൽ സ്ഥിരമായി നടത്തി വരുന്നു. വിവിധ വിളകളുടെ മോഡൽ ഡെമോൺസ്ട്രേഷൻ പ്ളോട്ടുകൾ സജ്ജമാക്കിയിട്ടുണ്ട്.

<u>ജില്ലാ കൃഷിത്തോട്ടം – അടിസ്ഥാന വിവരങ്ങൾ</u>

ജില്ലാ കൃഷിത്തോട്ടം ആരംഭിച്ച വർഷം 1965

1. ആകെ വിസ്തീർണ്ണം 116 ഹെക്ടർ
2. ഇതര ഏജൻസികൾക്ക് കൈമാറിയ സ്ഥലത്തിന്റെ വിവരങ്ങൾ

എ) കേര വികസന ബോർഡിന് (പാട്ടത്തിന്) 20 ഹെക്ടർ

(11.03.1991 മുതൽ 20 വർഷത്തേയ്ക്ക് ഒരു രൂപ നാമമാത്ര തുകയിൽ പാട്ടത്തിന് 20 ഹെക്ടർ സ്ഥലം നൽകി. ആയതിന്റെ കാലാവധി 10.03.2011ന് അവസാനിച്ചു. പ്രസ്തുത സ്ഥലം തിരികെ ലഭിക്കുന്നതിന് വേണ്ടിയുള്ള നടപടിക്കായി 04.06.2012ന് സർക്കാരിനെ അറിയിച്ചിട്ടുണ്ട്). ടി. സ്ഥലം തിരിച്ച് ലഭിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്.

ബി) ജില്ലാ ട്രൈബൽ മിഷൻ എറണാകുളം 17 ഹെക്ടർ

**ആകെ കൈമാറിയ സ്ഥലം 37 ഹെക്ടർ**

3. ഫാമിന്റെ ആവശ്യത്തിനായി നിലവിലുള്ള സ്ഥലം 79.4 ഹെക്ടർ
4. കൃഷി ആവശ്യത്തിനായി ലഭ്യമായ സ്ഥലം 58.7 ഹെക്ടർ
5. കൃഷിക്ക് ഉപയോഗയോഗ്യമല്ലാത്ത വനഭൂമി 11.3 ഹെക്ടർ
6. റോഡ്, കെട്ടിം, കുളം മുതലായവ 9.4 ഹെക്ടർ

**<u>ജീവനക്കാരുടെ വിശദാംശങ്ങൾ</u>**

| ക്ര.നം. | കാറ്റഗറി | അനുവദിച്ചിരിക്കുന്ന തസ്തിക എണ്ണം | സേവനത്തിൽ ഇപ്പോഴുള്ളത് | ഒഴിവ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | ഫാം സൂപ്രണ്ട് | 1 | 1 | |
| | കൃഷി ഓഫീസർ | 2 | 2 | |
| | കൃഷി അസിസ്റ്റന്റ് | 3 | 3 | |
| | ഹെഡ് ക്ളാർക്ക് | 1 | 1 | |
| | ക്ളാർക്ക് | 3 | 3 | |
| | ക്ളാർക്ക് കം ടൈപ്പിസ്റ്റ് | 1 | 1 | |
| | ഇലക്ട്രീഷ്യൻ | 1 | 1 | |
| | ഡ്രൈവർ | 1 | 1 | |
| | വാച്ച്മാൻ | 4 | 3 | 1 |
| | പ്യൂൺ | 2 | 2 | |
| | പെർമനന്റ് സർവന്റ് | 1 | 1 | |
| | പാർട്ട് ടൈം സ്വീപ്പർ | 1 | 1 | |
| **ആകെ** | | 21 | 20 | |

| | **അനുവദിച്ചിരിക്കുന്ന തസ്തിക എണ്ണം** | | **സേവനത്തിൽ ഇപ്പോഴുള്ളത്** | | **ഒഴിവ്** | |
|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| സ്ഥിരം തൊഴിലാളികൾ | 40 | 71 | 4 | 9 | 36 | 62 |
| കാഷ്വൽ തൊഴിലാളികൾ | | | 53 | 241 | -- | -- |

## (എ) അടിസ്ഥാന സൗകര്യങ്ങൾ

| പമ്പ്സെറ്റ് | കാര്യക്ഷമത | എണ്ണം | സ്ഥാപിച്ചിരിക്കുന്നത് | റിമാർക്സ് |
|---|---|---|---|---|
| | 50 HP | 2 | 2 | |
| | 30 HP | 1 | 1 | |
| ഇലക്ട്രിക് മോട്ടോർ പമ്പ്സെറ്റ് | 20 HP | 1 | | ഉപയോഗശൂന്യം |
| | 15 HP | 1 | | മോഷ്ടിക്കപ്പെട്ടു അന്വേഷണം നടക്കുന്നു |
| | 1.5 HP | 5 | 4 | 1 സ്ഥാപിച്ചിട്ടില്ല |
| | 0.5 HP | 2 | 1 | 2 എണ്ണം ഉപയോഗശൂന്യം |
| | 5 HP | 5 | 2 | 1 എണ്ണം പകരം ഉപയോഗിക്കുവാൻ വേണ്ടി |

2. കുളങ്ങൾ/കിണറുകൾ — 4 എണ്ണം
3. കനാൽ ജലസേചനം — ഇല്ല
4. മിസ്റ്റ് ചേമ്പറുകൾ — 2 എണ്ണം ഉപയോഗിക്കുന്നു

5. ഗ്രീൻ ഹൗസ് 15 എണ്ണം
6. ഹാർഡനിങ്ങ് യൂണിറ്റ് 1 എണ്ണം
7. പോളി ഹൗസ് 2 എണ്ണം

**(ബി) അഗ്രികൾച്ചറൽ മെഷിനറി**

1. പവർ ടില്ലർ 2 എണ്ണം (ഒരെണ്ണം ഉപയോഗശൂന്യം)
2. ട്രാക്റ്റർ 2 എണ്ണം
3. കുറ്റിപ്പമ്പ് 6 എണ്ണം
4. റോക്കർ സ്പ്രേയർ 6 എണ്ണം (ഒരെണ്ണം ഉപയോഗിക്കുന്നു)
5. ബ്രഷ് കട്ടർ 2 എണ്ണം
6. ലോൺ മോവാർ 2 എണ്ണം
7. ട്രീ കട്ടർ 3 എണ്ണം
8. വീൽ ബാരോ 2 എണ്ണം
9. പവർ സ്പ്രേയർ 1 എണ്ണം

..........................................

സംസ്ഥാന വിത്തുൽപാദന കേന്ദ്രം ഒക്കൽ

ഫാമിന്റെ പേര് : സംസ്ഥാന വിത്തുൽപാദന കേന്ദ്രം ഒക്കൽ
പഞ്ചായത്ത് : ഒക്കൽ
ബ്ളോക്ക് : കൂവപ്പടി
ജില്ല : എറണാകുളം
തുടങ്ങിയ വർഷം : 1979
ഓഫീസർ : സിജി ആന്റണി
ഏരിയ : 13.68 ഹെക്ടർ
കൃഷി ചെയ്യുന്ന ഏരിയ : 12.9 ഹെക്ടർ
വെറ്റ് ഏരിയ : 11 ഹെക്ടർ
ഗാർഡൻ : 1.9 ഹെക്ടർ
കുളങ്ങൾ, ടാങ്കുകൾ,
റോഡുകൾ, കെട്ടിടങ്ങൾ : 0.78 ഹെക്ടർ

**ജീവനക്കാരുടെ വിശദാംശങ്ങൾ**

| ക്ര.നം. | പോസ്റ്റ് | അനുവദിച്ചിരിക്കുന്ന തസ്തിക എണ്ണം | | സേവനത്തിൽ ഇപ്പോഴുള്ളത് | | |
|---|---|---|---|---|---|---|
| | സീനിയർ അഗ്രികൾച്ചറൽ ഓഫീസർ/അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 1 | | 1 | | |
| | അഗ്രികൾച്ചറൽ അസിസ്റ്റന്റ് | 2 | | 2 | | |
| | ക്ളാർക്ക് | 1 | | 1 | | |
| | ഓഫീസ് അറ്റന്റന്റ് | 1 | | 1 | | |
| | പാർട്ട ടൈം സ്വീപ്പർ | 1 | | 1 | | |
| | **തൊഴിലാളികൾ** | പുരു. | സ്ത്രീ | പുരു. | സ്ത്രീ | |
| | സ്ഥിരം തൊഴിലാളികൾ | 17 | 32 | 1 | 35 | |
| | കാഷ്വൽ ലേബറർ | | | 9 | | |
| | ദിവസ വരുമാന തൊഴിലാളികൾ | | | | | |

**പ്രവർത്തനങ്ങൾ**

അത്യുൽപാദന ശേഷിയുള്ള വിത്തുകളും നടീൽ വസ്തുക്കളും ഉൽപാദിപ്പിച്ച് വിതരണം ചെയ്യുക എന്നതാണ് മാഖ്യ ലക്ഷ്യം. താഴെ പറയുന്നവ ഫാമിൽ നിന്നു ലഭിക്കുന്നുണ്ട്.

| **സീസൺ** | **വിള** | **ഇനം** | **ഏരിയ** | **വിളവ്** |
|---|---|---|---|---|
| വിരിപ്പു | നെല്ല് | പ്രത്യാശ | 10.8 ഹെക്ടർ | 25 മെട്രിക് ടൺ |
| മുണ്ടകൻ | നെല്ല് | പ്രത്യാശ | 9.8 ഹെക്ടർ | 25 മെട്രിക് ടൺ |

**പച്ചക്കറി വിത്തുകൾ**

| **വിളഇനം** | **ഏരിയ** |
|---|---|

| | | |
|---|---|---|
| ചീര | അരുൺ | 0.4 ഹെക്ടർ |
| വെണ്ട | ആർക്കനാമിക | 0.4 ഹെക്ടർ |
| പയർ | അനശ്വര, കനകമണി | 0.8 ഹെക്ടർ |
| വെള്ളരി | മുടിക്കോട് ലോക്കൽ | 0.1 ഹെക്ടർ |
| വഴുതന | ഹരിത | 0.6 ഹെക്ടർ |
| പടവലങ്ങ | കൗമുദി | 0.2 ഹെക്ടർ |
| പാവയ്ക്ക | പ്രീതി | 0.1 ഹെക്ടർ |
| മുളക് | അസോർട്ടഡ് | 0.1 ഹെക്ടർ |

<u>നടീൽ വസ്തുക്കൾ</u>

മാവ് (ഗ്രാഫ്റ്റ്)
അലങ്കാരച്ചെടി ആന്തൂറിയം
ക്രോട്ടൺ
നെൽവിത്ത്
പച്ചക്കറി വിത്ത്
ചെത്തി
കാബേജ്
കോളിഫ്ളവർ
ബോഗൻ വില്ല
കുരുമുളക്
ഇൻഡോർ പ്ളാന്റ്
ആന്തൂറിയം
ഗ്രോബാഗ്
കുറ്റികുരുമുളക്
കള്ളിമുൾച്ചെടി
നാരകം
അലെമാന്റ
കുറ്റിമുല്ല
പച്ചക്കറി തൈകൾ
മഞ്ഞൾ
ചേന

.........................................

## <u>സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം – ആലുവ</u>

| | | |
|---|---|---|
| ഫാമിന്റെ പേര് | : | സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം – ആലുവ |
| പഞ്ചായത്ത് | : | ചെങ്ങമനാട് |
| ബ്ലോക്ക് | : | ആലുവ |
| ജില്ലാ | : | എറണാകുളം |
| തുടങ്ങിയ വർഷം | : | 1919 |
| ഓഫീസർ | : | ലിസിമോൾ. ജെ. വടക്കൂട്ട് |
| വിസ്തൃതി | : | 5.32 ഹെ. |
| കൃഷിചെയ്യുന്ന സ്ഥലം | : | 4.45 ഹെ. |
| നിലം | : | 3.15 ഹെ. |
| കരഭൂമി | : | 1.10 ഹെ. |
| കുളങ്ങൾ, റോഡുകൾ, കെട്ടിടങ്ങൾ | : | 1.07 ഹെ. |

**<u>സ്റ്റാഫ്അനുവദിനീയംഇപ്പോൾ ഉള്ളത്</u>**

| | | |
|---|---|---|
| കൃഷി ഓഫീസർ | 1 | 1 |
| കൃഷി അസിസ്റ്റന്റ് | 1 | 1 |
| ക്ലാർക്ക് | 1 | 1 |
| ഓഫീസ് അറ്റന്റന്റ് | 1 | 1 |
| പാർട്ട് ടൈം സ്വീപർ | 1 | 1 |

**<u>തൊഴിലാളികൾഅനുവദിനീയംഇപ്പോൾ ഉള്ളത്</u>**

| | പു. | സ്ത്രീ | പു. | സ്ത്രീ |
|---|---|---|---|---|
| സ്ഥിരം തൊഴിലാളികൾ | 6 | 9 | 3 | 8 |
| കാഷ്വൽ തൊഴിലാളികൾ | | | 1 | 4 |

**<u>പ്രവർത്തനങ്ങൾ</u>**

ആലുവായിൽ പെരിയാർ നദിയുടെ തീരത്ത് 5.32 ഹെക്യർ വിസ്തൃതിയിൽ 2012 LACON ജൈവസർട്ടിഫിക്കേഷനോടുകൂടി പ്രവർത്തിച്ചുവരുന്ന ഒരു ഫാമാണ് **സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം – ആലുവ.** ഗുണനിലവാരമുള്ളവിത്തുകളും നടീൽ വസ്തുക്കളും തികച്ചും ജൈവരീതിയിൽ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുക എന്നതാണ് മുഖ്യലക്ഷ്യം. 3.15 ഹെക്ടർ നെൽകൃഷിയും, ബാക്കിയുള്ള 1.1 ഹെക്ടർ കരഭൂമിയിൽ പച്ചക്കറികൾ , വാഴ, കിഴങ്ങ് വർഗ്ഗ വിളകൾ, ഇഞ്ചി, മഞ്ഞൾ എന്നിവയും കൃഷി ടെയ്തുവരുന്നു. ഹൈബ്രിഡ് ഇനങ്ങളേക്കാൾ നാടൻ ഇനങ്ങൾക്കും അപൂർവ്വ ഇനങ്ങൾക്കുമാണ് മുൻഗണന. രക്തശാലി എന്ന നെൽവിത്ത്,

അടതാപ്പ് എന്ന കിഴങ്ങുവർഗ്ഗം, കാശികാഞ്ചൻ എന്ന പയർ വിത്തിനം എന്നവ ഉദാഹരണം. പാരിസ്ഥിതിക എഞ്ചനീയറിംഗിന്റെ ഭാഗമായി ചോളം. സൂര്യകാന്തി, മാരിഗോൾഡ്, എള്ള്, എന്നിവയും കൃഷി ചെയ്തുവരുന്നു.

ജൈവകൃഷിയിൽ ഉപയോഗിക്കേണ്ടിവരുന്ന വളർച്ച ത്വരകങ്ങളായ ജീവാമൃതം, പഞ്ചഗവ്യം, കീടനാശിനിയായ XPLODE , ജീവാണുവളമായ മൈക്കോറൈസ് എന്നിവയും ഇവിടെ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നു.

ഇന്റഗ്രേറ്റഡ് ഫാമിംഗ് സിസ്റ്റം എന്ന പദ്ധതിപ്രകാരം പശു, ആട്, pouttry, മത്സ്യം എന്നീ എല്ലാ ഘടകങ്ങളും ഈ ഫാമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 6 കാസർകോഡ് കുള്ളൻ പശുക്കളും 3 മലബാറി ആടുകളും 17.5 സെന്റോളം വിസ്തൃതിയുള്ള കുളത്തിൽ ( വാട്ടർ ഹാർവെസ്റ്റിംഗ് സ്ട്രക്ച്ചർ) മത്സ്യകൃഷിയും ചെയ്തുവരുന്നു. നാടൻ കോഴി, കരിങ്കോഴി, ഗിനിക്കോഴി, താറാവ്, എന്നിവ pouttry യൂണിറ്റും ഉടനെ സജ്ജമാക്കുന്നതാണ്.

കർഷകർ, വിദ്യാർത്ഥികൾ, കൃഷിഭവനിൽനിന്നും വരുന്ന ഗ്രൂപ്പുകൾ എന്നിവർക്ക് ജൈവകൃഷിരീതികളെകുറിച്ചും ഉല്പാദനോപാദികളുടെ നിർമ്മാമത്തെ കുറിച്ചും പരിശീലന പരിപാടികൾ നടത്തിവരുന്നു.

ജൈവ നിയന്ത്രണത്തിന് ഉപയോഗിക്കുന്ന ഇരപിടിയൻ ചെഞ്ചാഴിയുടെ പ്രവർത്തനലും ഇവിടെ നടക്കുന്നുണ്ട്.

മണ്ണിരകമ്പോസ്റ്റ് നിർമ്മാണം വെർമിവാഷ് ഉല്പാദനം, വെർമിബെഡ് ഉപയോഗിച്ചുള്ള കമ്പോസ്റ്റിംഗ് എന്നിവ ഉൾപ്പെടുന്ന വെർമി ടെക്നോളജിയും ഇവിടെ ഉപയോഗിച്ചുവരുന്നു.

തേങ്ങയിൽ നിന്നും എണ്ണ ആട്ടിയെടുത്ത് വെളിച്ചെണ്ണ വിപണനവും നടത്തുന്നുണ്ട്. ചുരുക്കത്തിൽ ജൈവകൃഷിയുടെ പാഠശാലയാണ് സ്റ്റേറ്റ്സീഡ് ഫാം ആലുവ.

.......................................

## <u>ഗവൺമെന്റ് തെങ്ങിൻതൈ ഉൽപ്പാദന കേന്ദ്രം – വൈറ്റില നെട്ടൂർ</u>

ഗവൺമെന്റ് തെങ്ങിൻതൈ ഉൽപ്പാദന കേന്ദ്രം – വൈറ്റില നെട്ടൂർ എയൂഡബ്ളിയുഎം മാർക്കറ്റിൽ സ്ഥിതിചെയ്യുന്നു.

1) ഗുണമേന്മയുള്ള Wct, DxT, TxD എന്നീ തെങ്ങിൻതൈ ഉൽപാപദിപ്പിച്ച് കൃഷിഭവനുകൾ വഴിയും നിബന്ധനകൾക്ക് വിധേയമായി നേരിട്ടുമ കർഷകർക്ക് വിതരണം ചെയ്യുന്നു. ശരാശരി 40000 തൈകൾ ഒരു വർഷം ഉൽപ്പാദിപ്പിക്കുന്നു. ഇപ്പോഴത്തെ വില Wct 75, DxT 125 തൊഴിലാളികൾ 125.
2) പച്ചക്കറിതൈക്കളായ വെണ്ട, വഴുതന, പയർ, മുളക്, തക്കാളി, കാബേജ്, കോളിഫ്ളവർ എന്നിവ ശരാരശരി ഒരുവർഷം 100 എണ്ണം ഉൽപ്പാദിപ്പിക്കുന്നു. ഇപ്പോഴത്തെ വില തൈ ഒന്നിന് 3 രൂപ.
3) അലങ്കാരപുഷ്പസസ്യതൈക്കളുടെ ഉൽപ്പാദനവും വിതരണവും ശരാശരി ഒരു വർഷം 3000 മുതൽ 4000 എണ്ണം ഉൽപ്പാദിപ്പിക്കുന്നു. ശരാശരി 30 രൂപയാണ് ഇപ്പോഴത്തെ വില. കൃഷിഭവനുകൾ വഴിയും നേരിട്ടും കർഷകർക്ക് വിതരണം ചെയ്യുന്നു.
4) ഗവൺമെന്റ് തെങ്ങിൻതൈ ഉൽപ്പാദന കേന്ദ്രം – വൈറ്റിലയിൽ പ്രവർത്തിക്കുന്ന പാരസൈറ്റ് ബ്രീഡിങ്ങ് സ്റ്റേഷനിൽ നിന്നും തെങ്ങോലപ്പുഴുവിന്റെ ആക്രമണത്തെ ചെറുക്കുന്നതിനുള്ള മിത്രകീടത്തെ ഉൽപ്പാദിപ്പിച്ച് കൃഷിഭവനുകൾ വഴിയും കർഷകർക്ക് നേരിട്ടും വിതരണം ചെയ്യുന്നു. പ്രതിവർഷം ശരാശരി 100000 എണ്ണം മുത്രകീടങ്ങൾ ഉൽപ്പാദിപ്പിക്കുന്നു. കൂടാതെ ട്രൈകോഡെർമ, വിഎഎമ, ഈഎം ലായിനി, ഗോമൂത്രം അധിഷ്ടിത കീടനാശിനി

**ഓഫീസ് നടത്തിപ്പ്**

ഓഫീസ് മേധാവി – സീനീയർ കൃഷി ഓഫീസർ – 1

കൃഷി അസിസ്റ്റന്റ് 1 സ്ഥിരം ജീവനക്കാർ – 2

ഓഫീസ് അസിസ്റ്റന്റ് – 1

സ്ഥിരം തൊഴിലാളികൾ – 8

ക്ലാർക്ക് – 1

ഗാർഡൻ കം ലാബ് ക്ളീനർ – 2

പാർടൈം സ്വീപ്പർ – 1

........................................

## <u>മൃഗസംരക്ഷണ വകുപ്പ്</u>

ജില്ലാ മൃഗസംരക്ഷണ ആഫീസ് വിലാസം – ഡർബാർഹാൾ ഗ്രൗണ്ടിനു സമീപം, എറണാകുളം

ജില്ലയിലെ മൃഗസംരക്ഷണ സ്ഥാപനങ്ങൾ

അങ്കമാലി മുയൽ ഫാം

ഏരിയ : 33.717 സെന്റ്

മുയൽ ഫാം തുടങ്ങിയ തീയതി : 07.03.2012

**സ്റ്റാഫ് പൊസിഷൻ**

മുയൽഫാം അധികാരിയുടെ തസ്തിക : വെറ്ററിനറി സർജ്ജൻ

ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ : 1

സാനിറ്റേഷൻ വർക്കർ : 1

നൈറ്റ് വാച്ച് മാൻ : 1

പെർമനനന്റ് ലേബറർ : 2

**ലഭ്യമാകുന്ന സേവനങ്ങൾ**

1 മുയലിന് നിലവിലുള്ള റേറ്റ്: ഒന്നര മാസം പ്രായമുള്ള മുയലിനെ 150/– രൂപ നിരക്കിൽ വിൽക്കുന്നു. രസീത് നൽകുന്ന തുക ജില്ലാ പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് അടയ്ക്കുന്നു.

മൊബൈൽ ഫാം എയ്ഡ് യൂണിറ്റ് കുറുപ്പംപടി

**അംഗങ്ങളുടെ ദൗത്യം**

1) ഈ സ്ഥാപനത്തിന്റെ അധികാര പരിധിയിലുള്ള പ്രദേശത്തെ പക്ഷിമൃഗാദികളുടെ ആരോഗ്യ പ്രവർത്തനങ്ങൾ നടത്തുക
2) വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക
3) മൃഗസംരക്ഷണ പ്രവർത്തനങ്ങൾ ജില്ലാ പഞ്ചായത്ത് തലത്തിൽ ഏകോപിപ്പിക്കുക

**ആശുപത്രി ജീവനക്കാർ**

1) വെറ്ററിനറി സർജ്ജൻ
   പ്രവർത്തന സമയം
   സാധാരണ ദിവസം രാവിലെ 9 മണി മുതൽ 1 മണി വരെ
   ഉച്ചയ്ക്ക് ശേഷം 2 മണി മുതൽ 3 മണി വരെ
   ണ്ഞായറാഴ്ച രാവിലെ 9 മണി മുതൽ 12 മണി വരെ
   മറ്റ് അവധി ദിവസം രാവിലെ 9 മണി മുതൽ 1 മണി വരെ

**അംഗങ്ങളുടെ കടമ**

1. സർക്കാർ തരത്തിലുള്ള പക്ഷിമൃഗാദികളുടെ ചികിത്സ ഏറ്റെടുക്കുക
2. പക്ഷിമൃഗാദികൾക്ക് രോഗ പ്രതിരോധ കുത്തിവെയ്പ്പുകൾ സർക്കാർ നിബന്ധനകൾക്കു വിധേയമായി കാര്യക്ഷമമായി നടപ്പിലാക്കുക
3. ഈ സ്ഥാപനത്തിന്റെ അധികാര പരിധിയിൽ പകർച്ച വ്യാധികൾ പ്രത്യക്ഷപ്പെടുന്ന സമയത്ത് രോഗ പ്രതിരോധ നടപടികൾ കാര്യക്ഷമമായി നടപ്പിലാക്കുക
4. കന്നുകാലികളേയും പക്ഷികളേയും ഇൻഷ്വർ ചെയ്യുന്നതിനുള്ള സൗകര്യം കർഷകന് ലഭ്യമാക്കുക
5. ഇൻഷുറൻസ് ആനുകൂല്യവുമായി ബന്ധപ്പെട്ട രേഖകൾ കർഷകന് സമയബന്ധിതമായി ലഭ്യമാക്കുന്നു എന്ന് ഉറപ്പാക്കുക.
6. ജന്തുജന്യ രോഗങ്ങൾ നിയന്റതിക്കുന്നതിനുള്ള നടപടികൾ മറ്റ് സ്ഥാപനങ്ങളുടേയും സംഘടനകളുടേയും സഹകരണത്തോടു കൂടി നടപ്പിലാക്കുക.
7. കന്നുകാലികളിലെ വന്ധ്യതാ നിവാരണത്തിനായി വന്ധ്യതാ നിവാരണ ക്യാമ്പുകൾ ഗോരക്ഷാ ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കുക.
8. മൃഗസംരക്ഷണ മേഖലയെ സംബന്ധിച്ച വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുക.
9. സ്വയംതൊഴിൽ രംഗത്ത് കർഷകർക്ക് ആവശ്യമായ സാങ്കേതിക സഹായം നൽകുക.
10. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിനറെ മൃഗസംരക്ഷണ പദദതികൾ കാരയക്ഷമമായി നടപ്പാക്കുക.

<u>ഈ ആശുപത്രിയിൽ നിന്നും ലഭ്യമാക്കുന്ന സേവനങ്ങളുടെ നിരക്ക്</u>

ഓമനമൃഗങ്ങളുടെ ചികിത്സാ ഫീസ് 5 രൂപ

**പരാതിപരിഹാരം**

മൃഗാശുപത്രിയുടെ പ്രവർത്തനം സേവനം എന്നിവയെ സംബന്ധിച്ച പരാതികൾ ആദ്യം ആശുപത്രിയിലെ ഡോക്ടർക്ക് നൽകുക. അതിൻമേൽ പരിഹാരം ഉണ്ടായില്ലെങ്കിൽ ജില്ലാ മൃഗസംരക്ഷണ ഓഫീസർക്ക് പരാതി കൊടുക്കാവുന്നതാണ്.

**സമീപത്തുള്ള മൃഗസംരക്ഷണ സ്ഥാപനങ്ങൾ**

1) വെറ്ററിനറി ഡിസ്പെൻസറി മുടക്കുഴ
2) വെറ്ററിനറി ഡിസ്പെൻസറി തുരുത്തി
3) വെറ്ററിനറി ഹോസ്പിറ്റൽ വളയൻചിറങ്ങര
4) പ്രാദേശിക കോഴിവളർത്തൽ കേന്ദ്രം കുറുപ്പംപടി

.......................................

# ജില്ലാ സാമൂഹ്യ നീതി ഓഫീസ്

| നം | സേവനം | നിയുക്ത ഉദ്യോഗസ്ഥ ൻ | സമയപരിധി | ഒന്നാം അപ്പീൽ അധികാരി | രണ്ടാം അപ്പീൽ അധികാരി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | പട്ടിക വിഭാഗത്തിൽപ്പെടാത്ത മിശ്രവിവാഹിതർക്കുള്ള ധനസഹായം (വിവാഹ രജിസ്ട്രേഷൻ കഴിഞ്ഞ് ഒരു വർഷത്തിനു ശേഷവും രണ്ട് വർഷത്തിനകവും ഉള്ളവർക്ക്) | ജില്ലാ സാമൂഹ്യ നീതി ഓഫീസർ | ഡിസംബർ മാസം വരെ ലഭിക്കുന്ന അപേക്ഷകൾക്ക് അതേ സാമ്പത്തിക വർഷത്തിൽ തുക അനുവദിക്കുന്നു | സാമൂഹ്യനീതി വകുപ്പ് റീജിയണൽ അസി.ഡയറക്ടർ | സാമൂഹ്യനീതി ഡയറക്ടർ |
| 2 | വികലാംഗരായവരുടെ പെൺകുട്ടികൾക്കും വികലാംഗരായ സ്ത്രീകൾക്കുമുള്ള വിവാഹ ധനസഹായം | ജില്ലാ സാമൂഹ്യ നീതി ഓഫീസർ | ഡിസംബർ മാസം വരെ ലഭിക്കുന്ന അപേക്ഷകൾക്ക് അതേ സാമ്പത്തിക വർഷത്തിൽ തുക അനുവദിക്കുന്നു | സാമൂഹ്യനീതി അസി.ഡയറക്ടർ | സാമൂഹ്യനീതി ഡയറക്ടർ |
| 3 | വികലാംഗവിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | ജില്ലാ സാമൂഹ്യ നീതി ഓഫീസർ | ഡിസംബർ മാസം വരെ ലഭിക്കുന്ന അപേക്ഷകൾക്ക് അതേ സാമ്പത്തിക വർഷത്തിൽ തുക അനുവദിക്കുന്നു | സാമൂഹ്യനീതി അസി.ഡയറക്ടർ | സാമൂഹ്യനീതി ഡയറക്ടർ |
| | വനിത ഗൃഹനാഥകളുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ പദ്ധതി | ജില്ലാ സാമൂഹ്യ നീതി ഓഫീസർ | 45 ദിവസത്തിനകം ജില്ലാ സാമൂഹ്യ നീതി ഓഫീസർ അന്വേഷണം നടത്തി ഗുണഭോക്താക്കളുടെ ലിസ്റ്റ് ലഭ്യമാക്കിയ ഉടൻ തന്നെ ധനസഹായം ലഭ്യമാക്കുന്നു. | സാമൂഹ്യനീതി അഡീഷണൽ. ഡയറക്ടർ | സാമൂഹ്യനീതി ഡയറക്ടർ |

2018–19 വർഷം ജില്ലാ സാമൂഹ്യനീതി ഓഫീസ് വഴി നടപ്പക്കുന്ന പദ്ധതികൾ

എച്.ഐ.വി.ബാധിതർക്ക് പോഷകാഹാരം

സപ്ളൈകോയിൽ നിന്നും പോഷകാഹാരം വാങ്ങി എച്ച്.ഐ.വി.ബാധിതർക്ക് വിതരണം നടത്തുന്നു. ത്രൈമാസങ്ങളിലായിട്ടാണ് വിതരണം നടത്തുന്നത്. എച്ച്.ഐ.വി.ബാധിതർക്ക് ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുന്നതിന് ഉപകരിക്കുന്നു.

വയോജനങ്ങൾക്ക് യോഗപരിശീലനം

വയോജന സമൂഹത്തിന്റെ ആരോഗ്യ പരിപാലനം എന്ന ലക്ഷ്യത്തോടെ ആയുഷ് വകുപ്പിന്റെ പങ്കാളിത്തത്തോടെ 27 ഡിവിഷനുകളിലും യോഗപരിശീലന ക്യാമ്പുകൾ സംഘടിപ്പിക്കുന്നു.ന്ന

ഭിന്നശേഷിയുള്ളവർക്ക് സൈഡ് വീലോടു കൂടിയ സ്കൂട്ടർ നൽകൽ

എറണാകുളം ജില്ലാ പഞ്ചായത്ത് പരിധിയിൽ വസിക്കുന്ന അർഹരായ ഭിന്നശേഷിക്കാർക്ക് സമഗ്രസഞ്ചാരത്തിനായി സൈഡ് വീലോടു കൂടിയ സ്കൂട്ടർ നൽകുന്ന പദ്ധതിയാണിത്. ജില്ലാ പഞ്ചായത്തിൽ അപേക്ഷകൾ സ്വികരിച്ച് ജില്ലാ സാമൂഹ്യനീതി ഓഫീസർ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുന്നു. ടെണ്ടർ നടപടികളിലൂടെ വാഹനവിതരണക്കാരെ കണ്ടെത്തി അർഹരായവർക്ക് വാഹനം ലഭ്യമാക്കുന്നു.

<u>പ്രോ-ട്രാൻസ്ജെൻഡർ പൈലറ്റ് പ്രോജക്റ്റ്</u>

ഭിന്നലിംഗക്കാർക്ക് തൊഴിൽ പരിശീലനം, കൗൺസിലിങ്ങ് തുടങ്ങിയ കാര്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് സർക്കാർ ഡോക്ടർമാരുടേയും കൗൺസിലിങ്ങ് വിദഗ്ദ്ധരുടേയും സേവനം പ്രയോജനപ്പെടുത്തുക.

<u>മാനസിക രോഗ പരിചരണ ശുശ്രൂഷാലയങ്ങൾക്ക് ഔഷധദാനം</u>

സാമൂഹ്യനിതി വകുപ്പിന് കിഴിൽ പ്രവർത്തിച്ചു വരുന്ന മാനസിക രോഗ ശുശ്രൂഷാലയങ്ങളിലെ അന്തേവാസികൾക്ക് ആവശ്യമായ മാനസികാരോഗ്യരക്ഷാ മരുന്നുകൾ വാങ്ങി നൽകുക എന്ന ലക്ഷ്യത്തോടെ പദ്ധതി നടപ്പിലാക്കുന്നു. ജില്ലയിലെ അർഹതപ്പെട്ട സൈക്കോ സോഷ്യൽ റീഹാബിലിറ്റേഷൻ സെന്റുകളിൽ നിന്നും ആവശ്യമായ ഔഷധങ്ങളുടെ ലിസ്റ്റ് ശേഖരിച്ച് സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷൻ സ്വീകരിച്ച് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തുന്ന സ്ഥ.പനത്തിൽ നിന്നും ഔഷധങ്ങൾ വാങ്ങി നൽകുന്നു.

<u>കാതോരം (കുട്ടികൾക്ക് ശ്രവണ സഹായ പദ്ധതി)</u>

ജില്ലാ പഞ്ചായത്ത് പരിധിയിലെ കുട്ടികളിൽ കേൾവി വൈകല്യം പരിഹരിക്കുന്നതിനായി കോക്ളിയാർ ഇംപ്ളാൻേറഷൻ ശസ്ത്രക്രിയയ്ക്ക് വിധേയരായ കുട്ടികളുടെ ശ്രവണ സഹായ ഉപകരണത്തിന് ഇലക്ട്രോണിക് ഘടകങ്ങൾക്കും ബാറ്ററിക്കും ഉണ്ടായ കേടുപാടുകൾ തീർത്ത് കുട്ടികളുടെ ശ്രവണ ശക്തി പുനസ്ഥാപിക്കുന്നതിനുള്ള വൈദ്യസഹായം നൽകുന്നതിനുള്ള ധനസഹായം ലഭ്യമാക്കുക. കുട്ടികളുടെ വിവരങ്ങൾ സാമൂഹ്യനീതി വകുപ്പിൽ നിന്ന് ശേഖരിച്ച് വൈദ്യസഹായം ആവശ്യമായ കുട്ടികളുടെ ലിസ്റ്റ് തയ്യാറാക്കി കേടുപാടുകൾ തീർക്കുന്നതിനാവശ്യമയ തുക കണക്കാക്കി വിതരണം ചെയ്യുന്നതാണ്.

<u>വയോജനങ്ങൾക്ക് സുരക്ഷ അലാറം സംവിധാനം</u>

ജില്ലയിലെ ആശ്രിതരില്ലാത്ത വയോജനങ്ങൾക്ക് സുരക്ഷ അലാറം നൽകുന്നതിനുള്ള പദ്ധതി. ഒരു വയർലെസ്സ് ഉപകരണം ആണിത്. ഉപകരണത്തിലെ പാനിക് ബട്ടൺ ാമർത്തിയാൽ വ്യക്തിയുടെ വാർഡിലെ ഡിവിഷൻ മെമ്പർ, സിഡിഎസ് അംഗം, പൊലീസ് സ്റ്റേഷൻ, സാഹൃത്ത്, വയോജനങ്ങളുടെ സുരക്ഷാ കേന്ദ്രം എന്നിവർക്ക് ഒരു അലർട്ട് നൽകും. ജില്ലയിലെ വയോജനങ്ങളുടെ സുരക്ഷയ്ക്ക് വേണ്ടിയാണ് ഈ പദ്ധതി.

..........................................

# പട്ടിക വർഗ്ഗ വികസന വകുപ്പ്

## 1. പ്രീമെട്രിക് വിദ്യാഭ്യാസം

എസ്.എസ്.എൽ.സി വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അദ്ധ്യയന വർഷം ആരംഭിക്കുമ്പോൾ ഉ ാകുന്ന ചെലവുകൾക്കായുള്ള ലംപ്സം ഗ്രാന്റ് പ്രതിമാസ സ്റ്റൈപ്പന്റ് എന്നിവ നൽകി ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ് എന്നിവയുടെ നിരക്ക് ചുവടെ ചേർക്കുന്നു.

| ക്രമ.നം. | എൽ.പി. വിഭാഗം | ലംപ്സംഗ്രാന്റ് | പ്രതിമാസ സ്റ്റൈപ്പന്റ് |
|---|---|---|---|
| 1 | 1 മുതൽ 4 വരെ | 320/ | 130/ |
| 2 | യു.പി. വിഭാഗം 5 മുതൽ 8 വരെ | 630/ | 160/ |
| 3 | ഹൈസ്കൂൾ വിഭാഗം | 940/ (ഒരു ക്ലാസ്സിൽ തോറ്റ് ര ാംവർഷം പഠിക്കുന്ന കുട്ടികൾക്ക് വാർഷ്കലംപ്സംഗ്രാന്റിന്റെ 50% നൽകുന്നു.) | 190/ |

## 2. പോസ്റ്റ്മെട്രിക് പഠനം

പത്താംക്ലാസ്സ് പഠനം പൂർത്തിയാക്കി വിവിധ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് വരുമാന പരിധിയില്ലാത്ത മുഴുവൻ ഫീസും, വാർഷിക ലംപ്സംഗ്രാന്റും, പ്രതിമാസ സ്റ്റൈപ്പന്റും നൽകുന്നു. യൂണിവേഴ്സിറ്റി അംഗീകരിച്ചിട്ടുള്ള എല്ലാ സ്ഥാപനങ്ങളിലും എല്ലാ കോഴ്സുകൾക്കും ഈ ആനുകൂല്യം ലഭിക്കുന്നു. വിവിധ കോഴ്സുകൾക്ക് വ്യത്യസ്ത നിരക്കിലാണ് ലംപ്സംഗ്രാന്റ് നൽകുന്നത്.

| കോഴ്സ് | ലംപ്സംഗ്രാന്റ് | പ്രതിമാസ സ്റ്റൈപ്പന്റ് | |
|---|---|---|---|
| | | 8 കി.മി. നുള്ളിൽ താമസിക്കുന്നവർക്ക് | 8 കി.മി. പുറത്ത് താമസിക്കുന്നവർക്ക് |
| Plus two/ Vocational HSതത്തുല്ല്യം | 1130/- | 630/- | 750/- |
| BA/ B.Sc/ B.Com/ B.Edതത്തുല്ല്യം | 1190/- | 630/- | 750/- |
| MA/ M.Sc/ M.Comതത്തുല്ല്യം | 1570/- | 630/- | 750/- |
| Engineering/ Vetenary/ Agricultural മുതലായവ | 2250/- | 630/- | 750/- |
| MBBS/ MS/ MD | 3130/- | 630/- | 750/- |

കോളേജ് ഹോസ്റ്റലുകളിലും മറ്റ് അംഗീകൃത ഹോസ്റ്റലുകളിലും താമസിച്ച് പഠിക്കുന്നവർക്ക് പ്രതിമാസ സ്റ്റൈപ്പന്റിന് പകരം യഥാർത്ഥ താമസ–ഭക്ഷണ ചെലവും മണിയും നൽകുന്നു.

| | |
|---|---|
| മെഡിക്കൽ എഞ്ചിനീയറിംഗ് കോഴ്സ് വിദ്യാർത്ഥികൾ | പ്രതിമാസ പോക്കറ്റ് മണി നിരക്ക് 190/- രൂപ |
| മറ്റ് കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾ | 190/- രൂപ |

**3. പ്രീമെട്രിക് ഹോസ്റ്റലുകൾ**

പട്ടികവർഗ്ഗക്കാരുടെ ആവാസകേന്ദ്രങ്ങൾ പലതും വിദ്യാഭ്യാസ സൗകര്യം ലഭ്യമല്ലാത്ത ദുർഘടപ്രദേശങ്ങളിലാണ്. ആയതിനാൽ പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസത്തിന് സൗകര്യങ്ങൾ ഒരുക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 106 പ്രീമെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നു. ഇതിൽ 6 എണ്ണം ആൺകുട്ടികൾക്കും 44 എണ്ണം പെൺകുട്ടികൾക്കും 1 എണ്ണം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും (മിക്സഡ്) ആയി പ്രവർത്തിക്കുന്നു. ഇതിൽ 99 ഹോസ്റ്റലുകൾക്ക് സ്വന്തമായി കെട്ടിടം ഉ ്. ചില ഹോസ്റ്റലുകളുടെ കെട്ടിടനിർമ്മാണം വിവിധ ഘട്ടങ്ങളിലാണ് 34 ഹോസ്റ്റലുകൾക്ക് സ്ഥലത്തിന്റെ അഭാവത്താൽ സ്വന്തമായ കെട്ടിടം നിർമ്മിക്കാൻ സാധിച്ചിട്ടില്ല. ഹോസ്റ്റലുകളിൽ താമസം, ഭക്ഷണം, പഠനോപകരണങ്ങൾ തുടങ്ങിയ എല്ലാ വിദ്യാഭ്യാസ ചെലവുകളും അന്തേവാസികൾക്ക് സൗജന്യമാണ്. ഹോസ്റ്റൽ അന്തേവാസികളുടെ ആഹാരചെലവുകൾക്ക് അനുവദനീയമായ നിരക്ക് താഴെ കൊടുക്കുന്നു.

| | |
|---|---|
| **1-ാം ക്ലാസ്സ് മുതൽ 10-ാംക്ലാസ്സ് വരെയുള്ളവർക്ക്** | **2000/- രൂപ** |
| **+1, +2 ക്ലാസ്സുകളിൽ പഠിക്കുന്നവർ** | **2300/- രൂപ** |

4. **ഗോത്രസാരഥി**

14 വയസ്സുവരെ കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസം ഭരണഘടന ഉറപ്പുനൽകുന്നു. പട്ടികവർഗ്ഗ ഊരുകൾ ദുർഘട വനപ്രദേകത്തോ മതിയായ വാഹന സൗകര്യം ഇല്ലാത്ത ഒറ്റപ്പെട്ട ഉൾപ്രദേശങ്ങളിലോ, വാഹന സൗകര്യമില്ലായ്മയും വന്യമൃഗങ്ങളുടെ ആക്രമണ ഭീഷണിയും സ്കൂളിലെത്താൻ കുട്ടികൾക്ക് പ്രയാസമു ാകുന്നു. ഇവർക്കെല്ലാം പ്രവേശനം നൽകാൻ മതിയായ ഹോസ്റ്റൽ സൗകര്യവും ഇല്ലാത്തതിനാൽ സ്വന്തം ഊരുകളിൽ നിന്ന് സ്കൂളുകളിൽ പോയി വരുന്ന ഇത്തരം വിദ്യാർത്ഥികൾക്ക് സ്കൂൾ പി.ടി.എ. യുടെയും സ്കൂളിലെ അദ്ധ്യാപകരുടെയും സഹകരണത്തോടെ സ്കൂളിൽ പോയിവരാൻ വാഹന സൗകര്യം ചെയ്തു കൊടുക്കാനുദ്ദേശിക്കുന്ന പദ്ധതിയാണ് ഗോത്രസാരഥി. വീട്ടിൽ നിന്നും സ്കൂളിൽ എത്താനുള്ള വാഹന വാടക (ഓട്ടോ/ ജീപ്പ്/ വാൻ തുടങ്ങിയ വാഹനങ്ങൾക്കുള്ള വാടക) നൽകുന്ന പദ്ധതിയാണ്. 2013-14 മുതൽ സംസ്ഥാനത്ത് മുഴുവനായി ഈ പദ്ധതി നടപ്പിലാക്കി വരുന്നു.

**5 അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡവലപ്മെന്റ് പദ്ധതി**

സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ ക ത്തി അവരുടെ 5-ാം ക്ലാസ്സ് മുതലുള്ള തുടർപഠനത്തിനുള്ള എല്ലാ സഹായങ്ങളും ചെയ്തുകൊടുക്കുന്നതിന് ഉദ്ദേശിച്ചുട്ടുള്ളതാണ് ഈ പദ്ധതി. സർക്കാർ/ എയ്ഡഡ് സ്കൂളുകളിലെ 4-ാം ക്ലാസ്സിൽ പഠിക്കുന്ന മിടുക്കരായ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ ഒരു മത്സരപരീക്ഷയുടെ അടിസ്ഥാനത്തിൽ തെരെഞ്ഞടുത്തുവരുന്നു. ഇവർക്ക് 10-ാം ക്ലാസ്സു വരെ തുടർന്ന് സ്കോളർഷിപ്പ് നൽകുന്നു. പുസ്തകം, പഠനസാമഗ്രികൾ, യൂണിഫോം പ്രതിമാസ സ്റ്റൈപ്പന്റ് എന്നീ ആനുകൂല്യങ്ങളും വിദ്യാർത്ഥികളുടെയും മാതാപിതാക്കളുടെയും ബോധതലം ഉയർത്താൻ സെമിനാർ നടത്തുന്നതിനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. 5-ാം ക്ലാസ്സിൽ പഠിക്കുന്ന ഒരു വിദ്യാർത്ഥിക്ക് 5,900/- രൂപയും 6 മുതൽ

10 വരെ ക്ലാസ്സിൽ പഠിക്കുന്ന ഓരോ വിദ്യാർത്ഥിക്കും 4,900/- രൂപ വീതവും സ്കോളർഷിപ്പായി ലഭിക്കുന്നു. ഓരോ വർഷവും 200 വിദ്യാർത്ഥികളെയാണ് തെരെഞ്ഞടുക്കുന്നത്.

**6. ട്യൂട്ടോറിയൽ ഗ്രാന്റ്**

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിജയശതമാനം വർദ്ധിപ്പിക്കുന്നതിന് ഈ പദ്ധതി പ്രയോജനപ്പെടുത്തുന്നു. 8-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അടുത്തുള്ള പാരലൽ കോളേജുകളിൽ/ ട്യൂഷൽ സെന്ററിൽ ചേർന്ന് പഠിക്കന്നതിന് പ്രതിമാസ ട്യൂഷൽ ഫീസ് രക്ഷകർത്താക്കൾ മുഖേന നൽകുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിട്ടിട്ടുള്ളത്. വർഷാവസാനം പരീക്ഷയ്ക്ക് മുമ്പായി എസ്.എസ്.എൽ.സി, +2 വിദ്യാർത്ഥികൾക്ക് പ്രത്യേക കോച്ചിംഗ് നൽകുക എന്നതും ഈ പദ്ധതിയുടെ ലക്ഷ്യമാണ്.

**<u>ഈ പദ്ധതിയിലെ പ്രധാന ഘടകങ്ങൾ</u>**

1). ഹൈസ്കൂളുകളിലെയും, 11,12 ക്ലാസ്സുകളിലെയും വിദ്യാർത്ഥികൾക്ക് പ്രത്യേക ട്യൂഷൻ ഫീസ് നൽകുക.

2). എസ്.എസ്.എൽ.സി, പ്ലസ്ടൂ എന്നീ പരീക്ഷകളിൽ പരാജിതരായ പട്ടികവർഗ്ഗ വിദ്യാർത്ഥി കൾക്ക് തോറ്റ വിഷയങ്ങൾ പഠിക്കുവാൻ ട്യൂഷൻ ഫീസ് നൽകുക.

3). അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റിയുടെ ഗുരുകല പരിപാടി, പാലക്കാട് നെഹ്റു യുവകേന്ദ്രത്തിന്റെ ഗിരിവികാസ് പദ്ധതി മുതലായവ നടപ്പിലാക്കുക.

4). പ്രീമെട്രിക് ഹോസ്റ്റലുകളിലെ വിദ്യാർത്ഥികൾക്ക് ട്യൂഷൻ നൽകുന്ന പാർട്ട് ടൈം ട്യൂട്ടർമാ രുടെ ഓണറേറിയം നൽകുക.

7. **വസ്ത്ര വിതരണം**

ട്രൈബൽ സ്കൂളുകളിലും വെൽഫെയർ സ്കൂളുകളിലുമുള്ള ലോവർ പ്രൈമിറ ക്ലാസ്സു കളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഓരോ വർഷവും ര ുജോഡി യൂണിഫോം നൽകി വരുന്നു. ഇതിനുള്ള ചെലവ് ഒരു കുട്ടിക്ക് 500/- രൂപയായി നിജപ്പെടുത്തിയിരിക്കുന്നു.

8. **ബോർഡിംഗ് ഗ്രാന്റ്**

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ അംഗീകാരമുള്ളതും സന്നദ്ധ സംഘടനകൾ നടത്തു ന്നതുമായ ഹോസ്റ്റലുകളിൽ അന്തേവാസികളായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ബോർഡിംഗ് ഗ്രാന്റ് നൽകുന്നു. കേരളത്തിൽ ഇപ്പോൾ 7 ഹോസ്റ്റലുകൾക്കാണ് ധനസഹായം നൽകുന്നത്.

| **ഇനം** | **ക്ലാസ്സ്** | **നിരക്ക്** |
|---|---|---|
| ബോർഡിംഗ് ഗ്രാന്റ് | 1 മുതൽ 10 വരെയുള്ള വിദ്യാർത്ഥി കൾക്ക് | 700/ |
| | +1,+2 വിദ്യാർത്ഥികൾക്ക് | 800/ |

| | | |
|---|---|---|
| യൂണിഫോം അലവൻസ് | 1 മുതൽ 9 വരെയുള്ള വിദ്യാർത്ഥി കൾക്ക് | 500/ |
| | 10 മുതൽ 12 വരെയുള്ള വിദ്യാർത്ഥി കൾക്ക് | 700/ |

9. **സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം**

അക്കാദമിക്-കലാകായിക മത്സരങ്ങളിൽ ഉന്നതവിജയം നേടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം നൽകുന്ന ഒരു പദ്ധതിയാണിത്. എസ്.എസ്.എൽ.സി., +2 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ഗ്രേഡിന്റെ അടിസ്ഥാനത്തിൽ യഥാക്രമം 3000/- രൂപയും ബിരുദം, ബിരുദാനന്തര ബിരുദം എന്നീ പരീക്ഷകളിൽ ഒന്നാം ക്ലാസ്സിൽ പാസ്സാകുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് യഥാക്രമം 4500/-, 6000/- രൂപ നിരക്കിൽ പ്രത്യേക പ്രോത്സാഹന സമ്മാനം നൽകി വരുന്നു.

ബിരുദ കോഴ്സുകളിൽ ഒന്നാം ക്ലാസ്സിൽ താഴെ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങി വിജയിക്കുന്ന വയനാട്, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽ 5 വിദ്യാർത്ഥികൾക്ക് വീതവും മറ്റു ജില്ലകളിൽ 2 വിദ്യാർത്ഥികൾക്ക് വീതവും യഥാക്രമം 3000/- രൂപ നിരക്കിൽ പ്രത്യേക പ്രോത്സാഹന സമ്മാനം നൽകി വരുന്നു.

10. **സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം**

PVTG വിഭാഗത്തിൽപ്പെട്ട മിടുക്കരായ 30 ആൺകുട്ടികൾക്കും 30 പെൺകുട്ടികൾക്കും ഇന്ത്യയിലെ ചരിത്ര പ്രാധാന്യമുള്ള വിവിധ സ്ഥലങ്ങൾ സന്ദർശിക്കാൻ അവസരമൊരുക്കുന്ന പദ്ധതിയാണ് ഭാരതദർശൻ. ഭാരതദർശൻ പരിപാടിക്ക് പുറമെ പഠനത്തിൽ മികവ് പുലർത്തുന്ന +2 വിലും ഡിഗ്രി ക്ലാസ്സിലും ബിരുദാനന്തര ബിരുദത്തിനും പ്രൊഫഷണൽ ഡിഗ്രി ഡിപ്ലോമ കോഴ്സുകളിലും പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി വിനോദയാത്രയും പഠനയാത്രക്കുവേ ിയുള്ള യഥാർത്ഥ ചെലവ് സാമ്പത്തിക സഹായമായി അനുവദിച്ചു നൽകി വരുന്നു.

11. **മാതാപിതാക്കൾക്ക് പ്രോത്സാഹന ഗ്രാന്റ്**

പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളെ മുടങ്ങാതെ സ്കൂളിൽ അയയ്ക്കുന്നതിന് വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് പ്രതിമാസം 50/- രൂപ നിരക്കിൽ 10 മാസത്തേയ്ക്ക് 500/- രൂപ പ്രോത്സാഹന ധനസഹായം നൽകി വരുന്നു. ഓരോ അദ്ധ്യയന വർഷവും ഫെബ്രുവരി വരെയുള്ള ഹാജർ കണക്കാക്കി 75% ഹാജരുള്ള വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് പ്രോത്സാഹന ഗ്രാന്റ് നൽകി വരുന്നു.

## <u>ആരോഗ്യം</u>

12. **പട്ടികവർഗ്ഗ സമഗ്ര ആരോഗ്യ സുരക്ഷ**

സംസ്ഥാനത്തെ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും സൗജന് ചികിത്സ ലഭ്യമാക്കുന്നതിന് ആരോഗ്യ വകുപ്പുവഴി നടപ്പാക്കുന്ന പദ്ധതിയാണിത്. സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലും, സർക്കാർ മെഡിക്കൽ കോളേജുകളിലും, പരിയാരം സഹകരണ മെഡിക്കൽ കോളേജുകളിലും, മലബാർ ക്യാൻസർ സെന്റർ തലശ്ശേരി, റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം, ശ്രീചിത്ര മെഡിക്കൽ സെന്റർ എന്നിവിടങ്ങളിൽ ചികിത്സക്കെത്തുന്ന പട്ടികവർഗ്ഗക്കാർക്ക് ഈ പദ്ധതി പ്രകാരം സൗജന്യ ചികിത്സ ലഭിക്കുന്നു.

ആശുപത്രികളിൽ ലഭ്യമല്ലാത്ത ചികിത്സാ ചെലവ് (മരുന്ന വാങ്ങൽ, മെഡിക്കൽ ടെസ്റ്റ് തുടങ്ങിയവ) 10,000/- രൂപ വരെ ബി.പി.എൽ/ എ.പി.എൽ അന്തരമില്ലാതെ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും ലഭിക്കുന്നു. 10,000/- രൂപക്ക് മുകളിൽ ചികിത്സാ ചെലവ് വരുന്ന കേസുകൾ പട്ടികവർഗ്ഗക്കാരിൽ ബി.പി.എൽ വിഭാഗക്കാർക്ക് മാത്രമായി പരമമിതപ്പെടുത്തിയിരിക്കുന്നു. വ്യക്തിഗത കേസുകളിൽ 10,000/- രൂപ വരെ ബന്ധപ്പെട്ട ആശുപത്രി സൂപ്ര ും 50,000/- രൂപ വരെ ആശുപത്രി വികസന സമിതിയും 50,000/- രൂപയ്ക്ക് മുകളിൽ ചെലവു വരുന്ന കേസുകളിൽ സർക്കാർ അനുമതിയോടെ ആശുപത്രി അധികൃതർ ധനസഹായം അനുവദിക്കുന്നതാണ്. ആവശ്യമായ ഫ ് ഡി.എം.ഒ വഴി തുക ആശുപത്രികൾക്ക് വിതരണം നടത്തുന്നു. മെഡിക്കൽ കോളേജ് ആശുപത്രികൾക്ക് ബന്ധപ്പെട്ട സൂപ്ര ് മാർക്ക് അനുവദിക്കുന്നു.

13. **ജനനി-ജന്മരക്ഷ**

പട്ടികവർഗ്ഗ വിഭാഗത്തിൽ അമ്മയുടെയും, കുട്ടിയുടെയും പോഷകാഹാര ലഭ്യത ആരോഗ്യ രംഗത്തെ പ്രധാന പ്രശ്നമാണ്. ആവശ്യ സമയത്ത് സാമ്പത്തിക സഹായം ലഭിച്ചെങ്കിലെ പ്രസവത്തിന് മുമ്പും പിമ്പും അവർക്ക് വേ ത്ര പരിചരണം ഉ ാവൂ. അമ്മമാരുടെയും കുട്ടികളുടെയും പോഷകാഹാര ലഭ്യത ഉറപ്പുവരുത്താൻ ആവിഷ്കരിച്ച പദ്ധതിയാണ് ജനനി-ജന്മരക്ഷ. ഗർഭിണിയായതിനുശേഷമുള്ള 3 മാസം മുതൽ കുട്ടിക്ക് 1 വയസ്സാകുന്നതുവരെയുള്ള 18 മാസക്കാലം 1,000/- രൂപ വീതം ഓരോ മാസത്തിലും ഈ പദ്ധതി വഴി നൽകി വരുന്നു. ബന്ധപ്പെട്ട ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ മുഖേനയാണ് ധനസഹായം നൽകി വരുന്നത്.

14. **പട്ടികവർഗ്ഗ ദുരിതാശ്വാസനിധി**

പട്ടികവർഗ്ഗ സങ്കേതങ്ങളിലുള്ള രോഗികൾക്കും മറ്റ് ദുരിതം അനുഭവിക്കുന്നവർക്കും ബഹുമാനപ്പെട്ട വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതിയുടെ ഗുണഭോക്താവിന്റെ കുടുംബവാർഷിക വരുമാനം 1,00,000/- രൂപയിൽ താഴെ ആയിരിക്കണം. ക്യാൻസർ, വൃക്കരോഗം, ഹൃദയശസ്ത്രക്രിയ തുടങ്ങിയ മാരകമായ രോഗചികിത്സയ്ക്ക് 1 ലക്ഷം രൂപ വരെയും മറ്റ് രോഗങ്ങൾക്ക് രോഗങ്ങളുടെ തീവ്രത പരിഗണിച്ച് 50,000/- രൂപ വരെയും ധനസഹായം ഈ പദ്ധതിയിൽ അനുവദിക്കാവുന്നതാണ്. കുടുംബത്തിന്റെ ഏക വരുമാനദായകന്റെ അപകടമരണത്തിന് നിബന്ധനകൾക്ക് വിധേയമായി 50,000 വരെ ഈ പദ്ധതിയിൽ അനുവദിക്കാവുന്നതാണ്. അസുഖങ്ങൾകൊ ് കഷ്ടപ്പെടുന്ന പട്ടികവർഗ്ഗക്കാർക്ക് 1 ലക്ഷം രൂപ വരെ ഡോക്ടറുടെ ശുപാർഷ പ്രകാരം ധനസഹായം നൽകി വരുന്നു. കൂടാതെ പ്രകൃതിക്ഷോഭം, തീ പിടുത്തങ്ങൾ മുതലായവ മൂലം ദുരിതമനുഭവിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് 50,000/- രൂപ വീതം നിബന്ധനകൾക്ക് വിധേയമായി നൽകി വരുന്നു.

## സാമൂഹ്യ സാമ്പത്തിക ഉന്നമന പദ്ധതികൾ

**15. ഭക്ഷ്യ സഹായ പരിപാടി**

വർഷകാലത്ത് പട്ടികവർഗ്ഗക്കാർക്ക് പുറത്തുപോയി അവർ സാധാരണ ചെയ്യുന്ന ജോലി ചെയ്യുവാൻ പലപ്പോഴും സാധിക്കാതെ വരുന്നു. അവർക്കിടയിൽ മൺസൂൺ കാലത്ത് പട്ടിണിയും കഷ്ടപ്പാടും വർദ്ധിക്കുവാൻ അത് കാരണമാകുന്നു. ഈ കാലയളവിൽ അവർക്ക് ജോലിയും ആഹാരവും ഉറപ്പുവരുത്തുന്നതാണ് ഈ പദ്ധതി പ്രധാനമായും ലക്ഷ്യമിടുന്നത്. ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള 4 മാസങ്ങളിലാണ ഊരുകൂട്ടങ്ങൾ മുഖേന പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്

സംസ്ഥാനത്തെ ഏക പട്ടികവർഗ്ഗ പഞ്ചായത്തായ ഇടുക്കി ജില്ലയിലെ ഇടമലക്കുടിയിൽ ദേവികുളം ഗിരിജൻ സർവ്വീസ് സംഘം മുഖേന വിതരണം ചെയ്യുന്ന റേഷൻ സാധനങ്ങളുടെ ചുമട്ടുകൂലിയും ഈ പദ്ധതി പ്രകാരമാണ് നൽകി വരുന്നത്.

**16. കൈത്താങ്ങ് (അനാഥർക്കുള്ള ധനസഹായം)**

മാതാപിതാക്കൾ സംരക്ഷിക്കാനില്ലാത്ത അനാഥരും-അശരണരുമായ പട്ടികവർഗ്ഗ കുട്ടികൾക്ക് പ്രത്യേക സഹായം നൽകുന്ന പദ്ധതിയാണിത്. ഈ കുട്ടികളെ സംരക്ഷിക്കുകയും അവരെ പരിപാലിച്ച് വളർത്തുകയും ചെയ്യുന്നതിനാവശ്യമായ ചെലവ് ഈ പദ്ധതിയിലൂടെ അനുവദിക്കുന്നു. പ്രായപൂർത്തിയാകുന്നതു വരെയോ, സ്വന്തമായി വരുമാനം ഉ ാകുന്നതുവരെയോ ജീവിക്കാനും, വിദ്യാഭ്യാസത്തിനും ഈ പദ്ധതിയിലൂടെ സഹായം നൽകുന്നു. ഇത്തരത്തിലുള്ള കുട്ടികളെ സർവ്വെ ചെയ്ത് ക ത്തുന്നതിനും അവരെ പുനരധിവസിപ്പിക്കുന്നതിനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. ടി വദ്യാർത്ഥികൾക്ക് പ്രതിമാസം 1000 രൂപ വീതം 18 വയസ്സുവരെയോ സ്വന്തമായി തൊഴിൽ ക ത്തുന്നതു വരെയോ അനുവദിച്ചു വരുന്നു.

**17. പൂൾഡ് ഫ ് പദ്ധതികൾ**

പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് മാത്രമായി പ്രയോജനം ലഭിക്കുന്ന പ്രത്യേക പദ്ധതികൾ എല്ലാ വികസന വകുപ്പുകളും അവരുടെ പദ്ധതിയിൽ ഉൾപ്പെടുത്തി തയ്യാറാക്കണമെന്ന് 13.08 ലെ 1385/എ/08/പ്ലാനിംഗ് നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിരിക്കുന്നു. പൊതുവിദ്യാഭ്യാസം, സാമൂഹ്യനീതി, കല, സംസ്ക്കാരം, കായികവിനോദം, യുവജനക്ഷേമം, ആരോഗ്യം മുതലായ വകുപ്പുകൾ തയ്യാറാക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് തുക വകയിരുത്തിയിരിക്കുന്നത്. എന്നാൽ പട്ടികവർഗ്ഗ വികസനത്തിന് മുൻഗണന നൽകേ വൈദ്യുതി, കുടിവെള്ളം, കൃഷി, മൃഗസംരക്ഷണം എന്നീ വകുപ്പുകളുടെ പ്രോജക്ട് പ്രൊപ്പോസലുകൾക്കും ഈ പദ്ധതിയിൽ പരിഗണന നൽകുന്നു. പ്രസ്തുത വകുപ്പുകൾ തയ്യാറാക്കുന്ന പദ്ധതികൾ പട്ടികവിഭാഗക്കാർക്ക് പ്രയോജനപ്രദമാണെന്ന് സംസ്ഥാന ജില്ലാതല വർക്കിംഗ് ഗ്രൂപ്പുകൾ ഉറപ്പുവരുത്തി പദ്ധതി നടപ്പിലാക്കുന്നു.

18. **ഗോത്ര സംസ്കൃതി (കേരള സംസ്ഥാന ട്രൈബൽ കോംപ്ലക്സ്)**

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പരമ്പരാഗത കലാപ്രദർശനത്തിനും ഉൽപ്പന്നങ്ങളുടെ വിപണത്തിനും വംശീയ ചികിത്സ, വംശീയ ഭക്ഷണം എന്നിവയ്ക്കെല്ലാമുള്ള സൗകര്യങ്ങളും താല്ക്കാലിക വിശ്രമ സൗകര്യവും ഒരുക്കാൻ കൊച്ചി നഗരത്തിൽ 118 ഏക്കർ സ്ഥലത്ത് 2229ച. കി.മീ. വിസ്തൃതിയിൽ 3 നിലകളിലായി ട്രൈബൽ കോംപ്ലക്സ് നിർമ്മിച്ചു ഇത് പണി പൂർത്തിയായി വരുന്നു.

19. **ആദിവാസി പുനരധിവാസ വികസന മിഷൻ (ടി.ആർ.ഡി.എം)**

ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 3 ഏക്കർ മുതൽ പരമാവധി 5 ഏക്കർ വരെ ഭൂമി നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടു ്. 1 ഏക്കറിൽ കുറവ് ഭൂമി കൈവശമുള്ള പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് കുറഞ്ഞത് 1 ഏക്കർ ഭൂമി ഉറപ്പാക്കുന്നതിനാവശ്യമായ ഭൂമി ലഭിക്കുന്നതിന് അർഹതയു ്. പട്ടികവർഗ്ഗ കുടുംബങ്ങളെ ഇതിനായി തയ്യാറാക്കിയിട്ടുള്ള മാസ്റ്റർ പ്ലാൻ അനുസരിച്ച് പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ ഏകോപിപ്പിക്കുന്നതിനും നിർവ്വഹണം നടത്തുന്നതിനുമായി ട്രൈബൽ റീഹാബിലിറ്റേഷൻ ആന്റ് ഡവലപ്മെന്റ് മിഷൻ (ടി.ആർ.ഡി. എം) രൂപീകരിച്ചിട്ടു ്.

പുനരധിവാസ പ്രവർത്തനങ്ങളിൽ താല്ക്കാലിക വാസസ്ഥലങ്ങൾ, കാർഷിക സാമഗ്രികൾ, ഭവനനിർമ്മാണം, ഊർജ്ജം, കുടിവെള്ളം, റോഡ് നിർമ്മാണം, മണ്ണ് സംരക്ഷണം, മൃഗസംരക്ഷണം, ജലസേചന ഫെറോ സിമന്റ് ടാങ്ക്, തൊഴിൽ ലഭ്യമാക്കൽ പദ്ധതി, അംഗൻവാടി, കമ്മ്യൂണിറ്റി ഹാൾ, വയനാട്, പാലക്കാട് ജില്ലകളിൽ ഭൂമി വാങ്ങൽ എന്നിവ പ്രധാന പദ്ധതികളാണ്. ഈ പദ്ധതിയിൽ ഇതുവരെ ഭൂരഹിതർക്ക് ഏക്കർ ഭൂമി വിതരണം ചെയ്തു കഴിഞ്ഞു. വിതരണം ചെയ്ത ഭൂമിയിൽ മറ്റ് ഡിപ്പാർട്ടുമെന്റുകളുടെയും തദ്ദേശ സ്വയംഭരണ വകുപ്പുകളുടെയും ഏകോപനത്തോടെ വികസന പദ്ധതികൾ പുരോഗമിച്ചു വരുന്നു.

20. **പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം**

നിർദ്ധനരായ പട്ടികവർഗ്ഗ യുവതികളുടെ വിവാഹത്തിന് ധനസഹായം നൽകുന്നതിനുവേ ിയുള്ള പദ്ധതിയാണിത്. വിവാഹ ധനസഹായം 50,000/- രൂപ നിരക്കിലാണ് നൽകി വരുന്നത്. വിവാഹ തീയതിയ്ക്ക് ഒരു മാസത്തിന് മുമ്പ് ധനസഹായത്തിനുള്ള അപേക്ഷ ബന്ധപ്പെട്ട ടി.ഇ.ഒ. മാർക്ക് സമർപ്പിക്കേ താണ്. നിശ്ചിത സമയപരിധിക്കുള്ളിൽ അപേക്ഷിക്കാൻ സാധിക്കാത്തവർക്ക് വിവാഹത്തിന് ശേഷം അപേക്ഷിക്കുകയാണെങ്കിൽ ആയത് ഡയറക്ടറുടെ വിവേചന അധികാരമുപയോഗിച്ച് മാത്രമെ അനുവദിച്ച് നൽകുവാൻ സാധിക്കുകയുള്ളു.

21. **പട്ടികവർഗ്ഗ പ്രൊമോട്ടർമാർ**

പട്ടികവർഗ്ഗക്കാർ കൂടുതലായി അധിവസിക്കുന്ന പഞ്ചായത്തുകളിൽ വികസനത്തിന്റെ കണ്ണിയായി പ്രവർത്തിക്കുക, പഞ്ചായത്തുകളും മറ്റു വകുപ്പുകളും നടപ്പിലാക്കുന്ന പദ്ധതികൾക്ക് ഗുണഭോക്താക്കളുടെ സിംഗിൾ വിൻഡോ ആയി പ്രവർത്തിക്കുക, ഗുണഭോക്താക്കളെ ബോധവൽക്കരിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾക്കായി വിദ്യാഭ്യാസമുള്ള 1007 പട്ടികവർഗ്ഗ യുവതീയുവാക്കളെ നിയമിച്ചിരിക്കുന്നു. കൂടാതെ സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ചികിത്സ തേടിയെത്തുന്ന പട്ടികവർഗ്ഗക്കാരെ സഹായിക്കുന്നതിന് ആവശ്യമായ 116 ഹെൽത്ത് പ്രൊമോട്ടർമാരെയും പി.വി.റ്റി.ജി പദ്ധതി പ്രകാരം 216 പ്രൊമോട്ടർമാരെ ദുർബല ഗോത്ര ഊരുകളിലും നിയമിച്ചിട്ടു ്. ഇവർക്ക് പ്രതിമാസം 4,000/- രൂപ ഹോണറേറിയവും ഹെൽത്ത്

പ്രൊമോട്ടർമാർക്ക് ഹോണറേറിയത്തോടൊപ്പം 500/- രൂപ യാത്രാചെലവ് ഇനത്തിലും നൽകി വരുന്നു.

22. **ഊരുകൂട്ടങ്ങൾ**

എല്ലാ പട്ടികവർഗ്ഗ സങ്കേതങ്ങളിലും ഊരുകൂട്ടങ്ങൾ കൂടുന്നതിന് ഊരുകൂട്ടങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പരിശീലനം നൽകുന്നതിനും ലക്ഷ്യമിട്ടിട്ടുള്ള താണ് ഈ പദ്ധതി. സൂഷ്മതലത്തിലുള്ള ആസൂത്രണം പ്രാഥമിക ആരോഗ്യ പരിപാലനം, സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾ, നിർവ്വഹണത്തിലും മോണിറ്ററിങ്ങിലും പങ്കാളിത്തം വർദ്ധിപ്പിക്കൽ എന്നീ വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തിയായിരിക്കും പരിശീലനം നൽകുന്നത്. 3 മാസത്തിലൊരിക്കലെങ്കിലും ഊരുകൂട്ടങ്ങൾ യോഗം ചേരേ തു ്.

23. **പ്രത്യേക കേന്ദ്ര സഹായ പദ്ധതി**

പട്ടികവർഗ്ഗക്കാരുടെ ജീവിത നിലവാരം ഉയർത്തുന്നതിന് സ്വയംതൊഴിൽ പദ്ധതികൾ, പരിശീലന പരിപാടികൾ, കാർഷിക പദ്ധതികൾ തുടങ്ങിയ സാമ്പത്തിക ഉന്നമന പരിപാടികൾ പ്രത്യേകം തെരെഞ്ഞെടുത്ത പ്രദേശങ്ങളിൽ ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഈ പദ്ധതിയിൽ നടപ്പിലാക്കുന്നു. ഇതിനായി തയ്യാറാക്കുന്ന പദ്ധതികൾ സംസ്ഥാന ജില്ലാ വർക്കിംഗ് ഗ്രൂപ്പുകളുടെ അംഗീകാരത്തിന് വിധേയമായിട്ടാണ് നടപ്പിലാക്കി വരുന്നത്.

24. **ഭവനരഹിതർക്ക് ഭവനം**

ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭവനനിർമ്മാണത്തിന് ധനസഹായം നൽകുന്ന പദ്ധതിയാണിത്. ഭവനനിർമ്മാണ ധനസഹായ ഗ്രാന്റ് നിലവിൽ 3.5 ലക്ഷം രൂപയായിട്ടാണ് നൽകി വരുന്നത്. ടി പദ്ധതിയ്ക്കായി നടപ്പു സാമ്പത്തികവർഷം 50 കോടി രൂപ വകയിരുത്തിയിട്ടു ്.

25. **ആർട്ടിക്കിൾ 275(1) പ്രകാരമുള്ള ഗ്രാന്റിനാൽ നടപ്പിലാക്കുന്ന പദ്ധതികൾ**

വിദ്യാഭ്യാസം, സാമ്പത്തികം ഉന്നമനം, ആരോഗ്യം, ജലസേചനം, റോഡുകൾ, പാലങ്ങൾ, വൈദ്യുതീകരണം, കൃഷി, മൃഗസംരക്ഷണം, വാർത്താവിനിമയം, ഗ്രാമീണ മാർക്കറ്റുകൾ, ഭക്ഷ്യസംസ്ക്കരണം, ചെറുകിട വനവിഭവങ്ങളുടെ സംസ്ക്കരണം, സാങ്കേതിക വൊക്കേഷണൽ മേഖലകളിലെ മാനവശേഷി വികസനം, ജലസംഭരണം, പുറമ്പേക്കിലുള്ളവരുടെ പുനരധിവാസം, ആദിവാസികളുടെ ഭുപരിപാലനം, കായിക വികസനം തുടങ്ങിയ മാനവ വികസന സൂചകങ്ങളുടെ വളർച്ചയെ ത്വരിതപ്പെടുത്തുന്നതും മേഖലകളുടെ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതുമായ പരിപാടികളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

26. **ഇൻഫർമേഷൻ, എഡ്യൂക്കേഷൻ, കമ്മ്യൂണിക്കേഷൻ**

പട്ടികവർഗ്ഗക്കാരുടെ സാംസ്ക്കാരിക പരിപാടികൾ, നാടൻ കലോൽസവങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുവാനും പട്ടികവർഗ്ഗക്കാർ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾക്ക് പ്രദർശന വിപണന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികൾ സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണവുമായി ബന്ധപ്പെട്ട പരിപാടികൾ, വകുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങളുടെ ഡോക്യുമെന്റേഷൻ, പട്ടികവർഗ്ഗ ഉപദേശക സമിതി യോഗം ചേരൽ, പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം തേടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ആവശ്യമായ പഠന വസ്തുക്കൾ നൽകൽ, ഐ.ടി.ഐ/ ഐ.ടി.സി പാസ്സായ കുട്ടികൾക്കുള്ള

അപ്രന്റീസ് പരിശീലനം, എം.ആർ.എസ്-കളിലെ കുട്ടികളുടെ സംസ്ഥാനതല വാർഷിക ആഘോഷം തുടങ്ങിയ പരിപാടികളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

## നിയമപരിരക്ഷ

### 27. അതിക്രമങ്ങൾ തടയുന്നതിന് വേ 1 സ്കീം നടപ്പാക്കൽ

പട്ടികവർഗ്ഗക്കാർക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ തടയുക, അതിക്രമങ്ങൾക്ക് വിധേയരാകുന്നവരെ പുനരധിവസിപ്പിക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ അധിക്രമങ്ങൾക്ക് വിധേയരാകുന്നവർക്ക് സൗജന്യ നിയമ സഹായം, ധനസഹായം, ആശ്രിതർക്കുള്ള ധനസഹായം, വീടുകൾ, കിണറുകൾ, ഭൂമി എന്നിവ നഷ്ടമാക്കുന്ന കേസുകളിൽ അവ പുന:സ്ഥാപിക്കുന്നതിനുള്ള ധനസഹായം, കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസം, വിവിധ പുനരധിവാസ പരിപാടികൾക്കുള്ള ചെലവുകൾ എന്നിവയാണ് സർക്കാർ ലഭ്യമാക്കുന്നത്. വയനാട്ടിലെ സ്പെഷ്യൽ മൊബൈൽ സ്ക്വാഡിന്റെ ചെലവും ഇതിൽ ഉൾപ്പെടുന്നു. ഈ നിയമം കർശനമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സ്പെഷ്യൽ കോടതികൾ സ്ഥാപിക്കുന്നതും ഈ പദ്ധതിയിൽ വരുന്നു.

### 28. വനാവകാശ നിയമം 2006 (ഫോറസ്റ്റ് റൈറ്റ്സ് ആക്ട്)

കേന്ദ്ര സർക്കാർ ഗസറ്റിൽ പരസ്യപ്പെടുത്തി 2007 ജനുവരി 2 ന് ഈ നിയമം നിലവിൽ വന്നു. 01.10.2008 ന് നിയമം നടപ്പിലാക്കുന്നതിനായുള്ള ചട്ടങ്ങൾ പ്രസിദ്ധീകരിച്ചു. 2012 ൽ ഈ നിയമത്തിന് ഭേദഗതി ഇന്ത്യാ ഗവൺമെൻര് പുറപ്പെടുവിച്ചു. വനഭൂമിയിൽ തലമുറകളായി താസമിച്ചിരിക്കുന്നവരും എന്നാൽ അവകാശങ്ങൾ രേഖപ്പെടുത്താൻ കഴിയാത്തവരുമായ വനവാസികളായ പട്ടികവർഗ്ഗക്കാരുടെയും മറ്റു പരമ്പരാഗത വനവാസികളുടെയും വനാവകാശങ്ങളും വനഭൂമിയിലെ ജീവിതവൃത്തിയും അംഗീകരിക്കുന്നതിനും വനാവകാശങ്ങൾ തെളിവുകളുടെ അടിസ്ഥാനത്തിൽ അംഗീകരിക്കുന്നതിനും നിക്ഷിപ്തമാക്കുന്നതിനും വേ ിയുള്ളതാണ് ഈ നിയമം. പട്ടികവർഗ്ഗക്കാരായ വനവാസികളെ സംബന്ധിച്ച് 2005 ഡിസംബർ 13 നോ അതിന് മുമ്പോ കൈവശമു ായിരുന്ന വനഭൂമിയാണ് ഈ നിയമപ്രകാരം ലഭിക്കുക. അതിനു മുമ്പ് കൈവകമു ായിരിക്കുകയും സർക്കാർ പദ്ധതികൾക്കായി ഏറ്റെടുക്കുകയും ചെയ്ത വനഭൂമിക്ക് പകരം ഭൂമിയോ, ആ വനഭൂമി തന്നെയോ പട്ടികവർഗ്ഗക്കാരന് നൽകാനും വ്യവസ്ഥയു ്.

### 29. കടം എഴുതി തള്ളുന്ന പദ്ധതി

സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗക്കാർ വിവിധ സർക്കാർ വകുപ്പുകൾ, സഹകരണ സ്ഥാപനങ്ങൾ, ദേശസാൽകൃത ബാങ്കുകൾ, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും, 01.04.2014 ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ ഒരു ലക്ഷം രൂപ വരെയുള്ള വായപ്കൾ (മുതലും പലിശയും, പിഴപ്പലിശയും മറ്റു ചെലവുകളും ഉൾപ്പെടെ) എഴുതി തള്ളുന്ന പദ്ധതി സ.ഉ (അ) നം.71/2015/പജ.പവ.വിവ തീയതി, 01.10.2015 പ്രകാരം അനുവദിച്ചു വരുന്നു.

30. **ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങുന്ന പദ്ധതി**

സ്വന്തമായി ഭൂമിയില്ലാത്ത പട്ടികവർഗ്ഗക്കാർക്ക് 25 സെന്റ് മുതൽ 1 ഏക്കർ വരെ വാങ്ങുന്നതിന് 10 ലക്ഷം രൂപ വരെ സർക്കാർ ധനസഹായമായി നൽകുന്ന പദ്ധതി.

31. **വംശീയ വൈദ്യൻമാർക്ക് ധനസഹായം**

പരമ്പരാഗത പട്ടികവർഗ്ഗ വൈദ്യൻമാർക്ക് 10,000/- രൂപ വാർഷിക ഗ്രാന്റായി ഈ പദ്ധതി വഴി നൽകുന്നു. കിർത്താഡ്സിന്റെ സഹായത്തോടെ വൈദ്യൻമാരെ തെരെഞ്ഞടുക്കുകയും തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗ ിലേയ്ക്ക് കൈമാറ്റം ചെയ്യുന്നു.

32. **ലാപ്ടോപ്പ് വിതരണം**

അംഗീകൃത യൂണിവേഴ്സിറ്റികളിൽ/ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുന്നതാണ് പ്രസ്തുത പദ്ധതി. എം.ബി.എ., എം.ബി.ബി.എസ്., എം.എസ്.സി. കമ്പ്യൂട്ടർ സയൻസ്, എം.സി.എ, ബി.ഡി.എസ്, ബി.എ.എം.എസ്, ബി.എച്ച്.എം.എസ്, ബി.വി.എസ്.സി ആന്റ് എ.എച്ച്, ബി.ടെക്, എം.ടെക് എന്നീ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ടി പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്.

33. **പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയം തൊഴിലിനും നൈപുണ്യ വികസന പലിശീലനത്തിനുമുള്ള സഹായം**

പട്ടികവർഗ്ഗ യുവാക്കളിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും ഉപജീവന മാർഗ്ഗത്തിനുവേ ി സ്വയംതൊഴിൽ സംവിധാനം വഴി സഹായം നൽകാൻ ഈ പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നു. പരമാവധി ധനസഹായം 1.5 ലക്ഷം രൂപയാണ്. 50 ശതമാനത്തോളം ഗുണഭോക്താക്കൾ സ്ത്രീകൾ ആയിരിയ്ക്കണം. അനാഥർ, വിധവകൾ, അവിവാഹിതരായ അമ്മമാർ, സ്ത്രീകൾ ഗൃഹനാഥകളായുള്ള കുടുംബം എന്നിവർക്ക് മുൻഗണന നൽകുന്നതാണ്.

.........................................

## പട്ടികജാതി വികസന വകുപ്പ്

## വികസന പദ്ധതികൾ

### പട്ടികജാതി വിഭാഗങ്ങളുടെ ജനസംഖ്യ

2011ലെ കനേഷുമാരി പ്രകാരം എറണാകുളം ജില്ലയിലെ പട്ടികജാതി ജനസംഖ്യ 268411 ആണ്. ഇത് ഈ ജില്ലയുടെ ജനസംഖ്യയുടെ 8.18% വരും. ഇത് കേരളത്തിലെ മൊത്തം പട്ടികജാതി ജനസംഖ്യ ആയ 3039573 ന്റെ 8.83% ആണ്.

പട്ടികജാതി വികസന പ്രവർത്തനങ്ങൾ മൂന്ന് മേഖലയിലായിട്ടാണ് നടപ്പിലാക്കി വരുന്നത്.

1. **വിദ്യാഭ്യാസ പ്രവർത്തനങ്ങൾ**
2. **സാമ്പത്തിക വികസന പ്രവർത്തനങ്ങൾ**
3. **സാമൂഹ്യ ഉന്നമന പരിപാടികളും ക്ഷേമ പദ്ധതികളും**

പട്ടികജാതി വികസന വകുപ്പിന്റെ പ്രവർത്തന പദ്ധതികളിൽ വിദ്യാഭ്യാസത്തിനാണ് ഏറ്റവും പ്രാധാന്യം നൽകിയിട്ടുള്ളത്. പ്രീ പ്രൈമറി തലം മുതൽ വിദ്യാഭ്യാസത്തിന്റെ ഏത് ഉയർന്ന തലത്തിൽ പഠിക്കുവാനും ആവശ്യമായ സഹായം വകുപ്പിൽ നിന്നും നൽകി വരുന്നു ്. വിദേശ സർവ്വകലാശാലകളിൽ പോയി പഠനം പൂർത്തിയാക്കുവാനും സഹായം നൽകുന്ന പദ്ധതികൾ നിലവിലു ്. അതോടൊപ്പംതന്നെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ സമൂഹത്തിലെ എല്ലാ വിഭാഗത്തിലെയും കുട്ടികൾക്ക് പ്രീ പ്രൈമറി തലം മുതൽ ഉയർന്ന തലത്തിൽ വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിന് സഹായകമായ പദ്ധതികൾ വകുപ്പു വഴി നടപ്പിലാക്കുന്നു ്. ഈ സമീപനം സമൂഹത്തിലെ അസന്തുലിതാവസ്ഥ മാറ്റാനും സഹായക മായിട്ടു ്. ഗുണപരമായ ഈ മാറ്റം സാമൂഹ്യ രാഷ്ട്രീയ സാമ്പത്തിക മണ്ഡലങ്ങളിൽ ഉ ായിട്ടില്ല. ഇതിന് ആവശ്യമായ കർമ്മ പരിപാടികൾ ആസൂത്രണം ചെയ്യുന്നു ്.

പഞ്ചായത്ത് രാജ് ഭരണ സമ്പ്രദായം നിലവിൽ വന്നതോടെ സർക്കാർതലത്തിലും ജില്ലാ/ബ്ലോക്ക്/ഗ്രാമപഞ്ചായത്ത് തലത്തിലും പട്ടികജാതിക്കാർക്കായി വിവിധ വികസന പരിപാടികൾ നടത്തി വരുന്നു ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഭവന നിർമ്മാണ പദ്ധതികൾ ഏറ്റെടുക്കുന്നു ്. ഉൽപ്പാദന മേഖലകളിൽ തൊഴിൽ സംരംഭ മേഖലകളിൽക്കൂടി ശ്രദ്ധ പതിപ്പിച്ചാൽ ആശാവഹമായ പുരോഗതി ഉ ാകുന്നതാണ്. പഞ്ചായത്ത് രാജ് നിലവിൽ വന്നതോടെ വകുപ്പ് ജീവനക്കാരെ താലൂക്ക് തലത്തിൽ നിന്ന് ബ്ലോക്ക് തലത്തിലേയ്ക്കും മുനിസിപ്പാലിറ്റി കോർപ്പറേഷൻതലത്തിലേയ്ക്കും വിന്യസിച്ചിട്ടു ്. എറണാകുളം ജില്ലയിൽ ജില്ലാതലത്തിൽ ഓഫീസ്സ് പ്രവർത്തിക്കുന്നു ്. കൂടാതെ18 പട്ടികജാതി വികസന ആഫീസ്സുകൾ ബ്ലോക്ക് തലങ്ങളിലും ഉ ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 1995ൽത്തന്നെ 17 പദ്ധതികളും ഫ ും കൈമാറിയിട്ടു ്. അതുകൊ ് വിദ്യാഭ്യാസം ഭവന നിർമ്മാണം പശ്ചാത്തല സൗകര്യങ്ങളുടെ വികസനം മറ്റ് തൊഴിൽ ലഭിക്കുവാനുള്ള പരിശീലനവും പദ്ധതികളും വ്യാപകമായി നടത്തി വരുന്നു ്. എന്നാൽത്തന്നെയും ഇവരുടെ ജീവിത നിലവാരം ആശാവഹമല്ല.കുറെക്കൂടി ശ്രദ്ധയും സൃഷ്ടിപരമായ പദ്ധതികളുടെ ആസൂത്രണവും നടത്തിപ്പും ഉ ായാൽ ഇവരെ സഹായിക്കുവാൻ കഴിയുന്നതാണ്. ഉദ്യോഗസംവരണങ്ങളിൽ പട്ടികജാതിക്കാർക്ക് 8% സീറ്റുകളാണ് നീക്കി വെച്ചിട്ടുള്ളത്. അതുപോലെ വിദ്യാഭ്യാസത്തിനുള്ള പ്രവേശനത്തിനും സംവരണം ഏർപ്പെടുത്തിയിട്ടു ്. ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ 20% സീറ്റുകളും പ്രൊഫഷണൽ കോളേജുകളിൽ 10% സീറ്റുമാണ് സംവരണം ചെയ്തിട്ടുള്ളത്. ഇത്തരത്തിലുള്ള സംവിധാനങ്ങൾ തുടരുകതന്നെ വേണം.

**പ്രത്യേക ഘടക പദ്ധതി**

അഞ്ചാം പഞ്ചവത്സര പദ്ധതി പൂർത്തിയാകുന്നതുവരെ പട്ടികജാതി ക്ഷേമ വികസന പ്രവർത്തനങ്ങൾ പട്ടികജാതി വികസന വകുപ്പിന്റേതു മാത്രമായിരുന്നു. ടി സമീപനം പട്ടികജാതിക്കാർക്ക് വിദ്യാഭ്യാസ മേഖലയിൽ ഗണ്യമായ ഗുണം ചെയ്തു. എന്നാൽ മറ്റ് ജീവിത സാഹചര്യങ്ങൾ വികസിപ്പിക്കുന്നതിൽ കാര്യമായ ഒരു പുരോഗതി നേടിക്കൊടുത്തില്ല. അതേസമയം രാജ്യമാകമാനം ഉ ായ വിവിധ കാരണങ്ങളാൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പട്ടികജാതിക്കാരുടെ എണ്ണം ക്രമാതീതമായി ഉയർന്നുകൊ ിരുന്നു.

ടി സാഹചര്യത്തിൽ 1975 ഏപ്രിൽ മാസം ഡൽഹിയിൽ ചേർന്ന പിന്നോക്ക പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് മന്ത്രിമാരുടെ യോഗത്തിൽ വെച്ച് ഓരോ വകുപ്പും തങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്നും ഒരു നിശ്ചിത ശതമാനം തുക ജനസംഖ്യാനുപാതികമായി പട്ടികജാതിക്കാരുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് നീക്കിവെയ്ക്കണമെന്ന സുപ്രധാന പ്രമേയം പാസ്സാക്കുകയു ായി. ഇപ്രകാരം തുക നീക്കിവെച്ച് പട്ടികജാതിക്കാരുടെ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ തീരുമാനിക്കുകയും 1980 മുതൽ ഓരോ വകുപ്പിന്റെ ബഡ്ജറ്റ് തുകയുടെ 10% വരുന്ന തുക പ്രത്യേകമായി പട്ടികജാതി വികസനത്തിനായി നീക്കിവെയ്ക്കാനും ആ പദ്ധതിയെ പ്രത്യേക ഘടകപദ്ധതി എന്ന് പേര് പറയുകയും ചെയ്തു.

പ്രത്യേക ഘടകപദ്ധതി 1983ൽ ജില്ലാതലത്തിലേയ്ക്ക് വികേന്ദ്രീകരിച്ചു. 198384 സാമ്പത്തികവർഷം മുതൽ പ്രത്യേക ഘടക പദ്ധതികളുടെ അംഗീകാരവും അവലോകനവും കളക്ടർ ചെയർമാനായ ജില്ലാതല വർക്കിംഗ് ഗ്രൂപ്പിൽ നിക്ഷിപ്തമായി. ടി വർക്കിംഗ് ഗ്രൂപ്പിന് പകരമായി ഇപ്പോൾ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണായ ജില്ലാതല പട്ടികജാതി വികസന സമിതിയാണുള്ളത്.

**പ്രത്യേക ഘടകപദ്ധതിയ്ക്കുള്ള പ്രത്യേക കേന്ദ്രസഹായം**

പ്രത്യേക ഘടകപദ്ധതികൾക്കുള്ള അധിക സഹായമാണിത്. പട്ടികജാതിക്കാർക്കു വേ ി വരുമാനമു ാക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനും പ്രത്യേക ഘടകപദ്ധതികൾ വഴി നടപ്പിലാക്കുന്ന സ്കീമുകൾക്കാവശ്യമായ പരിശീലന പരിപാടികൾ നടപ്പിലാക്കുന്നതിനും ഈ സഹായം വിനിയോഗിക്കാം. പ്രധാനമായും ഈ ധനസഹായം സാമ്പത്തികോന്നമന പരിപാടികൾക്കാണ് വിനിയോഗിക്കേ ത്.

**പ്രത്യേക ഘടക പദ്ധതികളിൽ ശ്രദ്ധിക്കേ കാര്യങ്ങൾ**

1. പട്ടികജാതിക്കാർക്ക് നേരിട്ട് പ്രയോജനം ലഭിക്കുന്ന പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തേ ത്.
2. വ്യക്തിഗത പദ്ധതികളിൽ എല്ലാ ഗുണഭോക്താക്കളും പട്ടികജാതി വിഭാഗക്കാരായിരിക്കണം.
3. പശ്ചാത്തല വികസന പദ്ധതികളിൽ (റോഡ്, വൈദ്യുതി, കുടിവെള്ള വിതരണം മുതലായവ) ഗുണഭോക്താക്കളിൽ 51% എങ്കിലും നിർബന്ധമായും പട്ടികജാതി വിഭാഗക്കാരായിരിക്കണം. ആയത് തെളിയിക്കുന്നതിന് പട്ടികജാതി വികസന വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ്, സാമൂഹ്യ ഭൂപടം എന്നിവ പദ്ധതിയുടെ കൂടെ ഉ ായിരിക്കേ താണ്.
4. നീർത്തട വികസനം, ജലസേചനം, മണ്ണ് സംരക്ഷണം മുതലായ പദ്ധതികളിൽ ഗുണഭോക്തൃ കുടുംബങ്ങളുടെ എണ്ണം മാനദണ്ഡമാക്കരുത്. പ്രസ്തുത പദ്ധതികൾ മുഖേന പ്രയോജനം ലഭിക്കുന്ന പ്രദേശത്തിന്റെ (ഭൂമിയുടെ) 51% എങ്കിലും പട്ടികജാതിക്കാരുടെ ഉടമസ്ഥതയിലായിരിക്കണം. ഫീസിബിലിറ്റി സർട്ടിഫിക്കറ്റ്, സാമൂഹ്യ ഭൂപടം എന്നിവയ്ക്ക് പുറമെ അയക്കെട്ട് മേഖല പദ്ധതിയുടെ കൂടെ ഉ ായിരിക്കേ താണ്.
5.

**പട്ടികജാതി വികസന വകുപ്പ് പട്ടികജാതിക്കാർക്ക് നടപ്പിലാക്കുന്ന പദ്ധതികൾ**

പട്ടികജാതി വികസന വകുപ്പ് പട്ടികജാതിക്കാർക്കായി നടപ്പിലാക്കി വരുന്ന പദ്ധതികളെ മൂന്നായി തിരിക്കാം.

1. **വിദ്യാഭ്യാസ പരിപാടികൾ**
2. **സാമ്പത്തിക വികസന പരിപാടികൾ**
3. **സാമൂഹ്യ ഉന്നമന പരിപാടികളും ക്ഷേമ പദ്ധതികളും**

## 1. വിദ്യാഭ്യാസ പരിപാടികൾ

**1. പ്രീപ്രൈമറി വിദ്യാഭ്യാസം:** വകുപ്പിന്റെ ആഭിമുഖ്യത്തിൽ എറണാകുളം ജില്ലയിൽ 17 നേഴ്സറി സ്ക്കൂളുകൾ പ്രവർത്തിക്കുന്നു. ഓരോ കുട്ടിയ്ക്കും ആഹാരത്തിനായി പ്രതിദിനം 30/ രൂപയും യൂണിഫോമിനായി പ്രതിവർഷം 600 രൂപയും ലംപ്സം ഗ്രാന്റ് 190 രൂപയും നൽകുന്നു. ഈ പദ്ധതി ഗ്രാമപഞ്ചായത്തുകൾ മുഖേനയാണ് നടപ്പിലാക്കുന്നത്. എൽ.കെ.ജി., യു.കെ.ജി. ക്ലാസ്സുകളിലെ പരമാവധി കുട്ടികളുടെ എണ്ണം 30 ആണ്.

ജില്ലയിൽ വെളിയത്തുനാട്, ഞാറയ്ക്കൽ, പെരുമ്പടന്ന, പുത്തൻവേലിക്കര, കോട്ടുവള്ളി, ഇടത്തല, കടവൂർ, കോട്ടപ്പടി, ആലങ്ങാട്, മുപ്പത്തടം, ചെല്ലാനം, കുമ്പളങ്ങി, മലയാറ്റൂർ, കീഴ്മുറി, കൂത്താട്ടുകുളം, കടവന്ത്ര, ഇരുമ്പനം എന്നിവിടങ്ങളിലാണ് നേഴ്സറി/ബാലവാടികളുള്ളത്.

**2. പ്രീമെട്രിക് വിദ്യാഭ്യാസം:** - 1 മുതൽ 4 വരെ ക്ലാസ്സുകളിലെ പട്ടികജാതി വിദ്യാർത്ഥികൾക്ക് 320/ രൂപ നിരക്കിലും 5 മുതൽ 7 വരെ 630/ രൂപ നിരക്കിലും 8 മുതൽ 10 വരെ 940/ രൂപ നിരക്കിലും പ്രതിവർഷം ലംപ്സം ഗ്രാന്റ് നൽകുന്നു. ഒരു ക്ലാസ്സിൽ തോൽക്കുന്ന വിദ്യാർത്ഥിയ്ക്ക് മേൽപ്പറഞ്ഞ തുകയുടെ പകുതിയും നൽകുന്നു.

**3. വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള ധനസഹായം** :

ജാതിമത പരിഗണന കൂടാതെ നൽകുന്ന പദ്ധതി പ്രകാരം 1 മുതൽ 10 വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് പ്രതിമാസം 110/ രൂപ സ്റ്റൈപ്പന്റ് ഇനത്തിലും 710/ രൂപ അഡ്ഹ്വാക്ക് ഗ്രാന്റും (ഡേ സ്കോളേഴ്സ്) 1000/ രൂപ (ഹോസ്റ്റലേഴ്സ്) യും നൽകി വരുന്നു. ഈ ആനുകൂല്യം ലഭിക്കുന്നതിന് വില്ലേജ് ഓഫീസ്സറിൽ നിന്നോ ഗ്രാമ പഞ്ചായത്ത്/മുനിസിപ്പൽ/കോർപ്പറേഷൻ സെക്രട്ടറി എന്നിവരിൽ നിന്നോ ഉള്ള സർട്ടിഫിക്കറ്റ് സഹിതം സ്ക്കൂൾ മേധാവികൾ മുഖേനയാണ് അപേക്ഷ നൽകേ ത്.

**4. അൺ എയ്ഡഡ് സ്ക്കൂളുകളിൽ പഠിക്കുന്നവർക്ക് ട്യൂഷൻ ഫീസ് റീ-ഇംബേഴ്സ്മെന്റ്:** അംഗീകൃത അൺ എയ്ഡഡ് സ്ക്കൂളുകളിൽ 10ാം ക്ലാസ്സ് വരെ പഠിക്കുന്ന പട്ടികജാതി മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ് റീ ഇംബേഴ്സ് ചെയ്തു നൽകുന്നു. എൽ.പി./യു.പി വിഭാഗം ഫീസ് - 1000/- രൂപ, സ്പെഷ്യൽ ഫീസ് - 333/- രൂപ, ഹൈസ്ക്കൂൾ വിഭാഗം ഫീസ് - 1500/- രൂപ, സ്പെഷ്യൽ ഫീസ് 500/- രൂപ.

ഈ ആനുകൂല്യം ലഭിക്കുന്നതിന് വിദ്യാർത്ഥികളുടെ ക്ലാസ്സ് തിരിച്ചുള്ള പട്ടികജാതി/മറ്റർഹ വിഭാഗ ലിസ്റ്റ് തയ്യാറാക്കി ഫീസ് നിരക്ക് രേഖപ്പെടുത്തി ഡി.ഇ.ഒ./എ.ഇ.ഒ. മേലൊപ്പ് ചാർത്തി ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ആഫീസ്സിൽ നൽകേ താണ്. ഒരു അദ്ധ്യയന വർഷത്തെ തുക അടുത്ത വർഷം റീ ഇംപേഴ്സ് ചെയ്ത് നൽകുന്നതാണ്.

**5. സമർത്ഥരായ കുട്ടികൾക്കുള്ള സ്വകാര്യ ബോർഡിംഗ് സ്ക്കൂളിൽ വിദ്യാഭ്യാസ സൗകര്യം**: ഉയർന്ന മാർക്കോടുകൂടി 4-ാം ക്ലാസ്സ് പാസ്സാകുന്ന സമർത്ഥരായ വിദ്യാർത്ഥികൾക്ക് സ്വകാര്യ സ്ഥാപനങ്ങൾ നടത്തിവരുന്ന ബോർഡിംഗ് സ്ക്കൂളുകളിൽ വിദ്യാഭ്യാസ സൗകര്യം നിലവിലു ്. ഈ പദ്ധതി ജില്ലാ പഞ്ചായത്ത് മുഖാന്തിരം നടപ്പാക്കി വരുന്നു. രക്ഷിതാക്കളുടെ വരുമാന പരിധി 1 ലക്ഷം രൂപയാണ്. 4-ാം ക്ലാസ്സ് പരീക്ഷയിൽ ലഭിച്ച ഗ്രേഡ് സഹിതം ജില്ലാ പഞ്ചായത്ത് സെക്രട്ടറി/മുനിസിപ്പൽ/ കോർപ്പറേഷൻ സെക്രട്ടറി എന്നിവർക്കാണ് അപേക്ഷ നൽകേ ത്.

**6. ശ്രീ. അയ്യങ്കാളി ടാലന്റ് സെർച്ച് & ഡെവലപ്മെന്റ് പദ്ധതി**:പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് 4, 7 ക്ലാസ്സുകളിൽ ലഭിച്ച ഗ്രേഡിന്റെ അടിസ്ഥാനത്തിൽ മികച്ച വിദ്യാർത്ഥികൾക്കായി പത്താം ക്ലാസ്സ് വരെ പ്രതിവർഷം 4,500/രൂപ വീതം സ്കോളർഷിപ്പ് നൽകി വരുന്നു. അപേക്ഷകൾ ജൂൺ മാസത്തിൽ പട്ടികജാതി വികസന ആഫീസ്സർമാർക്ക് നൽകി വരുന്നു. ജാതി, വരുമാനം, ഗ്രേഡ് സർട്ടിഫിക്കറ്റുകൾ സമർപ്പിക്കേ താണ്. രക്ഷിതാക്കളുടെ വാർഷിക വരുമാന പരിധി - 1 ലക്ഷം രൂപ. 12,000/ രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവരുടെ മക്കൾക്ക് ഫർണിച്ചർ വാങ്ങുന്നതിന് 2,000/ അധികമായി ഒറ്റത്തവണയായി നൽകുന്നു. വിദ്യാർത്ഥികൾക്ക് പോഷകാഹാരം ലഭ്യമാക്കു ന്നതിന് പ്രതിമാസം 100/- രൂപ പ്രകാരം 10 മാസത്തേയ്ക്ക് 1000/ രൂപ നൽകി വരുന്നു.

**7. പോസ്റ്റ്മെട്രിക് വിദ്യാഭ്യാസം** : എസ്.എസ്.എൽ.സി. കഴിഞ്ഞുള്ള വിവിധ വിദ്യാഭ്യാസ കോഴ്സുകൾക്ക് വരുമാന പരിധിയില്ലാതെ പട്ടികജാതിക്കാർക്ക് മുഴുവൻ ഫീസ് ഇളവും ലംപ്സം ഗ്രാന്റും സ്റ്റൈപ്പന്റും നൽകി വരുന്നു.

ഗവണ്മെന്റ് അംഗീകാരമുള്ള എല്ലാ കോഴ്സുകൾക്കും ഈ ആനുകൂല്യം ലഭിക്കുന്നു. വിവിധ കോഴ്സുകൾക്ക് 1130/ രൂപ മുതൽ 3130/- രൂപ വരെ വ്യത്യസ്ത നിരക്കിൽ ലംപ്സം ഗ്രാന്റ് നൽകി വരുന്നു. അതോടൊപ്പം വിദ്യാഭ്യാസ സ്ഥാപനത്തിൽ നിന്നും 8 കി.മീറ്ററിനുള്ളിൽ താമസിക്കുന്നവർക്ക് 500/ രൂപ നിരക്കിലും അതിന് മുകളിലുള്ളവർക്ക് 600/ രൂപ നിരക്കിൽ പ്രതിമാസ സ്റ്റൈപ്പന്റും ഹോസ്റ്റലുകളിൽ താമസിക്കുന്നവർക്ക് ഭക്ഷണച്ചെലവും പോക്കറ്റ് മണിയും ലഭിക്കുന്നു. അദ്ധ്യയന വർഷാരംഭത്തിൽ അക്ഷയകേന്ദ്രം മുഖേന ഓൺലൈനായി സ്ഥാപന മേധാവിയ്ക്ക് അപേക്ഷ നൽകേ താണ്. ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, എസ്.എസ്.എൽ.സി. ബുക്കിന്റെ പകർപ്പ്, വിദ്യാഭ്യാസ യോഗ്യതാ സർട്ടിഫിക്കറ്റ് എന്നിവ സഹിതം അപേക്ഷ സ്ഥാപനമേധാവി മുഖേന ജില്ലാ പട്ടികജാതി വികസർക്ക് നൽകേ താണ്.

**8. പ്രീമെട്രിക് ഹോസ്റ്റലുകൾ**: പ്രീമെട്രിക് തലത്തിൽ ആൺകുട്ടികൾക്കായി ര ് ഹോസ്റ്റലുകളും പെൺകുട്ടികൾക്കായി മൂന്ന് ഹോസ്റ്റലുകളും ജില്ലയിൽ പ്രവർത്തിക്കുന്നു ്. ഭക്ഷണത്തിനായി ഒരു അന്തേവാസിയ്ക്ക് പ്രതി മാസം 2000 രൂപ അനുവദിച്ചിട്ടു ്. ഓണം, ക്രിസ്തുമസ് തുടങ്ങിയ അവധിക്കാലത്ത് വീട്ടിൽ പോയി വരുന്നതിന് യാത്രാബത്തയും അതിനുപുറമെ 130 രൂപ പോക്കറ്റ്മണിയും നൽകുന്നു. 5 മുതൽ 10 വരെ പഠിക്കുന്ന ഹോസ്റ്റൽ അന്തേവാസികൾക്ക് പ്രത്യേക ട്യൂഷൻ സൗകര്യവും ഏർപ്പെടുത്തിയിട്ടു ്. ബ്ലോക്ക് പഞ്ചായത്തുകളുടെ നിയന്ത്രണത്തിലാണ് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നത്.ഏഴിക്കര (ആൺ), നീലീശ്വരം (ആൺ), മൂവാറ്റുപുഴ (പെൺ), പറവൂർ (പെൺ), പെരുമ്പാവൂർ (പെൺ) എന്നിവിടങ്ങളിലാണ് ജില്ലയിലെ പ്രീമെട്രിക് ഹോസ്റ്റലുകൾ.

**9. പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ**: ജില്ലയിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി എറണാകുളത്ത് ഓരോ പോസ്റ്റ്മെട്രിക് ഹോസ്റ്റൽ വീതം പ്രവർത്തിക്കുന്നു. ഭക്ഷണചെലവിനായി ഓരോ വിദ്യാർത്ഥിയ്ക്കും 2300/ രൂപയും പോക്കറ്റ്മണിയായി പ്രതിമാസം 190 രൂപ നൽകുന്നു. ഓണം, ക്രിസ്തുമസ് തുടങ്ങിയ അവധിക്കാലത്ത് വീട്ടിൽ പോയി വരുന്നതിന് യാത്രാബത്ത നൽകി വരുന്നു. സർക്കാർ/അംഗീകൃത/സ്വാശ്രയ കോളേജുകളിലെ അംഗീകൃത ഹോസ്റ്റലുകൾ എന്നിവയിൽ അഡ്മിഷൻ നേടിയിട്ടുള്ള വിദ്യാർത്ഥികൾക്കും ആനുകൂല്യം നൽകി വരുന്നു.

**10. മോഡൽ റസിഡൻഷ്യൽ സ്ക്കൂൾ**:ജില്ലയിൽ പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ ആലുവ കീഴ്മാടിൽ ആൺകുട്ടികൾക്കായി മോഡൽ റസിഡൻഷ്യൽ സ്ക്കൂൾ പ്രവർത്തിക്കുന്നു. 5 മുതൽ 12 വരെ ക്ലാസ്സുകളാണ് ടി സ്ഥാപനത്തിലുള്ളത്. കുട്ടികളുടെ താമസ-ഭക്ഷണ-വിദ്യാഭ്യാസ ചെലവുകൾ വകുപ്പ് വഹിക്കുന്നു. നാലാം ക്ലാസ്സ് പാസ്സായവരിൽ നിന്ന് സംസ്ഥാന അടിസ്ഥാനത്തിൽ നടത്തുന്ന പ്രവേശന പരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിൽ അഞ്ചാം ക്ലാസ്സിലേയ്ക്ക് പ്രവേശനം നൽകുന്നു. മാതാപിതാക്കളുടെ വാർഷിക വരുമാന പരിധി 1 ലക്ഷം രൂപയാണ്.

**11. പ്രത്യേക പ്രോത്സാഹന സമ്മാനം**:എസ്.എസ്.എൽ.സി., പ്ലസ് ടു, ടി.ടി.സി., പോളിടെക്നിക്, ഡിഗ്രി, പോസ്റ്റ് ഗ്രാജ്വേഷൻ തുടങ്ങിയവയിൽ ഫസ്റ്റ് ക്ലാസ്സ് കരസ്ഥമാക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫസ്റ്റ് ക്ലാസ്സ്, ഡിസ്റ്റിംഗ്ഷൻ നേടുന്നവർക്ക് യഥാക്രമം എസ്.എസ്.എൽ.സി. യ്ക്ക് 1500 രൂപ, 2500 രൂപ നിരക്കിലും പ്ലസ് ടു, ടി.ടി.സി., പോളിടെക്നിക്, വി.എച്ച്.എസ്.സി. എന്നിവയ്ക്ക് 2500/ രൂപ നിരക്കിലും, 2500/- രൂപ നിരക്കിലും ഡിഗ്രിയ്ക്ക് 3500/ രൂപ , 7500/- രൂപ നിരക്കിലും പോസ്റ്റ് ഗ്രാജ്വേഷൻ 5000/- രൂപ, 10,000/- രൂപ നിരക്കിലും പ്രോത്സാഹന സമ്മാനം നൽകി വരുന്നു.

**12. റാങ്ക് ജേതാക്കൾക്ക് സ്വർണ്ണ മെഡൽ** : മെഡിക്കൽ/എൻജിനീയറിംഗ് പ്രവേശന പരീക്ഷയിൽ ആദ്യ റാങ്ക് നേടുന്ന പട്ടികജാതി വിദ്യാർത്ഥിനികൾക്ക് 1 പവൻ സ്വർണ്ണ നാണയം സമ്മാനമായി നൽകുന്നു. പ്ലസ് ടു, എസ്.എസ്.എൽ.സി. പരീക്ഷകളിൽ എല്ലാ വിഷയത്തിനും എ+ നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് അര പവൻ സ്വർണ്ണനാണയം നൽകി അനുമോദിക്കുന്നു.

**13. ക്ഷേത്ര പ്രവേശന വിളംബര സ്മാരക സ്കോളർഷിപ്പ്** : 1936ലെ ക്ഷേത്ര പ്രവേശന വിളംബരത്തിന്റെ സ്മരണാർത്ഥം ഏർപ്പെടുത്തിയിട്ടുള്ള എൻഡോവ്മെന്റ് തുകയുടെ പലിശയും സർക്കാർ ഗ്രാന്റും ചേർത്ത് ഡിഗ്രി, പിജി, എൽ.എൽ.ബി., മെഡിക്കൽ, എൻജിനീയറിംഗ് പഠനം നടത്തുന്ന ഉന്നത വിജയം കരസ്ഥമാക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് വിവിധ നിരക്കിൽ സ്കോളർഷിപ്പ് നൽകി വരുന്നു

**14. മെഡിക്കൽ/എൻജിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് പ്രത്യേക പരിശീലനം (വിഷൻ)**

മെഡിക്കൽ/എൻജിനീയറിംഗ് പ്രവേശന പരീക്ഷയ്ക്കുള്ള ദീർഘകാല കോച്ചിംഗിനായി 20,000/- രൂപ വരെ ധനസഹായം നൽകി വരുന്ന പദ്ധതിയാണിത്. നിലവാരമുള്ള സ്ഥാപനങ്ങളിലാണ് കോച്ചിംഗ് ലഭ്യമാക്കേ ത്. രക്ഷിതാക്കളുടെ വാർഷിക വരുമാന പരിധി 4.5 ലക്ഷം രൂപയാണ്. ജാതി, വരുമാനം, മാർക്ക് ലിസ്റ്റ്, സ്ഥാപനത്തിൽ ഫീസടച്ചതിന്റെ രശീത് എന്നിവ സഹിതം അപേക്ഷ ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ആഫീസ്സർമാർക്ക് സമർപ്പിക്കേ താണ്.

**15. സ്വാശ്രയ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്നവർക്ക് ആനുകൂല്യം** : വിവിധ പ്രൊഫഷണൽ കോഴ്സുകൾക്ക് സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ എന്നിവയിൽ മെറിറ്റിലോ, റിസർവേഷനിലോ അഡ്മിഷൻ നേടുന്നവർക്ക് സർക്കാർ അംഗീകരിച്ച നിരക്കിൽ ഫീസ് ആനുകൂല്യം നൽകുന്നു. കൂടാതെ, ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നിവയും നൽകി വരുന്നു. അപേക്ഷ ഓൺലൈനായി അക്ഷയ കേന്ദ്രങ്ങൾ വഴി സമർപ്പിക്കേ താണ്.

**16. ബുക്ക് ബാങ്ക്**:ജില്ലയിലെ എൻജിനീയറിംഗ് അഗ്രി കോളേജുകൾക്കും പോളിടെക്നിക് എന്നിവയ്ക്കും വിലയേറിയ റഫറൻസ് ഗ്രന്ഥങ്ങൾ വാങ്ങാൻ ബുക്ക് ബാങ്ക് പദ്ധതി പ്രകാരം ധനസഹായം നൽകി വരുന്നു.

**17. പാരൽ കോളേജ് വിദ്യാർത്ഥികൾക്ക് സൗജന്യ വിദ്യാഭ്യാസം** : പോസ്റ്റ്മെട്രിക് തലത്തിൽ പട്ടികജാതി/മറ്റർഹ വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും പാരലൽ കോളേജ് വിദ്യാർത്ഥികൾക്ക് അനുവദിക്കുന്നു. ഇതിനുവേ ിയുള്ള അപേക്ഷ സ്ഥാപന മേധാവി മുഖേന ബ്ലോക്ക് പട്ടികജാതി വികസന ആഫീസ്സർക്ക് നൽകേ താണ്. അപേക്ഷയോടൊപ്പം ജാതി സർട്ടിഫിക്കറ്റും പ്രായം തെളിയിക്കുന്ന രേഖയും അവസാനവർഷ പരീക്ഷയിൽ ലഭിച്ച മാർക്ക്ലിസ്റ്റിന്റെ പകർപ്പും സമർപ്പിക്കേ താണ്.

**18. ഐ.ടി.സി.കൾ** :ജില്ലയിൽ ഇടപ്പള്ളിയിൽ ഒരു ഐ.ടി.സി. പ്രവർത്തിക്കുന്നു ്. മെക്കാനിക്, മോട്ടോർവെഹിക്കിൾ, വെൽഡർ ട്രേഡുകളാണുള്ളത്.

**19. ഗവണ്മെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ്** : കേരളത്തിനകത്തും പുറത്തും അംഗീകൃത സ്ഥാപനങ്ങളിൽ പഠിക്കുന്ന ഇ-ഗ്രാന്റ്സിന് അർഹതയില്ലാത്തതും വാർഷിക വരുമാനം 2,50,000/- രൂപയിൽ താഴെയുള്ളവരുമായ പട്ടികജാതി വിദ്യാർത്ഥികൾക്ക് നൽകുന്ന ധനസഹായ പദ്ധതിയാണിത്.

**20. സ്റ്റെതസ്കോപ്പ് വിതരണം** : ഒന്നാം വർഷ എം.ബി.ബി.എസ്., ബി.എ.എം.എസ്., ബി.എച്ച്.എം.എസ്. വിദ്യാർത്ഥികൾക്ക് സൗജന്യമായി സ്റ്റെതസ്കോപ്പ് നൽകി വരുന്ന പദ്ധതിയാണിത്. സ്ഥാപനമേധാവി മുഖേനയാണ് പ്രസ്തുത ആനുകൂല്യത്തിന് അപേക്ഷിക്കേ ത്.

**21. ലാപ്ടോപ്പ് വിതരണം** : പട്ടികജാതി വികസന വകുപ്പിൽ നിന്നും വിദ്യാഭ്യാസാനുകൂല്യം ലഭിക്കുന്ന വിവിധ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിഭാഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങുന്നതിനായി ധനസഹായം അനുവദിക്കുന്ന പദ്ധതിയാണിത്.

**22. ബിരുദ/ബിരുദാനന്തര ബിരുദ കലാ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥി കൾക്ക് പഠന/പരിശീലന ഉപകരണങ്ങൾ/ ഉപാധികൾ വാങ്ങുന്നതിനുള്ള ധനസഹായം** : പ്രസ്തുത കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അവരുടെ പ്രധാന സബ്സിഡിയറി വിഷയങ്ങൾ പരിശീലനത്തിന് ആവശ്യമായ ശ്രുതിപ്പെട്ടി, വയലിൻ, വീണ, കഥകളി, ചെ , മദ്ദളം, ചിലങ്ക, ആടയാഭരണങ്ങൾ തുടങ്ങിയവ വാങ്ങുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയാണിത്.

**23. വിദൂര വിദ്യാഭ്യാസത്തിനുള്ള സഹായം** : യൂണിവേഴ്സിറ്റികളുടെ കറസ്പോ ൻസ് കോഴ്സിൽ ചേർന്ന് പഠിക്കുന്നവർക്ക് കോഴ്സ് ഫീസ് അനുവദിക്കുന്നു.

**24. പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ** : വിവിധ മത്സരപ്പരീക്ഷകൾക്ക് പട്ടികജാതി വിഭാഗം ഉദ്യോഗാർത്ഥികൾക്ക് സ്റ്റൈപ്പന്റോടുകൂടിയുള്ള സൗജന്യ പരിശീലനം നൽകി വരുന്നു. മെഡിക്കൽ/എൻജിനീയറിംഗ് പ്രവേശന പരീക്ഷയ്ക്കുള്ള സൗജന്യ കോച്ചിംഗ് ക്ലാസ്സും, തൊഴിലധിഷ്ഠിത കോഴ്സുകളും നടത്തി വരുന്നു. എറണാകുളം ജില്ലയിൽ ആലുവയിലാണ് പ്രസ്തുത സ്ഥാപനം.

**25. പഠന യാത്രാ ധനസഹായം** : സംസ്ഥാനത്തിനകത്ത് ഹയർ സെക്കന്ററി ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ കോഴ്സുകൾ എന്നിവയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന പഠനയാത്രയിൽ പങ്കെടുക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്കുള്ള ധനസഹായം പദ്ധതിയാണിത്. ഒരു വിദ്യാർത്ഥിയ്ക്ക് പരമാവധി 4,000/ രൂപയാണ് ടി പദ്ധതി പ്രകാരം നൽകി വരുന്നത്.

## 2. സാമ്പത്തിക വികസന പരിപാടികൾ

1. **സ്വയംതൊഴിൽ പദ്ധതി** : ഗുണഭോക്താക്കൾ 18നും 40നും മദ്ധ്യേ പ്രായമുള്ളവരും 7-ാം ക്ലാസ്സ് പൂർത്തിയാക്കിയവരും ആയിരിക്കണം. ടി പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീ യുവാക്കൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വ്യക്തിഗത ബാങ്ക് വായ്പയുടെ 1/3 ഭാഗം സബ്സിഡിയായി അനുവദിക്കുന്നു. ബാങ്ക് അംഗീകരിക്കുന്ന ഏത് സ്വയംതൊഴിൽ സംരംഭവും തുടങ്ങാം. പരമാവധി സബ്സിഡി തുക ഒരു ലക്ഷം രൂപയാണ്. വിദ്യാഭ്യാസ യോഗ്യത, ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, പദ്ധതി റിപ്പോർട്ട്, റേഷൻ കാർഡ്, തിരിച്ചറിയൽ കാർഡ്, എസ്.ജി.എസ്.വൈ. ലോൺ വാങ്ങിയിട്ടില്ല എന്ന ബന്ധപ്പെട്ട ഓഫീസ്സറുടെ സാക്ഷ്യപത്രം സഹിതം അപേക്ഷ ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസ്സർക്ക് നൽകേ താണ്.

2. **<u>അഭിഭാഷകർക്കുള്ള ധനസഹായം</u>** : നിയമ ബിരുദധാരികൾക്ക് വക്കീലായി പ്രാക്ടീസ് ചെയ്യുന്നതിന് ബാർ കൗൺസിലിന്റെ അംഗീകാരം ലഭിച്ചു കഴിഞ്ഞാൽ ആദ്യവർഷം ഡ്രസ്സിന് 2000 രൂപ നിയമ പുസ്തകങ്ങൾ വാങ്ങാൻ 6250 രൂപ, എൻ റോൾമെന്റ് ഫീസ്- 1550 രൂപ എന്നീ നിരക്കിൽ ആനുകൂല്യം നൽകുന്നതാണ്. ര ും മൂന്നും വർഷങ്ങളിൽ ഡ്രസ്സിന് 2000 രൂപ നിയമ പുസ്തകങ്ങൾ വാങ്ങാൻ 6250 രൂപ, മൂറിവാടകയിനത്തിൽ 3000 രൂപയും നൽകി വരുന്നു. അഭിഭാഷകനായി എൻ റോൾ ചെയ്ത് ഒരു മാസത്തിനകം നിശ്ചിത ഫോറത്തിലുള്ള അപേക്ഷ ജാതി, വരുമാന സർട്ടിഫിക്കറ്റ്, നിയമ ബിരുദ പരീക്ഷയുടെ സർട്ടിഫിക്കറ്റ്, ബാർ കൗൺസിലിന്റെ എൻറോൾമെന്റ് സാക്ഷ്യപത്രം എന്നിവയുടെ പകർപ്പ്, സീനിയർ അഭിഭാഷകന്റെ സാക്ഷ്യപത്രം എന്നിവ സഹിതം ജില്ലാ പട്ടികജാതി വികസന ആഫീസ്സർക്ക് നൽകേ താണ്.

3. **<u>സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചവർക്ക് അപ്രന്റീസ്ഷിപ്പ് പരിശീലനം</u>** : ഐ.ടി.ഐ., ഡിപ്ലോമ, എൻജിനീയറിംഗ് ഡിഗ്രി പാസ്സാകുന്ന പട്ടികജാതിയിൽപ്പെട്ടവർക്ക് അഡീഷണൽ അപ്രന്റീസ്ഷിപ്പിന് വേ ി ഒരു വർഷക്കാലത്തേയ്ക്ക് പ്രതിമാസ വേതനമായി യഥാക്രമം 2000/ രൂപ, 2500/ രൂപ, 3000/ രൂപ നിരക്കിലും സ്റ്റൈപ്പന്റ് നൽകുന്നു. ഈ പദ്ധതി പട്ടികജാതി വികസന ആഫീസ്സർ മുഖാന്തിരം നടപ്പിലാക്കി വരുന്നു.

4. **<u>സ്വയംപര്യാപ്ത ഗ്രാമങ്ങൾ</u>** : വികസന പ്രക്രിയയിൽ ഗണ്യമായ നേട്ടങ്ങളൊന്നും കൈവരിച്ചിട്ടില്ലാത്ത പട്ടികജാതി സങ്കേതങ്ങളുടെ വികസന ആവശ്യങ്ങൾ വിലയിരുത്തിയാണ് പദ്ധതി നിർവ്വഹണം നടപ്പിലാക്കുന്നത്. നാൽപ്പതിൽ കൂടുതൽ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന കോളനികളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. റോഡ് നിർമ്മാണം, വൈദ്യുതീകരണം, അഴുക്കുചാൽ നിർമ്മാണം, സോളാർ തെരുവ് വിളക്കുകൾ, ബയോഗ്യാസ് പ്ലാന്റ്, ഭവന പുനരുദ്ധാരണം എന്നിങ്ങനെയുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് പരമാവധി 1 കോടി രൂപയാണ് ഈ പദ്ധതി പ്രകാരം ഒരു സങ്കേതത്തിനായി ചെലവഴിക്കുന്നത്. എം.എൽ.എ.മാരുടെ നേരിട്ടുള്ള മേൽനോട്ടത്തിലാണ് പദ്ധതി നിർവ്വഹണം.

### 3. സാമൂഹ്യ ഉന്നമന പരിപാടികളും ക്ഷേമ പദ്ധതികളും

1. **<u>സാമുഹ്യ സുരക്ഷിതത്വ പരിപാടികൾ</u>**: സാമ്പത്തിക വികസനത്തോടൊപ്പംതന്നെ സാമുഹ്യ സുരക്ഷിതത്വ നടപടികളും ഒരു സമുഹത്തിന്റെ പുരോഗതിയ്ക്ക് അത്യാവശ്യമാണ്. പട്ടികജാതിക്കാരെ സംബന്ധിച്ചിടത്തോളം ഭരണഘടനയും മറ്റ് സംരക്ഷണ നിയമങ്ങളും അനുശാസിക്കുന്ന പൗരാവകാശങ്ങൾ ഉറപ്പു വരുത്തുന്നതിനും അവ ലംഘിക്കപ്പെടാതിരി
ക്കാനും പ്രത്യേക നിയമങ്ങൾ നടപ്പിലാക്കിയിട്ടു ്. അവയിൽ പ്രധാനപ്പെട്ടവയാണ് 1955ൽ പാർലമെന്റ് പാസ്സാക്കിയതും 1976ൽ ഭേദഗതി വരുത്തിയതുമായ 1955ലെ പൗരാവകാശ സംരക്ഷണ നിയമം.

പട്ടികജാതിക്കാരുടെ സാമൂഹിക സുരക്ഷിതത്വത്തിനായുള്ള ഒരു പ്രധാനപ്പെട്ട നിയമമാണ് 1989ൽ പാർലമെന്റ് അംഗീകരിച്ച **പട്ടികജാതിക്കാരോടുള്ള അതിക്രമങ്ങൾ തടയുന്നതിനുള്ള നിയമം.** അക്രമങ്ങളും കൈയേറ്റങ്ങളുമു ായാൽ അവ ഉടനെ തന്നെ അതാത് ജില്ലാ പോലീസ് സൂപ്ര ്/ ജില്ലാ പട്ടികജാതി വികസന

ആഫീസ്സർ/ ഡി.വൈ.എസ്.പി (എസ്.എം.എസ്)/ബന്ധപ്പെട്ട പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസ്സർ എന്നിവരെ രേഖാമൂലം അറിയിക്കേ ത്. അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് ആശ്വാസ ധനസഹായവും നിയമ സഹായവും നൽകുന്നു.

**2. വിവാഹ ധനസഹായം**: പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ മാതാപിതാക്കൾക്ക് വിവാഹ ധനസഹായ പദ്ധതി പ്രകാരം 75,000/ രൂപ ധനസഹായം അനുവദിച്ചു വരുന്നു. 1,00,000/ രൂപയാണ് കുടുംബ വാർഷിക വരുമാന പരിധി. ജാതി, വരുമാനം, പെൺകുട്ടിയുടെ പ്രായം എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ, വിവാഹ ക്ഷണക്കത്ത്, വിവാഹം നിശ്ചയിച്ചു എന്നതിനുള്ള സാക്ഷ്യപത്രം (സമുദായ സംഘടനയുടെ/ഗസറ്റഡ് ഓഫീസ്സറുടെ) എന്നിവ സഹിതം അപേക്ഷിക്കേ താണ്.

**3. മിശ്രവിവാഹിതർക്ക് ധനസഹായം** : മിശ്ര വിവാഹിതരായ ദമ്പതിമാർക്ക് (ഒരാൾ പട്ടികജാതിയും പങ്കാളി ഇതര സമുദായത്തിൽപ്പെട്ടതുമായിരിക്കണം) വിവാഹത്തെ തുടർന്ന് ഉ ാകുന്ന സാമൂഹിക പ്രശ്നങ്ങളെ അതിജീവിക്കുവാനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി 75,000/ രൂപ വരെ ധനസഹായം നൽകി വരുന്നു. ഈ പദ്ധതി അനുസരിച്ചുള്ള ധനസഹായത്തിന് നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷകൾ ആവശ്യമായ സർട്ടിഫിക്കറ്റുകൾ സഹിതം അതാത് ബ്ലോക്ക് പട്ടികജാതി വികസന ആഫീസ്സർക്ക് നൽകേ താണ്. വരുമാന പരിധി 1,00,000/ രൂപയാണ്. വിവാഹത്തിന് ഒരു വർഷത്തിന് ശേഷവും 3 വർഷത്തിനകവും അപേക്ഷിക്കണം.

**4. ഭൂരഹിത പുനരധിവാസ പദ്ധതി**:പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിതരായ കുടുംബങ്ങൾക്ക് ഗ്രാമപ്രദേശത്ത് കുറഞ്ഞത്5 സെന്റ് ഭൂമിയും മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിൽ 3 സെന്റ് ഭൂമിയെങ്കിലും വാങ്ങുന്നതിതിന് ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പരിധിയിൽ യഥാക്രമം 3,75,000/, 4,50,000/, 6,00,000/ രൂപ ക്രമത്തിൽ അനുവദിക്കുന്നു. ഗ്രാമസഭാ ലിസ്റ്റ് പ്രകാരമാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. ഗ്രാമസഭാ ലിസറ്റ് ഇല്ലാത്ത പ്രദേശങ്ങളിൽ പത്ര മാധ്യമങ്ങളിലൂടെ അപേക്ഷ ക്ഷണിച്ച് നറുക്കെടുപ്പിലൂടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു.

ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, സ്വാന്തമായി ഭൂമിയില്ലെന്ന് തെളിയിക്കുന്ന വില്ലേജ് ഓഫീസ്സറുടെ സാക്ഷ്യപത്രം, തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്ന് ഭൂമി വാങ്ങുന്നതിന് ധനസഹായം ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം എന്നിവ സഹിതം ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസ്സർക്ക് അപേക്ഷ നൽകേ താണ്. വാർഷിക പരിധി 50,000/ രൂപയും അപേക്ഷകന്റെ പ്രായപരിധി 55വയസ്സുമാണ്.

**5. ദുർബ്ബല വിഭാഗങ്ങളുടെ ഉന്നമനം**: ദുർബ്ബല വിഭാഗങ്ങളുടെ പുനരധിവാസ പദ്ധതി പ്രകാരം വേടൻ, നായാടി, ചക്ലിയ, കല്ലാടി, അരുന്ധതിയാർ എന്നീ വിഭാഗങ്ങളുടെ പുനരധിവാസത്തിനായി ഭൂമി, ഭവനം, ഭവന പുനരുദ്ധാരണം, ടോയ്‌ലറ്റ് എന്നീ പദ്ധതികൾക്കായി ധനസഹായം അനുവദിക്കുന്നു. കുറഞ്ഞത് 5 സെന്റ് ഭൂമിയെങ്കിലും വാങ്ങുന്നതിനും വീട് വെയ്ക്കുന്നതിനുമായി ധനസഹായം നൽകി വരുന്നു. പ്രായപരിധി55.

ജാതി, വരുമാനം, ഭൂമിയില്ലെന്ന വില്ലേജ് ഓഫീസ്സറുടെ സാക്ഷ്യപത്രം, തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്ന് ടി ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം എന്നിവ സഹിതം ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസ്സർക്ക് അപേക്ഷ നൽകേ  താണ്.

6. **ടോയ്‌ലറ്റ് നിർമ്മാണം:**പട്ടികജാതി കുടുംബങ്ങൾക്ക് ടോയ്‌ലറ്റ് നിർമ്മിക്കുന്നതിന് 25,000/ രൂപ വീതം ധനസഹായം നൽകുന്ന പദ്ധതിയാണിത്. ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പൽ/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസ്സർക്ക് അപേക്ഷ നൽകേ  താണ്.

**7. ഭവനനിർമ്മാണം ധനസഹായ പദ്ധതി:** പട്ടികജാതി വിഭാഗത്തിൽപ്പെട്ട സ്വന്തമായി ഭൂമിയുള്ള 50,000/ രൂപ വരുമാന പരിധിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 4,00,000/ രൂപ അനുവദിച്ചു വരുന്നു. ടി ധനസഹായ തുക 4 ഗഡുക്കളായി (60,000/, 1,20,000/, 1,60,000/, 60,000/) നിർമ്മാണ പുരോഗതിയ്ക്കനുസരിച്ച് ഓൺലൈനായി ബാങ്ക് വഴി വിതരണം ചെയ്തുവരുന്നു. ഗ്രാമസഭാ ലിസ്റ്റ് പ്രകാരമാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. ഗ്രാമസഭാ ലിസറ്റ് ഇല്ലാത്ത പ്രദേശങ്ങളിൽ പത്ര മാധ്യമങ്ങളിലൂടെ അപേക്ഷ ക്ഷണിച്ച് നറുക്കെടുപ്പിലൂടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു.

ഗ്രാമപ്രദേശത്ത് സ്വന്തമായി 2 സെന്റും നഗര പ്രദേശങ്ങളിൽ കുറഞ്ഞത് ഒന്നര സെന്റ് ഭൂമിയെങ്കിലും സ്വന്തമായുള്ള ഗ്രാമസഭാ ലിസ്റ്റിൽ ഉൾപ്പെട്ട ഭവന രഹിതർക്കാണ് ധനസഹായം അനുവദിക്കുന്നത്. ജാതി, വരുമാനം, കൈവശാവകാശ സർട്ടിഫിക്കറ്റുകൾ, വാസയോഗ്യമായ ഭവനമില്ലായെന്ന ബന്ധപ്പെട്ട അധികാരിയുടെ സാക്ഷ്യപത്രം തദ്ദേശ സ്ഥാപനങ്ങളിൽ നിന്ന് ഭവന നിർമ്മാണ ഗ്രാന്റ് ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം എന്നിവ സഹിതം ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസ്സർക്ക് അപേക്ഷ നൽകേ  താണ്. വരുമാന പരിധി50,000/- രൂപ.

**8. ദുരിതാശ്വാസ നിധി** : പിന്നോക്ക പട്ടികസമുദായ ക്ഷേമ മന്ത്രിയുടെ ഔദ്യോഗിക നാമധേയ ത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടു  . 50,000/ രൂപയിൽ താഴെ വാർഷിക വരുമാനമുള്ള പട്ടികജാതി കുടുംബങ്ങളിലെ വരുമാനദായകർ അത്യാസന്ന നിലയിൽ മരണപ്പെടുക, കുടുംബാംഗങ്ങൾക്ക് ദീർഘ ചികിത്സ ആവശ്യമായി വരിക, തീപ്പിടുത്തം, പ്രകൃതിക്ഷോഭം എന്നിവ മൂലം അത്യാവശ്യമായി ചെലവുകൾ വേ ി വരിക തുടങ്ങിയ അത്യാഹിത സന്ദർഭങ്ങളിൽ സാമ്പത്തിക സഹായം നൽകുന്നതാണ് ഈ പദ്ധതി.

ദുരിതാശ്വാസ നിധിയിൽ നിന്നും പരമാവധി 50000/ രൂപ വരെ സാമ്പത്തികസഹായം നൽകുന്നതാണ്. 10,000/ രൂപ വരെയുള്ള ധനസഹായം പട്ടികജാതി വികസന വകുപ്പ് ഡയറക്ടറും 50,000/ രൂപ വരെയുള്ള ധനസഹായം വകുപ്പ് സെക്രട്ടറിയും അനുവദിക്കുന്നതാണ്. ജാതി, ഗവ.ഡോക്ടറുടെ ചികിത്സയ്ക്ക് ഇതുവരെ എന്തു തുക ചെലവായി ഇനി എന്ത് തുക ചെലവ് വരും എന്ന് കാണിക്കുന്ന സർട്ടിഫിക്കറ്റ് റവന്യു അധികാരിയുടെ മുൻപ് ഇതേ ആവശ്യത്തിന് ധനസഹായം ലഭ്യമായിട്ടില്ലെന്ന സർട്ടിഫിക്കറ്റ് എന്നിവ സഹിതം നിശ്ചിത ഫോറത്തിൽ അപേക്ഷ ജില്ലാ പട്ടികജാതി വികസന ആഫീസ്സർക്കോ നേരിട്ട് ബഹു. പട്ടികസമുദായ

ക്ഷേമവകുപ്പ് മന്ത്രിയ്ക്കോ സമർപ്പിക്കേ താണ്. ഗുരുതര രോഗങ്ങൾക്ക് 1 ലക്ഷം രൂപ വരെ അനുവദിക്കുന്നതാണ്.

**9. <u>ഉദ്യോഗാർത്ഥികൾക്ക് യാത്രാബത്ത</u>** : പി.എസ്.സി., യു.പി.എസ്.സി., വിവിധ സർക്കാർ ഏജൻസികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവയുടെ പരീക്ഷകളിലും ഇന്റർവ്യൂവിലും പങ്കെടുക്കുവാൻ പോകുന്ന പട്ടികജാതി വിഭാഗം ഉദ്യോഗാർത്ഥികൾക്ക് അർഹമായ യാത്രാപ്പടി, ഹാജർ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അനുവദിക്കുന്നു. അപേക്ഷ സാക്ഷ്യപത്രങ്ങൾ ബന്ധപ്പെട്ട ഗ്രാമ/പഞ്ചായത്ത്/ മുനിസിപ്പൽ/ കോർപ്പറേഷൻ സെക്രട്ടറിയ്ക്ക് നൽകേ താണ്. തുക തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴിയാണ് വിതരണം ചെയ്യുന്നത്.

**10. <u>സാമൂഹ്യ ഐക്യദാർഢ്യപക്ഷാചരണം</u>** : പട്ടികജാതി പട്ടികവർഗ്ഗ ജനസമൂഹവും മുഖ്യധാരാ സമുദായങ്ങളും തമ്മിലുള്ള ബന്ധം കൂടുതൽ ഊഷ്മളവും ഇഴയടുപ്പവുമുള്ളതാക്കി തീർക്കുന്നതിന് ഗാന്ധിജയന്തി ദിനമായ ഒക്ടോബർ 2 മുതൽ 16 വരെ എല്ലാ വർഷവും സാമൂഹ്യ ഐക്യദാർഢ്യപക്ഷമായി ആചരിക്കുന്നു. ടി ആചരണ കാലത്ത് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ കൂടുതൽ ജനങ്ങളിലെത്തിക്കുന്നതിനും കോളനികൾ കേന്ദ്രീകരിച്ച് ശുചിത്വ പരിപാടികൾ, മെഡിക്കൽ ക്യാമ്പുകൾ, വിജ്ഞാന സദസ്സുകൾ, പ്രദർശനങ്ങൾ, പൂർത്തിയായ പദ്ധതികളുടെ ഉദ്ഘാടനങ്ങൾ, പുതിയ പദ്ധതികളുടെ ആരംഭം കുറിക്കൽ എന്നിവ നടത്തുന്നു.

**11. <u>ഭവന പുനരുദ്ധാരണം/അഡീഷണൽ റൂം പദ്ധതി</u>** : ഭവന നിർമ്മാണത്തിന് സർക്കാരിൽ നിന്ന് ധനസഹായം കൈപ്പറ്റിയിട്ടുള്ളവരും എന്നാൽ കേടുപാടുകൾ സംഭവിച്ച (5 വർഷത്തിനും 25 വർഷത്തിനുമിടയിൽ പഴക്കമുള്ള വീടുകൾക്ക്) ഭവനത്തിൽ താമസിക്കുന്ന പട്ടികജാതി കുടുംബത്തിന് ഭവന പുനരുദ്ധാരണത്തിന് പുതിയതായി ഒരു മുറി കൂടി നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നു. പ്ലാൻ, എസ്റ്റിമേറ്റ് എന്നവിയുടെ അടിസ്ഥാനത്തിൽ പരമാവധി 50000/- രൂപ അനുവദിക്കുന്നു. വരുമാന പരിധി 50,000/- രൂപ. ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, വീടിന്റെ പഴക്കം സംബന്ധിച്ച സർട്ടിഫിക്കറ്റ്, മറ്റ് ഏജൻസികളിൽ നിന്നും ഇതേ ആവശ്യത്തിന് ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന സർട്ടിഫിക്കറ്റ് സഹിതം അപേക്ഷ ബന്ധപ്പെട്ട പട്ടികജാതി വികസന ആഫീസ്സർക്ക് നൽകേ താണ്.

**12. <u>വിജ്ഞാൻവാടി</u>** :പട്ടികജാതി വിദ്യാർത്ഥികളുടെയും യുവക്കാളുടെയും ഉന്നമനം ലക്ഷ്യമാക്കി ആനുകാലിക വിജ്ഞാന സമ്പാദനത്തിനും മത്സര പരീക്ഷകൾക്ക് ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നതിനും സഹായകമാകുന്ന കേന്ദ്രങ്ങളാണ് വിജ്ഞാൻവാടികൾ. ഇന്റർനെറ്റ് സൗകര്യത്തോടു കൂടിയ കമ്പ്യൂട്ടർ, വായനശാല എന്നിവ സജ്ജീകരിച്ചുകൊ ് പട്ടികജാതി സങ്കേതങ്ങളോടനുബന്ധിച്ചാണ് വിജ്ഞാൻവാടികൾ സ്ഥാപിക്കുക. ഇതിനുള്ള കെട്ടിടം നിർമ്മിക്കുവാനുള്ള ഫ ് സഹിതം ഈ പദ്ധതി നടപ്പാക്കി വരുന്നു. സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ഇത് നടപ്പാക്കുകയാണ് ലക്ഷ്യം.

**13. <u>ഹോമിയോ ഹെൽത്ത് സെന്റർ</u>** : സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 29 പട്ടികജാതി സങ്കേതങ്ങളോടനുബന്ധിച്ച് ഹോമിയോ ഹെൽത്ത് സെന്ററുകൾ സ്ഥാപിച്ചിട്ടു ്. ര ര കിലോമീറ്റർ ചുറ്റളവിൽ മറ്റ് ആരോഗ്യ പരിപാലന കേന്ദ്രങ്ങളില്ലാത്ത പട്ടികജാതി സങ്കേതങ്ങളാണ് ഇതിലേയ്ക്ക് തെരഞ്ഞെടുത്തിട്ടുള്ളത്.

14. **<u>വിദേശത്ത് തൊഴിൽ നേടുന്നതിന് സാമ്പത്തികസഹായം</u>** : അഭ്യസ്ത വിദ്യരും ഏതെങ്കിലും തൊഴിൽ മേഖലയിൽ നൈപുണ്യവും പരിശീലനവും ലഭിച്ച പട്ടികജാതി യുവതീ യുവാക്കൾക്ക് വിദേശത്ത് തൊഴിൽ നേടുന്നതിന് യാത്രയ്ക്കും വിസ സംബന്ധമായ ചെലവുകൾക്കുമായി 1 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു. ഇന്ത്യൻ പാസ്പോർട്ട്, വിദേശ തൊഴിൽ ദാതാവിൽ നിന്നും ലഭിച്ച തൊഴിൽ കരാർപത്രം, വിസ എന്നിവ സഹിതം അപേക്ഷ നൽകേ താണ്. വാർഷിക വരുമാന പരിധി 2,50,000/- രൂപയിൽ താഴെ. പ്രായപരിധി 20നും 45 നും മദ്ധ്യേ.

15. **<u>ഉൽപ്പന്ന പ്രദർശന വിപണന മേള (ഗദ്ദിക)</u>** : പട്ടികജാതിക്കാരുടെ പാരമ്പര്യ ഉൽപ്പന്നങ്ങൾക്കും പട്ടികജാതി സ്വയംസഹായ സംഘങ്ങളുടെ ഉൽപ്പന്നങ്ങൾക്കും വിപണി ക ത്തുന്നതിന് സഹായകരമായ രീതിയിൽ സംസ്ഥാനാടിസ്ഥാനത്തിൽ ഒരു വർഷം ര ് സ്ഥലങ്ങളിലായി വിപണന മേള സംഘടിപ്പിക്കുന്നു. സ്റ്റാൾ സൗജന്യമായി അനുവദിക്കുന്നു. ഉൽപ്പന്നങ്ങൾ സ്റ്റാളിലെത്തിക്കുന്നതിനുള്ള വാഹന വാടക, സ്റ്റാളിൽ നിൽക്കുന്നവർക്ക് പ്രതിദിന ബത്ത, ഭക്ഷണം എന്നിവ നൽകുന്നു. അപേക്ഷകൾ ചീഫ് പബ്ലിസിറ്റി ഓഫീസ്സർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം എന്ന വിലാസത്തിൽ ലഭ്യമാക്കേ താണ്.

16. **<u>സർഗോത്സവം</u>**: സംസ്ഥാന സ്ക്കൂൾ കലോത്സവത്തിൽ എ ഗ്രേഡ് നേടിയ പട്ടികജാതിയിൽപ്പെട്ട കലാപ്രതിഭകൾക്ക് 10,000/- രൂപ പ്രോത്സാഹനമായി നൽകുന്ന പദ്ധതി.

17. **<u>ഡോ. ബി. ആർ. അംബേദ്കർ മാധ്യമ അവാർഡ്</u>** : പട്ടിക വിഭാഗത്തിൽ ഉൾപ്പെടുന്ന സമുദായങ്ങളെ സംബന്ധിക്കുന്ന ഏറ്റവും മികച്ച മാധ്യമ റിപ്പോർട്ടുകൾക്കും ഫീച്ചറുകൾക്കും ഡോ.ബി.ആർ. അംബേദ്കർ മാധ്യമ അവാർഡ് നൽകുന്നു. അച്ചടി, ദൃശ്യ, ശ്രവ്യ മാധ്യമങ്ങളിലെ മികച്ച റിപ്പോർട്ടുകൾക്കാണ് അവാർഡ്. അച്ചടി മാധ്യമങ്ങളിലെ റിപ്പോർട്ടിന് 30,000/- രൂപയും, ഫലകവും, റേഡിയോ മാധ്യമങ്ങളിലെ റിപ്പോർട്ടിന് 15,000/- രൂപയും, ഫലകവുമാണ് അവാർഡായി നൽകുന്നത്.

18. **<u>എഫ്. സാഹിത്യകാരന്മാരുടെ കൃതികൾ പ്രസിദ്ധീകരിക്കുന്നതിന് ധനസഹായം</u>** :

അയിത്തോച്ചാടന പരിപാടികളുടെ ഭാഗമായി പട്ടികജാതിയിൽപ്പെട്ട സാഹിത്യകാര ന്മാരുടെ പ്രസിദ്ധീകരണ യോഗ്യമായ തെരഞ്ഞെടുക്കപ്പെടുന്ന കൃതികൾ സാഹിത്യ പ്രവർത്തക സഹകരണ സംഘം വഴി കൃതിയുടെ ആയിരം കോപ്പികൾ പ്രസിദ്ധീകരി ക്കുന്നതിനായി യഥാർത്ഥ ചെലവോ 20,000/- രൂപയോ ഏതാണോ കുറവ് അത് ധനസഹായമായി ഒരു സാഹിത്യകാരന് നൽകുന്നു. ഈ ധനസഹായത്തിന് അപേക്ഷ ക്ഷണിച്ചു കൊ ുള്ള വിജ്ഞാപനം മാധ്യമങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്ന മുറയ്ക്ക് വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ തിരുവനന്തപുരത്തുള്ള പട്ടികജാതി വികസന വകുപ്പ് ചീഫ് പബ്ലിസിറ്റി ആഫീസ്സറെ ഏൽപ്പിക്കേ താണ്. അപേക്ഷയോടൊപ്പം പ്രസിദ്ധപ്പെടുത്താൻ ഉദ്ദേശിക്കുന്ന കൃതിയുടെ വെള്ളക്കടലാസിൽ ടൈപ്പ് ചെയ്ത ഒരു കോപ്പി അച്ചടിക്കാൻ തയ്യാറാണെന്ന് കാണിക്കുന്ന സാക്ഷ്യപത്രം എന്നിവ ഹാജരാക്കേ താണ്. കൃതി തെരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കേ താണ്.

**19. <u>പടവുകൾ മാസിക</u>** : പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ പ്രവർത്തനങ്ങൾ സാധാരണ ജനങ്ങളിൽ എത്തിക്കുന്നതിനും പട്ടികജാതി വിഭാഗക്കാരുടെ സർഗ്ഗ വാസനകളെ പ്രോത്സാഹിപ്പിക്കുന്നതിനുമായി പടവുകൾ എന്ന പേരിൽ ഒരു ദ്വൈമാസിക വകുപ്പ് പുറത്തിറക്കുന്നു. കോപ്പികൾ ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസ്സുകളിൽ നിന്നും ചീഫ് പബ്ലിസിറ്റി ഓഫീസ്സിൽ നിന്നും ലഭ്യമാക്കേ താണ്.

**20. <u>സാഹിത്യ ശിൽപ്പശാല</u>** : പട്ടികജാതി പട്ടികവർഗത്തിലും ഇതര വിഭാഗത്തിലുംപെട്ട സാഹിത്യകാരന്മാരുടെ സാഹിത്യ വാസന പരിപോഷിപ്പിക്കുന്നതിനായി വർഷം തോറും സാഹിത്യ ശിൽപ്പശാല സംഘടിപ്പിക്കുന്നു. ഭാഷയുടെ വികാസ പരിണാമങ്ങൾ, സാഹിത്യത്തിലെ അനുഭവം എന്നീ വിഷയങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും അതുവഴി സാംസ്കാരിക ശാക്തീകരണം ഉറപ്പാക്കലുമാണ് ശിൽപ്പശാലയുടെ ഉദ്ദേശം. 18 മുതൽ 35 വയസ്സു വരെ പ്രായമുള്ള പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കാണ് പ്രവേശനം. ആകെ 50 പേർക്ക് ശിൽപ്പശാലയിൽ പങ്കെടുക്കാവുന്നതാണ്. സൗജന്യ താമസം, ഭക്ഷണം, യാത്രാ ബത്ത എന്നിവ നൽകുന്നു.

**21. <u>അംബേദ്കർ ജയന്തി/അയ്യങ്കാളി ജയന്തി</u>** : ഭരണ ഘടനാ ശിൽപ്പി ഡോ. അംബേദ്കറുടെ ജന്മദിനം ഏപ്രിൽ 14-ാം തീയതിയും കേരള അധഃസ്ഥിത വർഗ്ഗത്തിന്റെ വിമോചന പോരാളി ശ്രീ. അയ്യങ്കാളിയുടെ ജന്മദിനം ആഗസ്റ്റ് 28-ാം തീയതിയും വിവിധ പരിപാടികളോടെ വകുപ്പ് ആചരിക്കുന്നു.

**22. <u>അംബേദ്കർ ഭവൻ</u>** : ഇന്ത്യൻ ഭരണ ഘടനയുടെ ശിൽപ്പിയായ ഡോ. ബി.ആർ. അംബേദ്കർ ഭവൻ എന്ന പേരിൽ ഒരു പഠന ഗവേഷണ കൺവെൻഷൻ സെന്റർ സ്ഥാപിതമായത്. പോസ്റ്റ്മെട്രിക് ഹോസ്റ്റൽ, പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ എന്നീ സ്ഥാപനങ്ങളും നിർമ്മിച്ചിട്ടു ്. അന്താരാഷ്ട്ര നിലവാരത്തിൽ പൂർത്തിയാക്കിയ അംബേദ്കർ ഭവൻ വകുപ്പിന്റെ പദ്ധതി ആസൂത്രണത്തിന് വഴികാട്ടിയാകുന്ന നിലയിൽ പ്രയോജനപ്പെടുത്തുക യാണ് ലക്ഷ്യം. സിവിൽ സർവ്വീസ് പരിശീലന കേന്ദ്രം (കളഋഠട), പട്ടികജാതി വിഭാഗക്കാരിൽ നിന്നും യുവ സംരംഭകരെ ക ത്തുന്നതിനായി start up dreams പ്രോജക്ക് എന്നിവ ഇവിടെ പ്രവർത്തനം ആരംഭിച്ചിട്ടു ്.

**23. <u>അയ്യങ്കാളി ഭവൻ</u>** : അധഃസ്ഥിത ജന വിഭാഗത്തിന്റെ ഉന്നമനത്തിനായി പ്രവർത്തിച്ച സാമൂഹിക പരിഷ്കർത്താവായ ശ്രീ. അയ്യങ്കാളിയുടെ നാമധേയത്തിൽ തിരുവനന്തപുരം വെള്ളയമ്പലത്ത് പ്രവർത്തിക്കുന്ന സ്ഥാപനമാണിത്. പട്ടികജാതി വികസന വകുപ്പിന്റെ ഡയറക്ടറേറ്റ്, തിരുവനന്തപുരം ജില്ലാ പട്ടികജാതി വികസന ആഫീസ്സ്, ദക്ഷിണമേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസ്, ചീഫ് പബ്ലിസിറ്റി ഓഫീസ്, ദക്ഷിണമേഖലാ ട്രെയിനിംഗ് ഇൻസ്പെക്ടറുടെ ഓഫീസ് എന്നി ഈ സമുച്ചയത്തിൽ പ്രവർത്തിക്കുന്നു. കൂടാതെ പട്ടികജാതി-പട്ടിക ഗോത്ര വർഗ്ഗ കമ്മീഷൻ, കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ ജില്ലാ ഓഫീസ്സ്, പിന്നോക്ക സമുദായ വികസന വകുപ്പിന്റെ ഡയറക്ടറേറ്റ് എന്നിവ പ്രവർത്തിക്കുന്നത് അയ്യങ്കാളി ഭവനിലാണ്.

**അതിക്രമം തടയൽ നിയമം – അതിക്രമങ്ങൾക്ക് ഇരയായവർക്ക് ധനസഹായ വിതരണം**

ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 17ൽ പറയുന്ന തൊട്ടുകൂടായ്മ നിർത്തലാക്കൽ എന്നതിനെ അടിസ്ഥാനമാക്കി ഇന്ത്യൻ പാർലമെന്റ് 1989ൽ പാസ്സാക്കിയ നിയമമാണ് പട്ടികജാതി/പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമം 1989, നിയമത്തിൽ കുറ്റകരമായ അതിക്രമങ്ങൾ എന്തൊക്കെയാണെന്നും അതിക്രമത്തിന് ഇരയാകുന്നവർക്ക് അല്ലെങ്കിൽ ആശ്രിതർക്ക് ഓരോന്നിനും ലഭിക്കേ സാമ്പത്തിക ആനുകൂല്യം എത്രയാണെന്നും അത് ഏത് ഘട്ടത്തിലാണ് നൽകേ തെന്നും വ്യക്തമാക്കിയിട്ടു ്.

ജില്ലാ മജിസ്ട്രേറ്റുമാർ (ജില്ലാ കളക്ടർമാർ) അദ്ധ്യക്ഷനായുള്ള ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി 3 മാസത്തിൽ ഒരിക്കൽ യോഗം ചേരുന്നു. ഈ നിയമവുമായി ബന്ധപ്പെട്ട കേസ്സുകളുടെ നടത്തിപ്പ് പരിശോധിക്കുന്നു.

ജില്ലാ പോലീസ് മേധാവികൾ (സിറ്റി & റൂറൽ) ലഭ്യമാക്കുന്ന അന്തിമ റിപ്പോർട്ടുകൾ പരിശോധിച്ച് ജഛഅ അരേ പ്രകാരമുള്ള വകുപ്പുകളുടെ അടിസ്ഥാനത്തിൽ അതിക്രമത്തിന് ഇരയായവർക്ക് ധനസഹായം നൽകി വരുന്നു.

..........................................

കേരള സർക്കാർ
വനിതാ ശിശുവികസന വകുപ്പ്
ജില്ലാതല ഐ..സി.ഡി.എസ്. സെൽ
എറണാകുളം

<u>സംയോജിത ശിശുവികസന സേവന പദ്ധതി (ഐ.സി.ഡി.എസ്)</u>

1975 ഒക്ടോബർ 2 ന് ആരംഭിച്ചു

**<u>സേവനങ്ങൾ</u>**

- അനുപൂരക പോഷകാഹാരം
- രോഗ പ്രതിരോധ കുത്തിവയ്പ്പുകൾ
- ആരോഗ്യ പരിശോധന
- റഫറൽ സർവീസ്
- ആരോഗ്യ പോഷണ വിദ്യാഭ്യാസം
- അനൗപചാരിക പ്രീ സ്കൂൾ വിദ്യാഭ്യാസം
- 2013 ജനുവരി 1 ഐ.സി.ഡി.എസ്. മിഷൻ മോഡ്

<u>ലക്ഷ്യങ്ങൾ</u>

- 0–6 വയസ്സ് വരെ പ്രായമുള്ള കുട്ടികളുടെ ആരോഗ്യ- പോഷണ നിലവാരം ഉയർത്തുക
- കുട്ടികളുടെ മാനസിക–ശാരീരിക –സാമൂഹിക വികാസത്തിന് അടിത്തറ പാകുക
- രോഗതുരത മരണ നിരക്ക് പോഷണ ന്യൂനത, സ്കൂളിൽ നിന്നുള്ള കൊഴിഞ്ഞു പോക്ക് എന്നിവ കുറയ്ക്കുക
- കുട്ടികളുടെ വികസനം ലക്ഷ്യമാക്കി വിവിധ വകുപ്പു കളുടെ നയങ്ങളും,പദ്ധതികളുടെ നിർവഹണവും തമ്മിലുള്ള ഏകോപനം നടത്തുക
- ശരിയായ ആരോഗ്യ പോഷണ വിദ്യഭ്യാസം അമ്മമാർക്ക് നൽകി കുഞ്ഞുങ്ങളുടെ സാധാരണ ഗതിയിലുള്ള ആരോഗ്യവും, പോഷണ നിലവാരവും സംരക്ഷിക്കുന്നതിനുള്ള അവരുടെ ശേഷി വർദ്ധിപ്പിക്കുക.
    - 2017 ഒക്ടോബർ – അംബ്രല്ലാ ഐ.സി.ഡി.എസ്. സ്കീം

- അങ്കണവാടി സർവീസസ് പദ്ധതി
- പ്രധാൻ മന്ത്രി മാതൃ വന്ദന യോജന
- നാഷണൽ ക്രഷ് സ്കീം
- സ്കീം ഫോർ അഡോളസന്റ് ഗേൾസ്
- ശിശു സംരക്ഷണ പദ്ധതി
- പോഷൺ അഭിയാൻ( ന്യൂട്രീഷൻ മിഷൻ)

ഐ.സി.ഡി.എസ്. ഗുണഭോക്താക്കൾ (കേരളം)

| ക്രമ നമ്പർ | ഗുണഭോക്തൃ തരം | ലഭി  ുന്ന സേവനങ്ങൾ |
|---|---|---|
| 1 | 6 മാസം – 3 വയസ് (ꤙട്ടികൾ) | അമൃതം ന}ട്രി മിക്സ് ,,ആരോഗ്യ പരിശോധന റഫറൽ സർവീസ്, രോഗ പ്രതിരോധ ꤙത്തിവയ്പ്പുകൾ |
| 2 | 3 വയസ്– 6 വയസ് (ꤙട്ടികൾ) | 3 നേരം അꤚ പൂരക പോഷകാഹാരം, ആരോഗ്യ പരിശോധന,റഫറൽ സർവ്വീസസ്, രോഗ പ്രതി രോധ ꤙത്തിവയ്പ്പുകൾ, അനൗപചാരിക പ്രീ സ്കൂൾ വിദ്യാഭ്യാസം |
| 3 | ഗർഭിണികൾ | 1 നേരം അꤚ പൂരക പോഷകാഹാരം, ആരോഗ്യ പരിശോധന, റഫറൽ സർവ്വീസ്, രോഗപ്രതിരോധ ꤙത്തിവയ്പ്പുയ്കൾ, ആരോഗ്യ പോഷണ വിദ്യാഭ്യാസം |
| 4 | പാലൂട്ടുന്ന അമ്മമാർ | 1 നേരം അꤚ പൂരക പോഷകാഹാരം, ആരോഗ്യ പരിശോധന, റഫറൽ സർവ്വീസ്, ആരോഗ്യ പോഷണ വിദ്യാഭ്യാസം |
| 5 | കൗമാരപ്രായക്കാരായ പെൺꤙട്ടികൾ | 1 നേരം അꤚ പൂരക പോഷകാഹാരം, ആരോഗ്യ പരിശോധന,ജീവിത നൈപുണി, ആരോഗ്യ പോഷണ വിദ്യാഭ്യാസം |

## പ്രധാന പദ്ധതികൾ

### 1. പ്രധാന മന്ത്രി മാതൃ വന്ദന യോജന

ആദ്യ പ്രസവത്തിന് പരമാവധി 5000/– രൂപ വരെ ലഭി  ുി  .  പദ്ധതി നിബന്ധനകൾക്ക് വിധേയമായി 3 ഗഡുക്കളായാണ് തുക ലഭി  ുന്നത്

### 2.ꤙഞ്ഞുങ്ങളുടെ ആദ്യ ആയിരം ദിവസങ്ങൾ

ഓരോ ജില്ലയിലും ഒꤚ  ഐ.സി.ഡി.എസ്.പ്രോജക്ട് തെരഞ്ഞെടുത്ത് നടപ്പാക്കി  വꤚന്നു. ഗർഭധാരണം മുതൽ ꤙഞ്ഞിന് 2 വയസ് തികയുന്നത് വരെയുള്ള കാലഘട്ടത്തിന്റെ ( 270+ 365+365 ദിവസം) പ്രധാന്യത്തിന് ഊന്നൽ നൽകി ꤙഞ്ഞിന്റെ സമ്പൂർണ്ണ വികാസത്തിꤚ ള്ള പാക്കേജ് നടപ്പാꤙ  ി  .

### 3.ബേഠി ബച്ചാവോ ബേഠി പഠാവോ

പെൺꤙട്ടികളുടെ വിദ്യാഭ്യാസവും സാമൂഹിക–സാമ്പത്തിക ശാക്തീകരണവും ലക്ഷ്യമാꤙ  ി  .

### 4,മാതൃ ജ്യോതി

കാഴ്ച ശക്തിയില്ലാത്ത സ്ത്രീകൾക്ക് പ്രസവാനന്തരം പ്രതിമാസം 2000/– രൂപ വീതം ꤙഞ്ഞിന് 2 വയ്സ്സ് പൂർത്തിയാꤙന്നത് വരെ നൽꤙി  .

### 5. വിധവ പുനർവിവാഹ ധന സഹായം

നിയമാനുസൃത വിവാഹ മോചിതകൾ/വിധവകളുടെ പുനർ വിവാഹത്തിനായി 25000/– രൂപ നൽകി വꤚ ി

6.വനിത ഗൃഹനാഥകളുടെ æടുംബങ്ങളിലെ æട്ടികൾÇ  ള്ള സ്കോളർഷിപ്പ്

ഭർത്താവ് ഉപേക്ഷിച്ചതോ രോഗ ബാധിതനായതിനാൽ æടുംബം നോക്കാൻ പ്രാപ്തിയില്ലാത്തതായ ഭർത്താവു ഉള്ളതോ, ആയതിനാൽ ഗൃഹനാഥകളായിരിl ുന്ന സ്ത്രീകളുടെ æടുംബങ്ങളിലെ 2 æട്ടികൾക്ക് പ്രീ സ്കൂൾ മുതൽ ബിê ദാനന്തര ബിê ദം വരെ സ്കോളർഷിപ്പ് നൽæി .

7 സൈക്കോ സോഷ്യൽ സർവീസ്

സർക്കാർ സ്കൂളുകളിലെ കൗമാരക്കാരായ പെൺæട്ടികൾÇ ള്ള കൗൺസിലിംഗ് സേവനങ്ങൾ നൽæി .

**കേരള സാമൂഹ്യ സുരക്ഷ മിഷൻ ഐ.സി.ഡി.എസ്. മുഖേന നടപ്പാÇന്ന പദ്ധതികൾ**

1.ആശ്വാസ കിരണം

കിടപ്പ് രോഗികൾ/മാനസിക രോഗികൾ/അന്ധർ/മാനസിക വെല്ലുവിളികൾ നേരിടുന്നവർ എന്നിവരെ പരിചരിÇ  ന്നവർÇ  ള്ള പ്രതിമാസ ധന സഹായ പദ്ധതി

2.സ്നേഹ പൂർവ്വം

മാതാപിതാക്കൾ /മാതാവിനേയോ/പിതാവിനേയോ നഷ്ടപ്പെട്ട æട്ടികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതി

3.സമാശ്വാസം–1

പ്രതിമാസം ഒê ഡയാലിസിസ് എങ്കിലും ചെയ്യേ l വê ന്ന വൃക്ക രോഗികൾÇ ള്ള പ്രതിമാസ ധന സഹായ പദ്ധതി 1100 രൂപ

4.സമാശ്വാസം 2

കിഡ്നി/കരൾ മാറ്റി വl പ്പെട്ടവർÇ  ള്ള പ്രതിമാസ ധന സഹായ പദ്ധതി 1000/- രൂപ

5.സമാശ്വാസം 3

ഹീമോഫീലിയ & അë ബന്ധ രോഗങ്ങൾ ബാധിച്ചവർÇ ള്ള പ്രതിമാസ ധന സഹായം 1000/- രൂപ

6.സമാശ്വാസം4

പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടാത്ത സിക്കിൾ സെൽ അനീമിയ ബാധിതർÇ ള്ള പ്രതിമാസ ധന സഹായം 2000/-രൂപ

7.ശ്രുതി തരംഗം

0–5 വയസ്സ് പ്രായമുള്ള ꯓട്ടികൾക്കായുള്ള കോക്ലിയർ ഇം പ്ലാന്റേഷൻ പദ്ധതി

8.സ്നേഹ സാന്ത്വനം

എൻഡോ സൾഫാൻ ദുരന്ത ബാധിതർϚ ള്ള പ്രതിമാസ ധന സഹായ പദ്ധതി

9.സ്നേഹ സ്പർശം

65 വയസ്സിൽ താഴെയുള്ള അവിവാഹിതകളായ അമ്മമാർϚ ള്ള പ്രതിമാസ ധന സഹായ പദ്ധതി

ꯓട്ടികൾϚ ള്ള മറ്റു പദ്ധതികൾ

1.ക്യാൻസർ സുരക്ഷ

18 വയസ്സിൽ താഴെയുള്ള ꯓട്ടികളുടെ ക്യാൻസർ ചികിൽസിᎥ ുള്ള പദ്ധതി

2.താലോലം

മാരകരോഗ ബാധിതരായ ꯓട്ടികൾϚ ള്ള ചികിൽസ പദ്ധതി

ഐ.സി.ഡി.എസ്. ഗുണഭോക്താക്കൾ കേരളം

ലഭിᎥ ുന്ന സേവനങ്ങൾ

| ക്രമ നമ്പർ | ഗുണഭോക്തൃ തരം | ലഭിᎥ ുന്ന സേവനങ്ങൾ |
|---|---|---|
| 1 | 6 മാസം – 3 വയസ് (ꯓട്ടികൾ) | അമൃതം ന}ട്രി മിക്സ് ,ആരോഗ്യ പരിശോധന റഫറൽ സർവീസ്, രോഗ പ്രതിരോധ ꯓത്തിവയ്പ്പുകൾ |
| 2 | 3 വയസ്– 6 വയസ് (ꯓട്ടികൾ) | 3 നേരം അᏋ പൂരക പോഷകാഹാരം, ആരോഗ്യ പരിശോധന,റഫറൽ സർവ്വീസസ്, രോഗ പ്രതി രോധ ꯓത്തിവയ്പ്പുകൾ, അനൗപചാരിക പ്രീ സ്കൂൾ വിദ്യാഭ്യാസം |
| 3 | ഗർഭിണികൾ | 1 നേരം അᏋ പൂരക പോഷകാഹാരം, ആരോഗ്യ പരിശോധന, റഫറൽ സർവ്വീസ്, രോഗപ്രതിരോധ ꯓത്തിവയ്പ്പുയ്കൾ, ആരോഗ്യ പോഷണ വിദ്യാഭ്യാസം |
| 4 | പാലൂട്ടുന്ന അമ്മമാർ | 1 നേരം അᏋ പൂരക പോഷകാഹാരം, ആരോഗ്യ പരിശോധന, റഫറൽ സർവ്വീസ്, ആരോഗ്യ പോഷണ വിദ്യാഭ്യാസം |
| 5 | കൗമാരപ്രായക്കാരായ പെൺꯓട്ടികൾ | 1 നേരം അᏋ പൂരക പോഷകാഹാരം, ആരോഗ്യ പരിശോധന,ജീവിത നൈപുണി, ആരോഗ്യ പോഷണ വിദ്യാഭ്യാസം |

...............................................